# പ്രാമാണികമായ പ്രാർത്ഥനകൾ

ഖുർആനിന്റെയും സ്വഹീഹായ സുന്നത്തിന്റെയും അടിസ്ഥാനത്തിലുള്ള ദിക്റുകളും ദുആകളും

# الأدعية والأذكار

## من الكتاب والسنة الصحيحة

قام بتأليفه : محمد بورايل

رقم التصريح / أ ع ش / ١٨٨٠ بتاريخ ٢ / ١١ / ٢٠٠٢م

أمانة الهدى الخيرية

كاياكودي - كيرالا - الهند

Skip to Index»

# മുന്നറിയിപ്പ് !

- പരലോകരക്ഷക്ക് വായിച്ചു പഠിക്കാനും അതനുസരിച്ച് അമൽ ചെയ്ത് സ്വർഗം നേടാനുമുദ്ദേശിക്കുന്നവർക്ക് - വ്യക്തിപരമായ പഠനാവശ്യത്തിന് - ഈ കൃതി ഡൌൺലോഡ് ചെയ്ത് പ്രിന്റെടുക്കാവുന്നതാണ്.
- എന്നാൽ കൃതിയുടെ ഉള്ളടക്കത്തിൽ യാതൊരു കാരണവശാലും കൈകടത്താൻ പാടുള്ളതല്ല.
- ബിസിനസ് ആവശ്യാർത്ഥം ഇത് ഡൌൺലോഡ് ചെയ്യാനോ ഉള്ളടക്കത്തിൽ മാറ്റം വരുത്തിക്കൊണ്ടോ മാറ്റം വരുത്താതെയോ അച്ചടിക്കാനോ പാടുള്ളതല്ല.
- പരലോകത്തെ പ്രതിഫലം ആഗ്രഹിച്ചു കൊണ്ട് ഇതേപടി റീപ്രിന്റ് ചെയ്ത് വിതരണം ചെയ്യണമെന്നുള്ളവർ താഴെ വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

alhuda.salafi.ct@ gmail.com

01-02-2020 —ഗ്രന്ഥ

Skip to Index»

# പ്രാമാണികമായ പ്രാർത്ഥനകൾ

(പരിഷ്കരിച്ച പതിപ്പ്)

മുഹെമ്മദ് കൊടിയത്തൂർ

അൽഹുദാ സലഫി ചാരിറ്റബിൾ ട്രസ്റ്റ്
കായക്കൊടി

Skip to Index»

(جميع الحقوق محفوظة)

ويحظر طبع أو تصوير أو ترجمة أو إعـادة تنضيد الكتاب كاملا أو مجزأ أو تسجيلـه على أشرطة كاسيت أو إدخاله على الكمبيوتر أو برمجته على أسطوانات ضوئية إلا بموافقة خطية من المؤلف.

*No Part of this book may be translated, reproduced, distributed in any form or by any means, or stored in a database or retrival system,without the prior written permission of the compiler.*

*(Malayalam)*

*Praamaanikamaaya Praarthanakal*

*Compiled by* : *Muhammed Kodiyathur*

*Publishers* : *AlHuda Salafi Charitable Trust, Kayakkodi, Kerala, India.673519*

*Printed at* : *Speed Offset Printers, Kerala.India*

*DTP& Cover* : Sahl Mon

*First Published* : *2002*

*Revised Edition* : *2019*

*New Edition* : *2020 Jan.*

*(Rights Reserved)* : *alhuda.salafi.ct@gmail.com*

*Ahsctkykd.No.28/Hyd/10/2019*

# മുഖവുര

إنَّ الحمـــد لله، نحمـــدُه ونســـتعينه ونســـتغفره، ونعـــوذُ بالله مـــن شرورِ أنفسنا، وسيئاتِ أعمالِنا، من يهدِهِ الله فلا مضل له، ومن يضللْ فلا هاديَ له، وأشهدُ أن لا إله إلا الله وحدَه لا شريك له وأشهدُ أن محمداً عبدُه ورسولُه.

അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് അല്ലാഹുവിന് (മാത്രം)ഇബാദത്ത് ചെയ്യാൻവേണ്ടിയാണ്. അതാണ് സ്രഷ്ടാവായ റബ്ബിനോട് സൃഷ്ടികൾക്കുള്ള കടപ്പാടിന്റെ ഒറ്റവാക്ക്.

ഇബാദത്ത് സ്രഷ്ടാവായ റബ്ബിന് മാത്രം സമർപ്പിക്കുന്നവരും അല്ലാത്തവരും തമ്മിലുള്ള വേർതിരിവിന്റെ ചരിത്രമാണ് സൂക്ഷ്മവിശകലനത്തിൽ നൂഹ് നബി(عليه السلام) മുതൽ മുഹമ്മദ് നബി(ﷺ)വരെയുള്ള മുർസലുകളുടെയും അവരുടെ ജനതകളുടെയും.

അല്ലാഹുവല്ലാതെ സ്രഷ്ടാവില്ല എന്നല്ല, لَا إِلَهَ إِلَّا اللهُ എന്നതിന്റെ അർത്ഥം. കാരണം, അതിൽ തർക്കം അന്നു മുതൽ ഇന്നുവരെ അധികമാർക്കുമില്ല. അല്ലാഹുവല്ലാതെ ആരാധ്യനായി ആരുമില്ല എന്നുമല്ല. കാരണം, അല്ലാഹുവല്ലാതെ ധാരാളം ആരാധ്യന്മാർ അന്നും ഇന്നുമുണ്ട്. മറിച്ച്, ഇബാദത്ത് നിർവഹിക്കപ്പെടാൻ അർഹനായി യഥാർത്ഥത്തിൽ അല്ലാഹു മാത്രമേയുള്ളൂ എന്നതാണ്. لَا إِلَهَ إِلَّا اللهُ എന്നതിന്റെ യഥാർത്ഥ ആശയം അതാണ്. മുഹമ്മദ് നബി(ﷺ) വരെയുള്ള മുഴുവൻ അമ്പിയാ മുർസലുകളുടെയും പ്രബോധനത്തിന്റെ കേന്ദ്രബിന്ദു ഈ ആശയമായിരുന്നു. മുഴുവൻ നബിമാരുടെയും അനുയായികളായ മുസ്ലിംകളുടെ വിശ്വാസത്തിന്റെ വ്യതിരിക്തത ഇവിടെയാണ്.

لَا مَعْبُـودَ بِحَـقٍّ إِلَّا اللهُ..എന്നതാണ് *ലാ ഇലാഹ ഇല്ലല്ലാഹ്* എന്നതിന്റെ നേരായ ആശയം. അബൂജഹ്ലിന്റെ നേതൃത്വത്തിലുള്ള നബി(ﷺ)

യുടെ ശത്രുക്കൾക്ക് ഇക്കാര്യം ശരിക്കും മനസ്സിലായിട്ടുണ്ടായിരുന്നു. അതുകൊണ്ടാണ് അവർ നബി(ﷺ)യെ എതിർത്തതും ആ എതിർപ്പ് ബദ്ർ താഴ്വരയിലേക്കും ഉഹ്ദ് മലയിലേക്കുമൊക്കെ വ്യാപിച്ചതും. അല്ലാതെ പാറ ഖനനത്തിന്റെയോ മണ്ണെടുപ്പിന്റെയോ പ്രശ്നമായിരുന്നില്ല.

*ഇബാദത്തിന്* യഥാർത്ഥത്തിലുള്ള അർഹൻ അല്ലാഹു മാത്രമേയുള്ളൂ എന്ന് മനസ്സിലാക്കി നാം അവനോട് മാത്രം ദുആ ചെയ്യുക, അവനിൽ മാത്രം ഭരമേൽപിക്കുക, അവനിൽ മാത്രം പ്രതീക്ഷയർപ്പിക്കുകയും അവനോട് മാത്രം സങ്കടം ബോധിപ്പിക്കുകയും ചെയ്യുക, പാപമോചനത്തിനായി അവനോട് മാത്രം അപേക്ഷിക്കുക, رَغْبَةٌ, خُضُوعُ تَوَكُّلٌ ,رَّجَاءُ ,خَوْف, نَذر ,خُشُوعُ ,اسْتِغَاثَةٌ ,استعانةٌ,استعاذةٌ و إِنَابَةٌ ,رَهْبَة തുടങ്ങിയ ഇബാദത്തിന്റെ എല്ലാ ഇനങ്ങളും അല്ലാഹുവിലേക്ക് ചുരുക്കുക,അങ്ങനെ റബ്ബിന്റെ യഥാർത്ഥ ദാസന്മാരായി ജീവിച്ചു മരിക്കുക, അ

തിലൂടെ അവന്റെ പ്രീതിക്ക് പാത്രമായിത്തീരുക അതാണ് നമ്മുടെ ബാധ്യത. അതിലേക്കുള്ള പ്രബോധനമാണ് ഇസ്‌ലാമിക ദഅ്‌വത്ത് നിർവഹിക്കുന്നവർക്ക് ചെയ്യാനുള്ളതും. അതവഗണിച്ചുകൊണ്ട് മറ്റേതൊരു കാര്യത്തിന്റെ കോന്തല പിടിച്ചുനടന്നാലും അതിന്ന് നബിമാരുടെ പൈതൃകം അവകാശപ്പെടാൻ പറ്റില്ല.

□□□

മുഹെമ്മദ് നബി(ﷺ)യെയാണല്ലോ നമുക്ക് ദീൻ പഠിപ്പിച്ചുതരാൻ അല്ലാഹു നിയോഗിച്ചത്. നബി(ﷺ)ക്കാണ് അല്ലാഹു, ഖുർആൻ അവതരിപ്പിച്ചുകൊടുത്തത്. ഖുർആനിന്റെ ആധികാരിക വ്യാഖ്യാനമാണ് സ്വഹീഹായ ഹെദീഥുകൾ. അഥവാ-ഖുർആനും സ്വഹീഹായ ഹെദീഥുകളും രണ്ടും കൂടി ചേർന്നതാണ് യഥാർത്ഥ ഇസ്‌ലാം. രണ്ടും പരസ്പര പൂരകങ്ങളാണ്. അത് നബി(ﷺ)യിൽനിന്ന് സ്വഹാബ

ത്ത് മനസ്സിലാക്കിയതുപോലെ മനസ്സിലാക്കുകയും വേണം.

□□□

ആദംസന്തതികളെ മുഴുവൻ വഴിപിഴപ്പിക്കുമെന്ന് പ്രതിജ്ഞചെയ്തവനാണ് പിശാച്. അല്ലാഹുവിന്റെ ഇഷ്ടദാസന്മാർക്കു മാത്രമേ അതിൽ നിന്ന് രക്ഷ ലഭിക്കൂ. അല്ലാഹുവിനെക്കുറിച്ച ദിക്ർ(സ്മരണ) സദാ കാത്തുസൂക്ഷിക്കുന്നവരാണ് അവന്റെ ഇഷ്ടദാസന്മാർ. ദുനിയാവിലെ ഏതൊരു വിഷയത്തോടടുക്കുമ്പോഴും അതിൽ അല്ലാഹുവിന്റെ പ്രീതിയും പൊരുത്തവും നോക്കി, അവന്റെ സ്മരണയും അവനോടുള്ള ദുആയും നിലനിർത്തിക്കൊണ്ട് പിശാചിന്റെ കടന്നുകയറ്റത്തിന് കവചം തീർത്തവർ.

ഇമാം അഹ്മദ് തന്റെ മുസ്നദിലും ത്വബറാനി അൽമുഅ്ജമുൽകബീറിലും ഇബ്നുഹിബ്ബാൻ തന്റെ സ്വഹീഹിലും മറ്റും ഉദ്ധരിച്ച സ്വഹീഹായ ഹദീഥിൽ, യഹ്യാനബി(عليه السلام)

യോട് സ്വയംചെയ്യാനും ബനൂഇസ്രാഈലി നോട് കൽപിക്കാനുമായി അല്ലാഹു നിർദ്ദേശിച്ച അഞ്ചുകാര്യങ്ങളെപ്പറ്റി വിവരിക്കുന്നുണ്ട്. അതിലൊന്ന് ഇപ്രകാരമാണ്:

وَآمُرُكُمْ بِذِكْرِ اللَّهِ كَثِيرًا، وَمَثَلُ ذِكْرِ اللَّهِ كَمَثَلِ رَجُلٍ طَلَبَهُ الْعَدُوُّ سِرَاعًا فِي أَثَرِهِ، حَتَّى أَتَى حِصْنًا حَصِينًا، فَأَحْرَزَ نَفْسَهُ فِيهِ، وَكَذَلِكَ الْعَبْدُ لَا يَنْجُو مِنَ الشَّيْطَانِ إِلَّا بِذِكْرِ اللَّهِ.

*"ഞാൻ നിങ്ങളോട് അല്ലാഹുവിന്റെ ദിക്ർ നിലനിർത്തണമെന്ന് കൽപിക്കുന്നു. ഇതിന്ന് ഒരുപമ പറയാം. ശത്രു പിന്നാലെ ഓടി (പിന്തുടരപ്പെടുന്ന) ഒരാൾ. അവൻ ഒരു കോട്ടയുടെ അടുത്തുചെന്ന് അതിനകത്ത് കയറിയൊളിച്ച് ജീവൻ രക്ഷിച്ചു. അവനെപ്പോലെ, ഒരടിമക്ക് പിശാചിൽനിന്ന് രക്ഷകിട്ടണമെങ്കിൽ അല്ലാഹുവിനെ ദിക്ർ ചെയ്യലല്ലാതെ മറ്റു മാർഗമില്ല."*

*(സുനനുത്തിർമിദി.2863, ഇബ്നുഹിബ്ബാൻ. 6233, അൽബാനി-സ്വഹീഹുത്തർഗീബ്.1/359)*

□□□

ചാമ്പൽക്കൂനയിൽ മിന്നാമിനുങ്ങു വലുപ്പത്തിൽ തീപ്പൊരിയുണ്ടെങ്കിൽ ഊതിക്കത്തിക്കാൻ കഴിഞ്ഞേക്കും. *ഈമാനി*ന്റെ ചെറുകണമെങ്കിലും ശേഷിക്കുന്ന മനസ്സിലേക്ക് ഖുർആൻ വചനങ്ങളും അല്ലാഹുവിന്റെ ദിക്റുകളും കടന്നുചെല്ലുമ്പോൾ, പൈശാചികതകൾ നീങ്ങി അവിടം പ്രകാശിതമാവും. പിന്നെയും പിശാച് വരും, ദുനിയാവിനെക്കുറിച്ച ആകുലതകളുമായി. അപ്പോഴെല്ലാം സ്രഷ്ടാവായ റബ്ബിനെക്കുറിച്ച സ്മരണ, സമയാസമയങ്ങളിൽ ചൊല്ലാനുള്ള പ്രതിജ്ഞകളായ ദിക്റുകൾ അർത്ഥമറിഞ്ഞ് മനസ്സോട് ചേർത്തുനിർത്തുകയും നാവുകൊണ്ട് പ്രഖ്യാപിക്കുകയും ചെയ്യുക. ഈ കൈപ്പുസ്തകം അതിന് സഹായകമാവട്ടെ.

ഇവിടെ ഹെദീഥുകളുടെ മൂല്യനിർണയത്തിൽ പ്രമുഖ ഹെദീഥ് പണ്ഡിതനായ അല്ലാമാ അൽബാനി(رحمه الله)യുടെ പഠനത്തെയാണ്

ആധാരമാക്കിയിട്ടുള്ളത്. ഹെദീഥുകളുടെ ബലാബല പരിശോധനയെന്നത് വളരെ ശ്രമകരമായ കാര്യമാണ്. അതിന്ന് അതിന്റേതായ ഉസ്വൂലുണ്ട്. അതു പാലിച്ചുകൊണ്ട് തികഞ്ഞ ഇഖ്ലാസോടുകൂടി നിർവഹിക്കപ്പെടേണ്ട കാര്യമാണത്.

മുൻകൃതികളിൽ 'അല്ലാഹു'വിന്, 'ദൈവ' മെന്നും 'നബി'ക്ക് 'പ്രവാചകനെ'ന്നും തർജുമ കൊടുത്തത് യഥാക്രമം 'അല്ലാഹു' എന്നും 'നബി' എന്നും തിരുത്തി വായിക്കാനപേക്ഷ.

പ്രാമാണികമായ മുഴുവൻ ദുആകളും സമാഹരിക്കാൻ ഇവിടെ ശ്രമിച്ചിട്ടില്ല. മറിച്ച് ഏറെക്കുറെ എല്ലാ മേഖലകളിലും ആവശ്യമായി വരുന്ന ദുആകൾ, പരമാവധി പ്രാമാണികമായിരിക്കാൻ, അർഹരായ ഉലമാക്കളുടെ അംഗീകാരമുള്ളതായിരിക്കാൻ ഒരെളിയ ശ്രമം നടത്തുക മാത്രമാണ് ചെയ്തത്.

സൂക്ഷ്മതപുലർത്താൻ ശ്രമിച്ചിട്ടുണ്ടെങ്കി

ലും വീഴ്ചകൾ മനുഷ്യസഹജമാണ്. ശ്രദ്ധയിൽപെടുന്നവ അപ്പപ്പോൾ തിരുത്താറുണ്ട്. അല്ലാഹു പൊറുത്തുതരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അഭിജ്ഞരായ ആളുകൾ സ്നേഹപൂർവ്വം അത് ചൂണ്ടിക്കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നബി(ﷺ)യുടെ അധ്യാപനത്തിന്റെ നേരായവശം കൂടുതൽ ജനങ്ങളിലേക്കെത്തിക്കാൻ ഇതുവഴി സാധിക്കുമാറാകട്ടെ. ജനങ്ങൾക്ക് ഇതുപകരിക്കുകയും പരലോകത്ത് പ്രതിഫലം കിട്ടുന്ന ഒരു സൽക്കർമ്മമായിത്തീരുകയും ചെയ്യട്ടെ. ഇതിന്റെ പ്രസിദ്ധീകരണത്തിൽ സഹകരിച്ചവർക്കെല്ലാം അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. അല്ലാഹു നമ്മുടെ മാതാപിതാക്കൾക്ക് റഹ്മത്തും മഗ്ഫിറത്തും ചൊരിയുമാറാകട്ടെ. ആമീൻ.

( وصلّى الله وسلّم وبارك على نبيّنا محمَّدٍ وعلى آله وأصحابه أجمعين.)

– *എം. കെ.*

اللَّهُمَّ أَعِنِّي عَلَى ذِكْرِكَ
وَشُكْرِكَ ،وَحُسْنِ عِبَادَتِكَ

# വിഷയ വിവരം

1. ദിക്റിന്റെ മഹത്വം.21
2 ഉറക്കിൽ നിന്നുണരുമ്പോൾ. 29
3. പുതുവസ്ത്രം അണിയുമ്പോൾ.30
4. കക്കൂസിൽ കടക്കുംമുമ്പ്. 31
5. കക്കൂസിൽനിന്ന് പുറത്തുകടന്നാൽ.32
6. വുദൂചെയ്യുന്നതിനുമുമ്പ്. 34
7. വുദൂവിനുശേഷം.35
8. വുദുവിന് ശേഷം നമസ്കാരം.37
9. വീട്ടിൽനിന്ന് പുറപ്പെടുമ്പോൾ. 38
10. വീട്ടിൽ പ്രവേശിക്കുമ്പോൾ. 41
11. പള്ളിയിലേക്ക് പോകുമ്പോൾ. 43
12. പള്ളിയിൽ പ്രവേശിക്കുമ്പോൾ. 45
13. പള്ളിയിൽനിന്ന് പുറത്തിറങ്ങുമ്പോൾ. 47

14. ബാങ്കിന്റെ ദിക്റുകൾ. 51
15 . നമസ്കാരത്തിനു മുമ്പ് ഒരുൽബോധനം.62
16. നമസ്കാരത്തിലെ പ്രാരംഭ പ്രാർത്ഥന.67
17. ഫാതിഹക്കു മുമ്പ്. 72
18. സൂറതുൽഫാതിഹ.75
19. നമസ്കാരത്തിലെ ഖുർആൻ പാരായണം.79
20. റുകൂഇലെ ദിക്റുകൾ.80
21. റുകൂഇൽ നിന്നുയരുമ്പോൾ.83
22. സുജൂദിലെ ദിക്റുകൾ.86
23. ഇടയിലെ ഇരുത്തത്തിൽ.89
24. തശഹ്ഹുദ്.91
25. തശഹ്ഹുദിന് ശേഷമുള്ള സ്വലാത്ത്.94
26. തശഹ്ഹുദിനും സ്വലാത്തിനും ശേഷമുള്ള ദുആ.99

27. നമസ്കാരശേഷമുള്ള ദിക്റുകൾ. 105
28 സൂറതുൽഇഖ്ലാസ്.110
29. സൂറതുൽഫലഖ്.111
30. സൂറതുന്നാസ്.112
31. ആയതുൽകുർസി.113
32. നബി(ﷺ)യുടെ തസ്ബീഹ്.117
33. നമസ്കാരത്തിൽ വസ്വാസ്.118
34. ഖുർആൻ പാരായണത്തിന്റെ ശ്രേഷ്ഠത.119
35. ഖുർആൻ പാരായണത്തിലെ സുജൂദ്.122
36. ഈ സുജൂദിൽ ചൊല്ലേണ്ടത്.123
37. ഇസ്തിഖാറത്ത് 124
38. പ്രഭാതത്തിലും പ്രദോഷത്തിലുമുള്ള ദിക്റുകൾ.134
39. "സയ്യിദുൽ ഇസ്തിഗ്ഫാർ."138
40. കിടപ്പറയിലെ ദിക്റുകൾ. 150

41. വസ്ത്രംഊരിവെക്കുമ്പോൾ.161
42. ഉറക്കത്തിൽ ഭയവും വിഭ്രാന്തിയും പിടികൂടിയാൽ. 162
43. രാത്രി ഉണർന്നാൽ.163
44. അന്ത്യയാമത്തിലെ പ്രാർത്ഥന.165
45. സ്വപ്നം കണ്ടാൽ. 166
46. വെറുക്കുന്ന സ്വപ്നംകണ്ടാൽ.168
47. വിത്റിലെ ഖുനൂത്ത്. 169
48. ദു:ഖമുണ്ടായാൽ.174
49. തീവ്രവ്യഥയുണ്ടായാൽ.178
50. ശത്രുവിനെ കണ്ടുമുട്ടുമ്പോൾ. 182
51. ഈമാനിൽ സന്ദേഹംതോന്നിയാൽ. 183
52. കടത്തിലകപ്പെട്ടവൻ പ്രാർത്ഥിക്കേണ്ടത്. 184
53. ഇഷ്ടകരമല്ലാത്തത് സംഭവിച്ചാൽ.185
54. കുട്ടികൾക്ക് പിശാചിന്റെ ബാധയില്ലാതിരിക്കാൻ. 186

55. രോഗിയെ സന്ദർശിക്കൽ. 187
56. രോഗശമനത്തിനുവേണ്ടിയുള്ള പ്രാർത്ഥന. 189
57. ശരീരത്തിൽ വേദനയനുഭവപ്പെട്ടാൽ. 190
58. വിപത്ത് ബാധിച്ചാൽ. 191
59. മയ്യിത്ത് നമസ്കാരം. 193
60. മയ്യിത്ത് നമസ്കാരത്തിലെ പ്രാർത്ഥനകൾ. 195
61. ശിശുവിന്റെ മയ്യിത്തുനമസ്കാരത്തിൽ. 200
62. തഅ്സിയത്ത്. 201
63. മയ്യിത്ത് ഖബ്റിൽ പ്രവേശിപ്പിക്കുമ്പോൾ. 204
64. മയ്യിത്ത് മറമാടിയ ശേഷം. 204
65. ഖബ്ർ സന്ദർശിക്കുമ്പോൾ. 205
66. കാറ്റിനെ പഴിക്കരുത്. 209
67. ഇടിവെട്ടുമ്പോൾ. 211

68. മഴക്കുവേണ്ടിയുള്ള പ്രാർത്ഥന. 212
69. മഴകൂടിപ്പോയപ്പോൾ. 213
70. മാസം കാണുമ്പോൾ. 214
71. കാലത്തെ പഴിക്കരുത്.215
72. അത്ഭുതകാര്യമുണ്ടാവുമ്പോൾ.216
73. വല്ല കുറ്റവും ചെയ്തുപോയാൽ.217
74. കോപം വരുമ്പോൾ.217
75. നോമ്പ് തുറക്കുമ്പോൾ. 218
76. ഭക്ഷണം കഴിക്കുന്നതിന്ന് മുമ്പ്. 218
77. ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ..219
78. അതിഥിയുടെ പ്രാർത്ഥന. 220
79. നോമ്പുകാരൻ ആക്ഷേപിക്കപ്പെട്ടാൽ 221
80. വധൂവരന്മാർക്കുവേണ്ടി.222
81. മണവാളൻ പ്രാർത്ഥിക്കേണ്ടത്.222
82. സംയോഗത്തിനുമുമ്പ്.224
83. രോഗംകൊണ്ടോ മറ്റോ കഷ്ടപ്പെടുന്നവരെ കണ്ടാൽ.224

84. സന്തോഷകരമായ കാര്യമുണ്ടായാൽ. 225
85. തുമ്മിയാലുള്ള പ്രാർത്ഥന.227
86. ഒരിടത്ത് താമസമാക്കുമ്പോൾ. 227
87. യാത്രചോദിക്കുന്നവൻ പ്രാർത്ഥിക്കേണ്ടത്.228
88. യാത്രക്കാരനുവേണ്ടി പ്രാർത്ഥന.228
89. വാഹനം കയറുമ്പോൾ.229
90. യാത്രയിലെ പ്രാർത്ഥന.230
91. കയറ്റം കയറുമ്പോഴും ഇറങ്ങുമ്പോഴും 232
92. യാത്ര കഴിഞ്ഞ് മടങ്ങുമ്പോൾ. 233
93. തൽബിയത്തിന്റെ രൂപം.234
94. സംസം കുടിക്കുമ്പോൾ.236
95. അറഫാദിനത്തിലെ പ്രാർത്ഥന.237
96. പെരുന്നാൾദിനത്തിലെ തക്ബീർ.238
97. ഈദ് ഗ്രീറ്റിംഗ്സ്.239
98. ഉദ്ഹിയ്യത്ത് അറുക്കുമ്പോൾ.240

99. വെള്ളിയാഴ്ചയുടെ മഹത്വം.241
100. സൂറതുൽകഹ്ഫ് പാരായണം.244
101. നബി(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലൽ. 245
102 സലാം പ്രചരിപ്പിക്കൽ. 249
103. ആരെങ്കിലും വല്ല നന്മയുംചെയ്തു തന്നാൽ.252
104. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനെ പുകഴ്ത്തുകയാണെങ്കിൽ. 253
105. വിശുദ്ധനായി ചിത്രീകരിക്കപ്പെടുമ്പോൾ. 255
106. സഹോദരനുവേണ്ടി അഭാവത്തിലുള്ള പ്രാർത്ഥന. 257
107. പാപമോചനവും തൗബയും. 258
108. തസ്ബീഹ്, തക്ബീർ, സ്തുതി എന്നിവയുടെ ശ്രേഷ്ഠത.260
109. خُطْبَةُ الْحَاجَة 268
110. സഭയുടെ പ്രായശ്ചിത്തം. 271

# ദിക്റിന്റെ മഹത്വം

അല്ലാഹുവിനെ സ്മരിക്കുന്നതിന്റെ മഹത്വം വ്യക്തമാക്കുന്ന ചില ഖുർആൻ-ഹദീഥ് വചനങ്ങൾ കാണുക.അല്ലാഹു പറയുന്നു:

□ يَا أَيُّهَا الَّذِينَ آمَنُوا اذْكُرُوا اللَّهَ ذِكْرًا كَثِيرًا.

*"മുഅ്മിനുകളേ, നിങ്ങൾ അല്ലാഹുവിനെ ധാരാളമായി സ്മരിച്ചുകൊള്ളുക."**1

□ മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

وَالذَّاكِرِينَ اللَّهَ كَثِيرًا وَالذَّاكِرَاتِ أَعَدَّ اللَّهُ لَهُمْ مَغْفِرَةً وَأَجْرًا عَظِيمًا.

---

*1 സൂറതുൽഅഹ്സാബ്.41


«Back to Index

*"..ധാരാളമായി അല്ലാഹുവിനെ ഓർക്കുന്ന പുരുഷന്മാരും സ്ത്രീകളും, അല്ലാഹു അവർക്ക് പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു."* *2

□ വേറൊരിടത്ത് അല്ലാഹു പറയുന്നു:

وَاذْكُــرْ رَبَّــكَ فِي نَفْسِــكَ تَضَــرُّعًا وَخِيفَــةً وَدُونَ الْجَهْــرِ مِــنَ الْقَــوْلِ بِالْغُـدُوِّ وَالآصَــالِ وَلَا تَكُــنْ مِــنَ الْغَــافِلِينَ.

*"വിനയത്തോടും ഭയപ്പാടോടും കൂടി, വാക്ക് ഉച്ചത്തിലാക്കാതെ രാവിലെയും വൈകുന്നേരവും നീ നിന്റെ റബ്ബിനെ മനസ്സിൽ ദിക്ർ ചെയ്യുക. നീ അശ്രദ്ധന്മാരുടെ കൂട്ടത്തിലാവരുത്."* *3

---

2 സൂറതുൽഅഹ്സാബ്.35

3. സൂറതുൽ അഅ്റാഫ്.205

ഇനി ചില നബിവചനങ്ങൾ കാണുക:

☐ അബൂമൂസാ(رضي الله عنه) വിൽനിന്ന് നിവേദനം. നബി(ﷺ) ഇപ്രകാരം പറയുകയുണ്ടായി:

مَثَـلُ الَّـذِي يَـذْكُرُ رَبَّـهُ وَالَّـذِي لاَ يَـذْكُرُ رَبَّـهُ مَثَـلُ الحَـيِّ وَالمَيِّـتِ.

"*തന്റെ റബ്ബിനെ സ്മരിക്കുന്നവന്റെയും സ്മരിക്കാത്തവന്റെയും ഉപമ, ജീവിയുടെയും ജഡത്തിന്റെയുമാണ്.*" *4

☐ റസൂൽ(ﷺ) പറഞ്ഞതായി അബുദ്ദർദാഅ്(رضي الله عنه) വിൽനിന്ന് നിവേദനം:

أَلَا أُنَبِّئُكُمْ بِخَيْرِ أَعْمَالِكُمْ وَأَرْضَاهَا عِنْدَ مَلِيكِكُم وَأَرْفَعِهَا فِي دَرَجَاتِكُمْ، وَخَيْرٍ لَكُمْ مِنْ إِعْطَاءِ

---

4. (സ്വഹീഹുൽബുഖാരി.6407)

الذَّهَبِ وَالْوَرِقِ، وَمِنْ أَنْ تَلْقَوْا عَدُوَّكُمْ فَتَضْـــرِبُوا أَعْنَـــاقَهُمْ ، وَيَضْـــرِبُوا أَعْنَـــاقَكُمْ ؟ قَـالُوا: بَلَـى. قَـالَ: ذِكْرُ اللهِ تَعَـالَى .

*"നിങ്ങളുടെ കർമങ്ങളിൽ ഏറ്റവും ഉത്തമമായത് ഏതാണെന്ന് ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ.? നിങ്ങളുടെ യജമാനനായ അല്ലാഹുവിന്റെയടുത്ത് ഏറ്റവും പരിശുദ്ധമാണത്. നിങ്ങളുടെ പദവികളിൽ ഏറ്റവും ഉയർന്നതും ശത്രുവുമായി ഏറ്റുമുട്ടി പരസ്പരം ഗളഛേദം നടത്തുന്ന(ദീനിനുവേണ്ടി യുദ്ധത്തിൽ പങ്കെടുക്കുന്ന)തിനെക്കാൾ ഉത്തമവും സ്വർണവും വെള്ളിയും വ്യയംചെയ്യുന്നതിനെക്കാൾ ഉദാത്തവുമാണത്.*

*(സ്വഹാബികൾ) പറഞ്ഞു: അതെ, അറിയിച്ചുതന്നാലും.*

*അവിടുന്ന് പറഞ്ഞു: (ذِكْـرُ اللّهِ)അല്ലാഹു വിനെ ദിക്ര്‍ ചെയ്യുക എന്നതാണത്.”* *5

□ റസൂൽ(ﷺ) പറഞ്ഞതായി അബൂഹുറ യ്റ(رضي الله عنه)യിൽനിന്ന് നിവേദനം:

مَـا مِـنْ قَـوْمٍ جَلَسُـوا مَجْلِسًـا وَتَفَـرَّقُوا مِنْـهُ لَمْ يَـذْكُرُوا اللَّهَ فِيـهِ إِلاَّ كَأَنَّمَـا تَفَـرَّقُوا عَـنْ جِيفَـةِ حِمَـارٍ ، وَكَـانَ عَلَيْهِـمْ حَسْـرَةً يَـوْمَ الْقِيَامَـةِ

*“അല്ലാഹുവിനെ സ്മരിക്കാതെ ഒരിട ത്ത് ഇരുന്ന് എഴുന്നേറ്റുപോവുന്ന ഏതൊ രു ജനതയും കഴുതയുടെ ജഡത്തിന്നരികി ൽനിന്ന് എഴുന്നേറ്റുപോവുന്നതുപോലെ യാണ്. അതവർക്ക് പരലോകത്ത് ഖേദത്തി നിടയാക്കും.”* *6

---

5. സുനൻ ഇബ്നുമാജ.3790, അൽബാനി- സ്വഹീ ഹുൽജാമിഅ്.2629
6. (ബൈഹഖി-ശുഅബിൽഈമാൻ.537, അൽബാ

അബൂഹുറയ്റ(رضي الله عنه)യിൽ നിന്നുതന്നെയുള്ള മറ്റൊരു രിവായത്ത് ഇപ്രകാരമാണ്:

مَا قَعَدَ قَوْمٌ مَقْعَدًا لَا يَذْكُرُونَ فِيهِ اللهَ عَزَّ وَجَلَّ وَيُصَلُّونَ عَلَى النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ إِلَّا كَانَ عَلَيْهِمْ حَسْرَةً يَوْمَ الْقِيَامَةِ، وَإِنْ دَخَلُوا الْجَنَّةَ لِلثَّوَابِ.

"*അല്ലാഹുവിനെ സ്മരിക്കുകയും നബി(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുകയും ചെയ്യാതെ ഒരു ജനത ഒരു സദസ്സിലിരുന്നാൽ അന്ത്യനാളിൽ അതവർക്ക് ഖേദത്തിനിടയാക്കാതിരിക്കില്ല. അവർ (മറ്റു നന്മകൾ കാരണമായി) സ്വർഗത്തിൽ കടന്നാൽപോലും.*"*7 >>

---

< നി-സ്വഹീഹുൽജാമിഅ്.5750-ൽ ചില പദവ്യത്യാസങ്ങളുണ്ട്.)

(മറ്റുനന്മകൾ കാരണമായി) അവസാനം സ്വർഗത്തിലെത്തിയാൽപോലും അല്ലാഹുവിനെ ഓർക്കാതെയും നബി(ﷺ)യുടെമേൽ സ്വലാത്ത് ചൊല്ലാതെയും ഭൗതികലോകത്തിനുവേണ്ടി ചെലവിട്ട സമയങ്ങളെപ്പറ്റി, ദുനിയാവിൽ നഷ്ടപ്പെട്ടുപോയ വിനാഴികകളെപ്പറ്റി അവന്ന് ഖിയാമത്തുനാളിൽ ഖേദമുണ്ടാവും.

*"അതിനാൽ, എല്ലാ മുസ്‌ലിംകളും ഇക്കാര്യം ശ്രദ്ധിക്കണം. അവർ ഇരിക്കുന്ന ഒരു സദസ്സിലും അല്ലാഹുവിന്റെ ദിക്ർ ഇല്ലാതെയും നബി(ﷺ)യുടെപേരിൽ സ്വലാത്ത് ചൊല്ലാതെയും ആവാൻ പാടില്ല. അല്ലാത്തപക്ഷം, ഖിയാമത്തുനാളിൽ അവർക്കത് നഷ്ടത്തിനും ഖേദത്തിനും ഇടയാ*

<7. മുസ്നദ് അഹ്മദ്.9965, അൽബാനി- സ്വഹീഹുത്തർഗീബി വത്തർഹീബ്.1513

*ക്കും.*"*8

فَـــــاذْكُرُونِي أَذْكُـــــرْكُمْ
وَاشْــــــكُرُوا لِي وَلَا
تَكْفُــــــرُونِ.
البقـــرة:152

8. അൽബാനി-സിൽസിലതുൽഅഹാദീഥിസ്സ്വഹീഹ.1/162 നോക്കുക.

# ഉറക്കിൽ നിന്നുണരുമ്പോൾ.

الْحَمْــدُ للهِ الَّــذِي أَحْيَــانَا بَعْــدَ مَــا أَمَاتَنَــا وَإِلَيْـــــهِ النُّشُـــورُ .

എന്ന് ചൊല്ലുക.

*"ഞങ്ങളെ മരിപ്പിച്ചശേഷം ജീവിപ്പിച്ച അല്ലാഹുവിനാണ് സർവ്വസ്തുതിയും. നാം ഒരുമിച്ചുകൂട്ടപ്പെടുന്നതും അവന്റെ അടുത്തേക്കാകുന്നു.*"*9

മറ്റൊരു പ്രാർത്ഥന ഇങ്ങനെയാണ്:

الحَمْـــدُ لِلَّهِ الَّـــذِي عَافَـــانِي فِي جَسَـــدِي

9. (സ്വഹീഹുൽബുഖാരി.6312,സ്വഹീഹുമുസ്ലിം. 2711-(59)

وَرَدَّ عَلَـــيَّ رُوحِــــي وَأَذِنَ لِي بِـــذِكْرِهِ.

*“അല്ലാഹുവിന്നാണ് സർവ്വസ്തുതിയും. എനിക്ക് എന്റെ ശരീരത്തിൽ സുഖം നൽകുകയും എന്റെ ആത്മാവ് മടക്കിത്തരികയും(അവനെ)സ്മരിക്കാൻ എനിക്ക് അനുമതി നൽകുകയും ചെയ്ത അല്ലാഹു.”* 10*

## പുതുവസ്ത്രം അണിയുമ്പോൾ.

اللَّهُـــمَّ لَــكَ الْحَمْـــدُ أَنْـــتَ كَسَـــوْتَنِيهِ
أَسْـأَلُكَ مِـنْ خَـيْرِهِ وَخَـيْرِ مَـا صُـنِعَ لَـهُ
وَأَعُـوذُ بِـكَ مِـنْ شَـرِّهِ، وَشَـرِّ مَـا صُـنِعَ لَـهُ.

എന്ന് പ്രാർത്ഥിക്കുക.

*“അല്ലാഹുവേ! നിനക്കാണ് സർവ്വസ്തുതിയും. നീയാണ് ഈ വസ്ത്രം എന്നെ*

10.(തിർമിദി. 3401, സ്വഹീഹുൽജാമിഇസ്വഗീർ.716)

*അണിയിച്ചത്. ഇതിന്റെ നന്മയും ഇത് നിർ മ്മിക്കപ്പെട്ടത് എന്തിനാണോ ആ നന്മ യും ഞാൻ നിന്നോട് ചോദിക്കുന്നു. ഇതി ലെ തിന്മയിൽ നിന്നും ഇത് നിർമ്മിക്കപ്പെ ട്ടതിന്റെ തിന്മയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു."* 11*

## കക്കൂസിൽ കടക്കും മുമ്പ്.

اللَّهُـمَّ إِنِّي أَعُـوذُ بِـكَ مِـنَ الْخُبُـثِ وَالْخَبَائِـثِ

എന്ന് ചൊല്ലുക.

*"പെൺപിശാചുക്കളിൽനിന്നും ആൺ പിശാചുക്കളിൽനിന്നും അല്ലാഹുവേ ഞാ ൻ നിന്നോട് രക്ഷതേടുന്നു."* *12

---

11. (അബൂദാവൂദ്,4520 തിർമിദി,1767,അൽബാനി-സ്വ ഹീഹുൽജാമിഇസ്വഗീർ.4664)

12. (സ്വഹീഹുൽബുഖാരി.6322, സ്വഹീഹുമുസ്ലിം. 375-(122) ഉദ്ധരിച്ചതാണിത്. *ത്വബറാനി(അദ്ദുആ. 357) ≫

# കക്കൂസിൽ നിന്ന് പുറത്തു കടന്നാൽ

غُفْرَانَـــكَ* എന്ന് ചൊല്ലുക.”

“*അല്ലാഹുവേ നിന്നോട് ഞാൻ പാപ മോചനം തേടുന്നു.*” *13

---

< ഇബ്നുഅബീശൈബ(മുസ്വന്നഫ്(1/11)യിലും ഈ **പ്രാർത്ഥനയുടെ തുടക്കത്തിൽ** *ബിസ്മില്ലാഹ്* എന്നു കൂടി ചേർന്നുകൊണ്ടുള്ള രിവായത്തുണ്ട്. അൽബാനി (സ്വഹീഹുൽജാമിഅ്.4714) അത് സ്വഹീഹാണെന്ന് പറഞ്ഞിട്ടുമുണ്ട്.

13. (നസാഈ ഒഴികെയുള്ള സുനനുകൾ ഉദ്ധരിച്ചത്. അൽബാനി ഇത് സ്വഹീഹാണെന്ന് പറഞ്ഞിട്ടുണ്ട്. -സ്വഹീഹുൽജാമിഇസ്സ്വഗീർ.4707

*കക്കൂസിൽനിന്ന് പുറത്തുകടന്നാൽ, غُفْرَانَـــكَ എന്ന് ചൊല്ലുന്നതിനെപ്പറ്റി രണ്ടു ന്യായങ്ങളുണ്ട്:

i) പ്രത്യേക ആവശ്യമുള്ള സമയത്തൊഴികെ മറ്റെ ≫

ല്ലാ സമയത്തും നബി(ﷺ) അല്ലാഹുവിന് ദിക്ർ നിർ വഹിച്ചുകൊണ്ടിരിക്കുക പതിവാണ്. കക്കൂസിലായ അവസരത്തിൽ ദിക്ർ നിർവഹിക്കാത്തത് തന്റെ ഭാഗ ത്തുനിന്നുള്ള ഒരു പോരായ്മയായി കണ്ട് അവിടുന്ന് അല്ലാഹുവിനോട് ഇസ്തിഗ്ഫാർ നിർവഹിക്കുകയാ യിരുന്നു. ഇതാണ് ഒരു ന്യായീകരണം.

ii) ഭക്ഷണപാനീയങ്ങൾ ശരിയായ നിലക്ക് ഇറങ്ങി പ്പോവാനും ശരീരത്തിന് യോജിച്ച രൂപത്തിൽ അതി നെ ക്രമീകരിക്കാനും അല്ലാഹു ചെയ്തുവെച്ചിട്ടുള്ള മഹത്തായ അനുഗ്രഹത്തിന് നന്ദിചെയ്യാൻ മനുഷ്യ ൻ അശക്തനാണ്.അല്ലാഹുവിന് മനുഷ്യൻ എത്ര നന്ദിചെയ്താലും മതിയാവില്ല. ഈ കഴിവുകേട് അം ഗീകരിച്ച് അത് പ്രഖ്യാപിക്കുകയും അതിൽ മാപ്പപേ ക്ഷിക്കുകയുമാണ് നബി(ﷺ)ചെയ്തത് എന്നാണ് മ റ്റൊരു വ്യാഖ്യാനം.

(ഖത്താബി- മആലിമുസ്സുനൻ.11/22)

# വുദൂ ചെയ്യുന്നതിനു മുമ്പ്.

*(( بِسْـــــمِ اللَّهِ )) എന്ന് ചൊല്ലുക.”

നബി(ﷺ) പറഞ്ഞതായി അബൂഹുറയ്റ (رضي الله عنه) യിൽനിന്ന് നിവേദനം:

لَا صَـلَاةَ لِمَـنْ لَا وُضُـوءَ لَـهُ، وَلَا وُضُـوءَ لِمَـنْ لَمْ يَـــذْكُرِ اسْـــمَ اللَّهِ تَعَـــالَى عَلَيْـــهِ.

*“വുദൂ ഇല്ലാത്തവന് നമസ്കാരമില്ല, ബിസ്മി ചൊല്ലാത്തവന് വുദൂവുമില്ല.* 14 ≫

---

* اسم എന്നാൽ നാമം എന്നാണ് വാക്കർത്ഥമെങ്കിലും *ബിസ്മില്ലാഹ്* എന്ന് പറയുമ്പോൾ അല്ലാഹുവിന്റെ എല്ലാ നാമങ്ങളും(അസ്മാഉൽഹുസ്നാ മുഴുവൻ) ഉദ്ദേശിക്കപ്പെടുമെന്ന് ഉലമാക്കൾ പറഞ്ഞിട്ടുണ്ട്. മറ്റൊന്നിലേക്ക് إضَـافَة ചെയ്യപ്പെടുന്ന (ചേർത്തുപറയപ്പെടുന്ന) ഏകവചനനാമത്തിന് അർത്ഥത്തിൽ ബഹുത്വം കൽപിക്കപ്പെടും.

*(തഫ്സീറുസ്സഅ്ദി-സൂറതുൽഫാതിഹ-കാണുക.)*

# വുദൂവിന് ശേഷം.

أَشْـــهَدُ أَنْ لَا إِلَـــهَ إِلَّا اللَّهُ وَحْـــدَهُ لَا شَـــرِيكَ لَـــهُ، وَأَشْـــهَدُ أَنَّ مُحَمَّـــدًا عَبْـــدُهُ وَرَسُـــولُهُ.

എന്ന് ചൊല്ലുക.

*"യഥാർത്ഥത്തിൽ ഇബാദത്തിന് അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവൻ ഏകനാണ്. അവന്ന് പങ്കുകാരില്ല. മുഹമ്മദ് നബി(ﷺ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു."*

റസൂൽ(ﷺ) പറഞ്ഞതായി ഉമറി(رضي الله عنه) ൽനിന്ന് നിവേദനം:

< 14. സുനനു അബീദാവൂദ്.101, ഇത് സ്വഹീഹാണെന്ന് അൽബാനി-സ്വഹീഹുൽജാമിഅ്.7514 പറഞ്ഞിട്ടുണ്ട്.

*"നിങ്ങളിൽ ഒരാൾ നന്നായി വുദൂചെയ്ത ശേഷം മേൽപറഞ്ഞ രീതിയിൽ ചൊല്ലിയാൽ, ഇഷ്ടമുള്ള കവാടത്തിലൂടെ കടന്നുകൊള്ളാനായി, സ്വർഗത്തിന്റെ എട്ട് കവാടങ്ങൾ അവനുവേണ്ടി തുറക്കപ്പെടാതിരിക്കില്ല."* *15

2) ഉമറുബ്നുൽഖത്താബി(رضي الله عنه)ൽനിന്നുള്ള തിർമിദിയുടെ രിവായത്തിൽ ഇങ്ങനെയും കൂടി ചൊല്ലാനുണ്ട്:

اللَّهُــمَّ اجْعَــلْنِي مِــنَ التَّــوَّابِينَ وَاجْعَــلْنِي مِــنَ الْمُتَطَهِّـــــرِينَ .

*"അല്ലാഹുവേ! ധാരാളമായി പശ്ചാതപിക്കുന്നവരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപ്പെടുത്തേണമേ. ശുദ്ധിയുള്ളവരുടെ കൂട്ട*

15 (സ്വഹീഹുമുസ്‌ലിം.(17)234

*ത്തിലും എന്നെ നീ ഉൾപ്പെടുത്തേണമേ.''**16

# വുദൂവിന് ശേഷം നമസ്കാരം

നബി(ﷺ) പറഞ്ഞതായി അബൂഹുറയ്റ(رضي الله عنه)വിൽനിന്ന് നിവേദനം:

*''ബിലാലേ, ഇസ്ലാമിൽവന്നതിനുശേഷം താങ്കൾ ചെയ്ത ഏറ്റവും പ്രതിഫലാർഹമായ കർമമേതാണെന്ന് എന്നോട് പറയൂ. കാരണം, സ്വർഗത്തിൽ താങ്കളുടെ ചെരിപ്പടികളുടെ ശബ്ദം ഞാൻ കേട്ടിട്ടുണ്ട്.*

*അപ്പോൾ അദ്ദേഹം പറഞ്ഞു: പകലോ രാത്രിയോ ഏതു സമയത്ത് ഞാൻ വുദൂ ചെയ്താലും എനിക്ക് രേഖപ്പെടുത്തപ്പെട്ട നമസ്കാരം ഞാൻ ആ വുദൂകൊണ്ട് നിർ*

16. (തിർമിദി.55, അൽബാനി-സ്വഹീഹുൽജാമിഅ്. 6167)

*വഹിക്കാതിരുന്നിട്ടില്ല. ഇതല്ലാതെ പ്രതിഫലാർഹമായ മറ്റൊന്നും ഞാൻ പ്രവർത്തിച്ചിട്ടില്ല.*" *17

റസൂൽ(ﷺ) പറഞ്ഞതായി ഉഖ്ബതുബ്ൻആമിറി(رضي الله عنه)ൽനിന്ന് നിവേദനം:

"*നന്നായി വുദൂചെയ്ത് തന്റെ മുഖവും ഹൃദയവുംകൊണ്ട് ആഭിമുഖ്യം പുലർത്തിയവനായി രണ്ട് റക്അത്ത് നമസ്കരിക്കുന്ന ഏതൊരാൾക്കും സ്വർഗം നിർബന്ധമാവാതിരിക്കില്ല.*" *18

## വീട്ടിൽനിന്ന് പുറപ്പെടുമ്പോൾ.

بِسْـــمِ اللَّهِ، تَوَكَّلْـــتُ عَلَـــى اللَّهِ، لَا حَـــوْلَ

17. (സ്വഹീഹുൽബുഖാരി.1149)
18. (അബൂദാവൂദ്.906, അൽബാനി-സ്വഹീഹ് അബീദാവൂദ്.841)

وَلَا قُــــــوَّةَ إِلَّا بِاللَّهِ.

*"അല്ലാഹുവിന്റെ നാമങ്ങളിൽ (ഞാൻ പുറപ്പെടുന്നു.)ഞാൻ അല്ലാഹുവിൽ ഭരമേൽപിക്കുന്നു.[അല്ലാഹുവിനെക്കൊണ്ടല്ലാതെ എനിക്ക് ഒരവസ്ഥയിൽനിന്ന് മറ്റൊരവസ്ഥയിലേക്ക് മാറാനോ (വല്ല പ്രവൃത്തിയും ചെയ്യാനോ) കഴിയില്ല."**19

(അല്ലാഹുവിന്റെ സഹായവും തൗഫീഖും തസ്ദീദുംകൊണ്ടല്ലാതെ സൃഷ്ടികളായ നമുക്ക് ഒരവസ്ഥയിൽനിന്ന് മറ്റൊരവസ്ഥയിലേക്ക് മാറാനുള്ള കഴിവോ വല്ല കാര്യവും ചെയ്യാനുള്ള ശക്തിയോ ഇല്ല.)

□ ഉമ്മുസലമ(رضي الله عنها)യിൽനിന്ന് നിവേദനം:

---

19. (അബൂദാവൂദ്.5095,അൽബാനി-തഖ്രീജുൽ കലിമിത്വയ്യിബ്.59-1/89)

നബി(ﷺ) എന്റെ വീട്ടിൽനിന്ന് ഇപ്രകാരം പറയാതെ പുറപ്പെട്ടിട്ടേയില്ല:

**اللَّهُـمَّ إِنِّي أَعُـوذُ بِـكَ أَنْ أَضِـلَّ أَوْ أُضَـلَّ أَوْ أَزِلَّ أَوْ أُزَلَّ أَوْ أَظْلِـمَ أَوْ أُظْلَـمَ أَوْ أَجْهَـلَ أَوْ يُجْهَـلَ عَلَـيَّ.**

"*അല്ലാഹുവേ, ഞാൻ വഴിപിഴച്ചുപോവുന്നതിൽ നിന്നും വഴിപിഴപ്പിക്കപ്പെടുന്നതിൽ നിന്നും നിന്നോട് രക്ഷതേടുന്നു. ഞാൻ അബദ്ധത്തിൽ ചാടുന്നതിൽ നിന്നും എന്നെ അബദ്ധത്തിൽ ചാടിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. ഞാൻ ഉപദ്രവംചെയ്യുന്നതിൽ നിന്നും എന്നെ ആരെങ്കിലും ഉപദ്രവിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. ഞാൻ അവിവേകം പ്രവർത്തിക്കുന്നതിൽനിന്നും എന്നോട് ആരെങ്കിലും അവിവേകം പ്രവർത്തിക്കു* >

*ന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.]* *20

# വീട്ടിൽ പ്രവേശിക്കുമ്പോൾ.

നബി(ﷺ) പറഞ്ഞതായി ജാബിർ(رضي الله عنه) വിൽനിന്ന് നിവേദനം:

*"ഒരാൾ തന്റെ വീട്ടിൽ പ്രവേശിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിന്റെ നാമം ഉച്ചരിച്ചാൽ പിശാച്(തന്റെ* കൂട്ടാളികളോട്) പറയും: 'നിങ്ങൾക്കിവി*ടെ ഭക്ഷണമോ താമസസൗകര്യമോ ഇല്ലെന്ന്.' വീട്ടിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചില്ലെങ്കിൽ പിശാച് തന്റെ കൂട്ടാളികളോട് പറയും: നിങ്ങൾക്കിവി*

20. (സുനനുഅബീദാവൂദ്.5094,തഖ്രീജുൽകലിമിത്വയ്യിബ്.60,(1/90)


«Back to Index

*ടെ താമസിക്കാനുള്ള സൗകര്യമുണ്ടെന്ന്. ഇനി ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിന്റെ നാമം ഉച്ചരിച്ചില്ലെങ്കിൽ അവൻ കൂട്ടുകാരോട് പറയും: നിങ്ങൾക്കിവിടെ ഭക്ഷണവും താമസിക്കാനുള്ള സൗകര്യവും രണ്ടും ലഭിച്ചിരിക്കുന്നുവെന്ന്."* *21

നബി(ﷺ) പറഞ്ഞതായി അനസ്(رضي الله عنه) വിൽനിന്ന് നിവേദനം:

يَا بُـنَيَّ , إِذَا دَخَلْـتَ عَلَـى أَهْلِـكَ فَسَـلِّمْ يَكُـنْ بَرَكَـةً عَلَيْـكَ وَعَلَـى أَهْـلِ بَيْتِـكَ.

"*മകനേ, നീ നിന്റെ വീട്ടുകാരുടെ അടുത്തെത്തിയാൽ സലാം പറയുക.എന്നാൽ അത് നിനക്കും നിന്റെ വീട്ടുകാർക്കും ബറകത്ത് ആയിരിക്കും.*"*22

---

21. സ്വഹീഹുമുസ്‌ലിം.നമ്പർ. 2018

22. (ത്വബറാനി–അൽമുഅ്ജമുസ്സ്വഗീർ.856, അൽബാ >>

# പള്ളിയിലേക്ക് പോകുമ്പോൾ.

**اللَّهُمَّ اجْعَلْ فِي قَلْبِي نُورًا، وَفِي بَصَرِي نُورًا وَفِي سَمْعِي نُورًا، وَعَنْ يَمِينِي نُورًا، وَعَنْ يَسَارِي نُورًا، وَفَوْقِي نُورًا، وَتَحْتِي نُورًا، وَأَمَامِي نُورًا وَخَلْفِي نُورًا، وَاجْعَلْ لِي نُورًا.**

എന്ന് ചൊല്ലുക.

*“അല്ലാഹുവേ, നീ എന്റെ ഹൃദയത്തിൽ പ്രകാശം നിറക്കേണമേ. എന്റെ കണ്ണിലും കാതിലും നീ പ്രകാശം നിറക്കേണമേ. എന്റെ വലതുവശത്തും ഇടതുവശത്തും മീതെയും താഴെയും മുമ്പിലും പിമ്പിലും(എല്ലായിടത്തും) നീ പ്രകാശം നിറക്കേണമേ. അല്ലാഹുവേ, എനിക്ക് നീ പ്രകാശം ഉണ്ടാ*

---

< നി–തഖ്‌രീജുൽകലിമിത്ത്വയ്യിബ്.63)

*ക്കേണമേ.* ] *23

23. സ്വഹീഹുൽബുഖാരി.6316
* ഇമാം അത്ത്വീബി പറയുന്നു:

“ഓരോ അവയവത്തിന്നും പ്രകാശം ചൊരിയേണമേ എന്ന പ്രാർത്ഥനയുടെ അർത്ഥം, **معرفــة***(മഅ്രിഫത്തി*ന്റെയും طاعة *(ത്വാഅത്തു)*കളുടെയും പ്രകാശങ്ങൾ നിറക്കുകയും അത് രണ്ടുമല്ലാത്തത് ഒഴിവാക്കുകയും ചെയ്യാനുള്ള തേട്ടമാണ്. കാരണം,പിശാച് ആറു വശങ്ങളിലൂടെയും വസ്വാസുണ്ടാക്കി മനുഷ്യനെ സമീപിക്കും. അവന്റെ വസ്വാസുകളിൽനിന്ന് രക്ഷപ്പെടുക ഈ ആറു വശങ്ങളെയും അടച്ചുകളയുന്ന പ്രകാശംകൊണ്ടാണ്.”

*(ശർഹുത്വീബീ എലാ മിശ്കാത്ത്.4/1183, ഫത്ഹുൽബാരി-ഇബ്നുഹെജർ.11/118)*

وفي لساني نورا പോലുള്ള ചില വാക്കുകൾ വേറെ ചില രിവായത്തുകളിൽ അധികമായി വന്നിട്ടുണ്ട്. സൗകര്യാർത്ഥം സ്വഹീഹുൽബുഖാരിയിലെ ഒരു രിവായത്ത് മാത്രം ഉദ്ധരിച്ചുവെന്നേയുള്ളൂ.

# പള്ളിയിൽ പ്രവേശിക്കുമ്പോൾ.

ആദ്യം വലതുകാൽ വെച്ചുകൊണ്ടാണ് പള്ളിയിൽ പ്രവേശിക്കേണ്ടത്. നബി(ﷺ) പള്ളിയിൽ പ്രവേശിക്കുമ്പോൾ ഇപ്രകാരം ചൊല്ലിയിരുന്നതായി അബ്ദുല്ലാഹിബ്ൻ അംറിൽനിന്ന് നിവേദനം ചെയ്യപ്പെടുന്ന ഹദീഥിലുണ്ട്:

أَعُوذُ بِاللَّهِ الْعَظِيمِ وَبِوَجْهِهِ الْكَرِيمِ وَسُلْطَانِهِ الْقَدِيمِ، مِنَ الشَّيْطَانِ الرَّجِيمِ.

*“മഹാനായ അല്ലാഹുവിനെക്കൊണ്ടും അവന്റെ കരീമായ വജ്ഹ്കൊണ്ടും അനാദിയായ അവന്റെ അധികാരംകൊണ്ടും, ശപിക്കപ്പെട്ട പിശാചിൽനിന്ന് ഞാൻ രക്ഷതേടുന്നു.”*

ഇങ്ങനെ ഒരാൾ പറയുമ്പോൾ പിശാച് പറയും: “ഇന്ന് മുഴുവൻ അവൻ എന്നിൽ

നിന്ന് സംരക്ഷണംനേടിക്കഴിഞ്ഞു." *24

2) ശേഷം ഇങ്ങനെ പറയുക:

بِسْــمِ اللَّهِ، وَالسَّــلَامُ عَلَــى رَسُــولِ اللَّهِ.

*"അല്ലാഹുവിന്റെ നാമങ്ങളിൽ. റസൂൽ (ﷺ)യുടെ മേൽ അല്ലാഹുവിന്റെ സലാം ഉണ്ടാവട്ടെ."*

ശേഷം ഇങ്ങനെ പറയുക:

( اللَّهُــمَّ افْتَــحْ لِي أَبْــوَابَ رَحْمَتِــكَ )

*"അല്ലാഹുവേ, എനിക്ക് നീ നിന്റെ റഹ്മത്തിന്റെ കവാടങ്ങൾ തുറന്നുതരേണമേ."* *25

---

24. (അബൂദാവൂദ്,466 സ്വഹീഹുൽ ജാമിഅ്-4715-ാം നമ്പർ കാണുക.)
25. (സുനനുഇബ്നിമാജ.772, അൽബാനി-സ്വഹീഹുൽജാമിഅ്-515)

# പള്ളിയിൽ നിന്ന് പുറത്തിറങ്ങുമ്പോൾ.

ഇങ്ങനെ പ്രാർത്ഥിക്കുക:

بِسْـمِ اللَّهِ، وَالسَّـلَامُ عَلَـى رَسُـولِ اللَّهِ.

"*അല്ലാഹുവിന്റെ നാമങ്ങളിൽ. റസൂൽ (ﷺ)യുടെ മേൽ അല്ലാഹുവിന്റെ സലാം ഉണ്ടാവട്ടെ.*"

പിന്നീട് ഇങ്ങനെ പറയുക:

اللهُـمَّ إِنِّي أَسْـأَلُكَ مِـنْ فَضْـلِكَ.

"*അല്ലാഹുവേ, ഞാൻ നിന്റെ ഔദാര്യത്തിൽനിന്നും ചോദിക്കുന്നു.*"*26

പള്ളിയിൽനിന്ന് പുറത്തിറങ്ങുമ്പോൾ

26. സുനനുഇബ്നിമാജ.772, അൽബാനി.സ്വഹീഹുൽജാമിഇസ്വഗീർ.515

ഇടതുകാലാണ് ആദ്യം വെക്കേണ്ടത്.

O പള്ളി അല്ലാഹുവിന്റെ ഭവനമാണ്. അവിടെ ദിക്ർ, ദുആ, ഖുർആൻ പാരായണം, നമസ്കാരം തുടങ്ങിയ ഇബാദത്തുകളാണ് നിർവഹിക്കപ്പെടേണ്ടത്. *അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലം പള്ളിയും വെറുക്കപ്പെട്ട സ്ഥലം അങ്ങാടിയുമാണെന്ന്* നബി(ﷺ) പ്രസ്താവിച്ചതായി സ്വഹീഹായി വന്നിട്ടുണ്ട്.

أَحَبُّ الْبِلَادِ إِلَى اللهِ مَسَاجِدُهَا، وَأَبْغَضُ الْبِلَادِ إِلَى اللهِ أَسْوَاقُهَا

*27

അല്ലാഹുവിന് ഇബാദത്ത് ചെയ്യാനായി അവന്റെ ഭവനങ്ങളിലേക്ക് വരുമ്പോൾ അടക്കത്തോടും ഒതുക്കത്തോടും കൂടി വരണം.ദൂരെ സ്ഥലത്തുനിന്ന് പള്ളിയിലേക്ക് നടന്നുവരുമ്പോൾ കാലടികൾക്കനുസരിച്ച് പ്രതിഫലം കൂടുന്നു. ഒന്ന് പാപം പൊറുപ്പിക്കുകയും മറ്റൊന്ന് പദവി ഉയർത്തുകയും ചെയ്യുന്നു.

---

27. സ്വഹീഹുമുസ്ലിം.671–(288)

പള്ളിയുടെ പവിത്രത സദാ കാത്തുസൂക്ഷിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. പള്ളിയിൽവെച്ച് നിർവഹിക്കാനായി നബി(ﷺ) പഠിപ്പിച്ച ഇബാദത്തുകൾ ശറഇയ്യായ കാരണമില്ലാതെ പള്ളിക്കു പുറത്തേക്കു മാറ്റുകയോ പള്ളിയിൽ നബി(ﷺ) ഒരിക്കൽപോലും ചെയ്തതായി പ്രമാണമില്ലാത്ത, പള്ളിയുടെ *ഹുർമത്ത്* തകർക്കുന്ന ഭൗതികകാര്യങ്ങൾ അതിനകത്തേക്ക് കൊണ്ടുവരികയോ ചെയ്യാവതല്ല.

റസൂൽ(ﷺ) പറഞ്ഞതായി അബൂഹുറയ്റയിൽനിന്ന് നിവേദനം ചെയ്യപ്പെടുന്ന സ്വഹീഹായ ഹദീഥ് കാണുക:

مَنْ سَمِعَ رَجُلًا يَنْشُدُ ضَالَّةً فِي الْمَسْجِدِ فَلْيَقُلْ لَا رَدَّهَا اللهُ عَلَيْكَ فَإِنَّ الْمَسَاجِدَ لَمْ تُبْنَ لِهَذَا.

" *ഒരാൾ വല്ല സാധനവും നഷ്ടപ്പെട്ടുപോയത് പള്ളിയിൽ വിളിച്ചുപറയുന്നതായി ആരെങ്കിലും കേട്ടാൽ അവൻ ഇങ്ങനെ പറഞ്ഞുകൊള്ളട്ടെ:*

لَا رَدَّهَـا اللهُ عَلَيْـكَ (*അല്ലാഹു നിനക്കത് മടക്കിത്തരാതിരിക്കട്ടെ.*)

എന്നിട്ട് നബി(ﷺ) പറയുന്നത് കൂടുതൽ ഗൗരവമായ ചിന്തയർഹിക്കുന്നു.

فَإِنَّ الْمَسَاجِدَ لَمْ تُبْنَ لِهَذَا.

"*നിശ്ചയം, അത്തരം കാര്യങ്ങൾക്കുവേണ്ടിയല്ല പള്ളികൾ നിർമ്മിക്കപ്പെട്ടത്.*" *28

നമസ്കരിക്കാൻ വരുന്ന ഒരു മുസ്‌ലിം സഹോദരന്റെ ഒരു സാധനം നഷ്ടപ്പെട്ടു പോയാൽ അത് തിരിച്ചുകിട്ടാൻവേണ്ടി അവനെ സഹായിക്കുന്നത് പുണ്യമല്ലേ? എന്നേ '**സാംസ്കാരിക കേന്ദ്രമായ**' പള്ളിയിൽ നബി(ﷺ) അത്തരമൊരു സഹായം അനുവദിച്ചില്ല? അതിന് ഒരേ ഒരുത്തരമേയുള്ളൂ. പള്ളിയുടെ *ഹുർമത്ത്.*

---

28. (സ്വഹീഹ് മുസ്‌ലിം.(568)79

ഈ ഹെദീഥിന്റെ വിശദീകരണത്തിൽ ഇമാം ഖത്താബി പറയുന്നു:

وَيَدخُلُ فِي هَذَا كُلُّ أمرٍ لم يُبِنَ لَهُ المَسجِدُ مِنَ البَيعِ والشِّرَاءِ وَنَحوِ ذَلِكَ مِن أُمُورِ مُعَامَلاَتِ النَّاسِ واقتِضَاءِ حُقُوقِهِم.

*"ജനങ്ങളുടെ ഇടപാടുകളുടെയും അവരുടെ ആവശ്യങ്ങളുടെ പൂർത്തീകരണത്തിന്റെയും ഭാഗമായ വാങ്ങലും കൊടുക്കലും (കച്ചവടം) പോലുള്ള, പള്ളിയുടെ നിർമാണ ലക്ഷ്യത്തിൽപെടാത്ത മുഴുവൻ കാര്യങ്ങളും ഈ വിലക്കിൽപെടും."* *29

## ബാങ്കിന്റെ ദിക്റുകൾ.

നമസ്കാരത്തിന് സമയമായാൽ ബാങ്കും ഇഖാമത്തും നിർവഹിക്കണം. മരുഭൂമിയിൽ ഒറ്റപ്പെട്ട സ്ഥലത്താണെങ്കിൽ പോ

29. (ഖത്താബി-മആലിമുസ്സുനൻ.1/143)

ലും നമസ്കാരത്തിന് ബാങ്കുംഇഖാമത്തും നിർവഹിക്കണം. ഇത് ഒരു കൂലിപ്പണിയായി കണ്ട് നിർവഹിക്കപ്പെടേണ്ടതല്ല. മറിച്ച് മഹത്തായ പ്രതിഫലം കിട്ടാവുന്ന പുണ്യ കർമമാണ്. അതിലെ ഓരോ വാചകവും അല്ലാഹുവിന്നുള്ള ഉബൂദിയ്യത്തിന്റെ സാക്ഷ്യമാണ്. ബാങ്കിന്റെ വചനങ്ങളെത്തുന്ന ഭൂമിയിലെ മുഴുവൻ വസ്തുക്കളും ഖിയാമത്തുനാളിൽ ബാങ്കുകാരന്ന് സാക്ഷി നിൽക്കുന്നതാണ്. അതുകൊണ്ടുതന്നെ ഉച്ചത്തിലാണ് ബാങ്കുകൊടുക്കേണ്ടത്. അബൂഹുറയ്റ(رضي الله عنه) യിൽനിന്ന് നിവേദനം ചെയ്യപ്പെടുന്ന ഒരു ഹദീഥ് കാണുക:

നബി(ﷺ) ഇപ്രകാരം പറയുകയുണ്ടായി:

الْمُـؤَذِّنُ يُغْفَـرُ لَـهُ مَـدَى صَـوْتِهِ، وَيَشْـهَدُ لَـهُ كُـلُّ رَطْـبٍ وَيَابِـــسٍ سَمِعَـــهُ

*"ബാങ്കുകൊടുക്കുന്നവന് അവന്റെ ശ*

*ബ്ദമെത്തുന്ന സ്ഥലത്തോളം പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. അവന്റെ ശബ്ദ മെത്തിയ ഉണങ്ങിയതും പച്ചയുമായ എല്ലാ വസ്തുക്കളും അവനുവേണ്ടി സാക്ഷി പ റയുന്നതാണ്.*”*30

റസൂൽ(ﷺ) പ്രസ്താവിച്ചത് നേരിൽ കേ ട്ടതായി മുആവിയ(رضي الله عنه)വിൽനിന്ന് ഇ പ്രകാരം നിവേദനം ചെയ്യപ്പെടുന്നു:

“*ബാങ്കുകൊടുക്കുന്നവർ, ഖിയാമതുനാ ളിൽ ജനങ്ങളിൽവെച്ചേറ്റവും കഴുത്തുനീ ണ്ടവരായിരിക്കും.*”*31

ഇത്തരത്തിൽ ബാങ്കിന് മഹത്തായ സ്ഥാ നമുണ്ട്. ബാങ്കു കേൾക്കുമ്പോൾ നാം മറ്റു

30. ബൈഹഖി–സുനനുൽകുബ്റാ.2029, അല്ലാമാ അൽബാനി–സ്വഹീഹുൽജാമിഇസ്വഗീർ.6644 കാണുക.

31. സ്വഹീഹുമുസ്‌ലിം.14–387

സംസാരങ്ങൾ നിർത്തിവെച്ച് ബാങ്കിന് മറുപടി കൊടുക്കണം.

1) ബാങ്ക് കേൾക്കുന്നവൻ, ബാങ്കുകാരൻ ചൊല്ലുന്നതുപോലെത്തന്നെ ചൊല്ലേണ്ടതാണ്.

حَـيَّ عَلَـى الصَّـلَاةِ എന്ന് ചൊല്ലുമ്പോഴും حَـيَّ عَلَـى الْفَـلَاحِ എന്ന് ചൊല്ലുമ്പോഴും ചൊല്ലേണ്ടത് لاَ حَـوْلَ وَلاَ قُـوَّةَ إِلاَّ بِاللَّهِ എന്നാണ്. 32*

2) 'ബാങ്കുകാരൻ ചൊല്ലുന്നതിന്ന് പ്രത്യുത്തരം ചെയ്തശേഷം റസൂൽ(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലണം.'* 33

3) ശേഷം ഇങ്ങനെ പ്രാർത്ഥിക്കണം:

اللَّهُـمَّ رَبَّ هَـذِهِ الـدَّعْوَةِ التَّامَّـةِ وَالصَّـلَاةِ

32. സ്വഹീഹുൽബുഖാരി.613, മുസ്‌ലിം.(12)–385
33. സ്വഹീഹ്മുസ്‌ലിം.11–384)

**الْقَائِمَــــةِ، آتِ مُحَمَّـــــدًا الْوَسِـــيلَةَ وَالْفَضِـــيلَةَ وَابْعَثْــهُ مَقَامًـــا مَحْمُــودًا الَّـــذِي وَعَدْتَــهُ.**

*"ഈ പൂർണ്ണമായ വിളിയുടെയും ആസന്നമായ നമസ്കാരത്തിന്റെയും റബ്ബായ അല്ലാഹുവേ; മുഹമ്മദ് നബി(ﷺ)ക്ക് നീ വസീലത്ത്, ഫദീലത്ത് എന്നീ സ്ഥാനങ്ങൾ നൽകേണമേ. നീ വാഗ്ദത്തം ചെയ്ത സ്തുത്യർഹമായ പദവിയിലേക്ക് നീ അദ്ദേഹത്തെ ഉയർത്തേണമേ."**34

4) റസൂൽ(ﷺ) പറഞ്ഞതായി സഅ്ദുബ്ൻ അബീവഖ്ഖാസി(رضي الله عنه)ൽനിന്ന് നിവേദനം:

"ബാങ്കുകാരൻ *തശഹ്ഹുദിന്റെ വചനങ്ങൾ പറയുമ്പോൾ* താഴെ പറയുംപ്രകാരം

34. സ്വഹീഹുൽബുഖാരി.614, സുനനുഅബീദാവൂദ്.529, ഇബ്നുമാജ.722, സുനനുത്തിർമിദി.211

പറഞ്ഞാൽ അവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്:

وَأَنَا أَشْـهَدُ أَنْ لَا إِلَـهَ إِلَّا اللَّهُ وَحْـدَهُ لَا شَـرِيكَ لَـهُ، وَأَشْـهَدُ أَنَّ مُحَمَّـدًا عَبْـدُهُ وَرَسُـولُهُ رَضِـيتُ بِاللَّهِ رَبًّا وَبِمُحَمَّـدٍ رَسُـولًا وَبِالْإِسْـلَامِ دِينًـا.

"*യഥാർത്ഥത്തിൽ അല്ലാഹുവല്ലാതെ ഇബാദത്തിന് അർഹനായി ആരുമില്ലെന്നും അവന്ന് യാതൊരു പങ്കുകാരുമില്ലെന്നും മുഹമ്മദ്(ﷺ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു. അല്ലാഹുവിനെ റബ്ബായും മുഹമ്മദ് നബി(ﷺ)യെ റസൂലായും ഇസ്‌ലാമിനെ ദീനായും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.*" *35

35. സുനനുഅബീദാവൂദ്.525, അൽബാനിയുടെ സ്വഹീഹ് അബീദാവൂദ്.537

5) നബി(ﷺ) പറഞ്ഞതായി അബ്ദുല്ലാഹിബ്ൻ അംറിൽനിന്ന് നിവേദനം:*36

*"ബാങ്കു വിളിക്കുന്നത് കേട്ടാൽ അദ്ദേഹം പറയുന്നതുപോലെ നിങ്ങളും പറയുക. ശേഷം എന്റെമേൽ സ്വലാത്ത് ചൊല്ലുക. എന്റെമേൽ ഒരു സ്വലാത്ത് ചൊല്ലിയവന് അല്ലാഹു പത്ത് സ്വലാത്ത് നിർവഹിക്കും.(അഥവാ-അവന് അല്ലാഹു റഹ്മത്ത് ചൊരിയും.) പിന്നെ നിങ്ങൾ എനിക്കുവേണ്ടി വസീലത്ത് ചോദിക്കുക. അല്ലാഹുവിന്റെ അടിമകളിൽ പെട്ട ഒരടിമക്ക് നൽകപ്പെടുന്ന സ്വർഗത്തിലുള്ള ഒരു പ്രത്യേക പദവിയാണത്. ആ അടിമ ഞാനായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആരെങ്കിലും എനിക്ക് വസീലത്തിനുവേണ്ടി പ്രാർത്ഥിച്ചാൽ അവന് (എ*

36. സ്വഹീഹ് ഇബ്നുഹിബ്ബാൻ.1692, അൽബാനി-തഖ്രീജുൽകലിമിത്വയ്യിബ്.71

*ന്റെ) ശഫാഅത്ത് ലഭിക്കുന്നതാണ്.*"

O ബാങ്കുവിളിക്കുമ്പോൾ ബാങ്കുകാരൻ പറയുന്നതുപോലെ പറയുക, ബാങ്കിനുശേഷം നബി(ﷺ)യുടെ മേൽ സ്വലാത്ത് ചൊല്ലുക, പിന്നെ നബി(ﷺ)ക്കുവേണ്ടി വസീലത്ത് ചോദിക്കുക എന്നീ മൂന്നു സുന്നത്തുകൾ നിർവഹിക്കുന്ന കാര്യത്തിൽ പലരും ഉദാസീനരാണ്. അജ്ഞത, മറവി, സുന്നത്തിന്റെ പ്രാധാന്യത്തെക്കുറിച്ച അലംഭാവം എന്നിങ്ങനെ പല കാരണങ്ങൾ അതിനുണ്ടാവും. അല്ലാഹു നമ്മെ നേർമാർഗത്തിൽ നില നിർത്തട്ടെ.

O ബാങ്കിനുശേഷം അല്ലാഹുവിനോട് خير (ഖൈർ)ആയ കാര്യങ്ങൾക്കായി ദുആചെയ്താൽ അത് ലഭിക്കും.

ഒരാൾ നബി(ﷺ)യോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ബാങ്കുവിളിക്കുന്നവർ ഞങ്ങളെക്കാൾ ശ്രേഷ്ഠന്മാരാണല്ലോ.? അ

പ്പോൾ നബി(ﷺ) പറഞ്ഞു: ബാങ്കുകാരൻ പറയുന്നതുപോലെ നീയും പറഞ്ഞോളൂ. ബാങ്ക് അവസാനിച്ചശേഷം നീ അല്ലാഹുവിനോട് (വല്ല കാര്യവും) ചോദിച്ചാൽ അത് നൽകപ്പെടും.*37

7) ബാങ്കിനും ഇഖാമത്തിനുമിടയിൽ തനിക്കുവേണ്ടി പ്രാർത്ഥിക്കുക. നബി(ﷺ) പറഞ്ഞതായി അനസി(رضي الله عنه)ൽ നിന്ന് ഇപ്രകാരം നിവേദനമുണ്ട്:

لا يُرَدُّ الدُّعاءُ بينَ الأذانِ والإقامة

*"ബാങ്കിനും ഇഖാമത്തിനുമിടയിലുള്ള പ്രാർത്ഥന തള്ളപ്പെടുകയില്ല."**38

---

37. നസാഇൗ-സുനനുൽകുബ്റാ.9789,അൽബാനി-അഥ്ഥമറുൽമുസ്തത്വാബ്.1/195
38. (സുനനുഅബീദാവൂദ്.521, ഇത് സ്വഹീഹാണെന്ന് അൽബാനി പറഞ്ഞിട്ടുണ്ട്.സ്വഹീഹ് അബീദാവൂദ്.534, തമാമുൽമിന്ന.1/149)

8) റസൂൽ(ﷺ) പറഞ്ഞതായി സഹ്‌ലുബ്ൻസഅ്ദി(رضي الله عنه)ൽനിന്ന് നിവേദനം:

سَاعَتَانِ تُفْتَحُ لَهُمَا أَبْوَابُ السَّمَاءِ، وَقَلَّ دَاعٍ تُرَدُّ عَلَيْهِ دَعْوَتُهُ: حِينَ يَحْضُرُ النِّدَاءُ وَالصَّفُّ فِي سَبِيلِ اللَّهِ.

*“ആകാശ വാതിലുകൾ തുറക്കപ്പെടുന്ന രണ്ടു സമയങ്ങളുണ്ട്. ആ സമയങ്ങളിൽ ദുആ ചെയ്യുന്നവന്റെ ദുആ അപൂർവ്വമായി മാത്രമേ തള്ളപ്പെടുകയുള്ളൂ. നമസ്കാരത്തിന് വിളിക്കപ്പെടുന്ന സമയത്തും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദിന് അണിനിരക്കുമ്പോഴും.”* *39

ബാങ്കിന്റെ വാചകങ്ങൾ കേൾക്കുമ്പോഴെ

39. ബുഖാരി–അദബുൽമുഫ്റദ്.661, അൽബാനി–അഥ്ഥമറുൽമുസ്തത്വാബ്.1/197,സ്വഹീഹു അദബിൽമുഫ്റദ്.515/661 എന്നിവ കാണുക.

ന്ന പോലെ ഇഖാമത്തിന്റെ വാചകങ്ങൾ കേൾക്കുമ്പോഴും മറ്റുള്ളവർ, അതേപോലെ ചൊല്ലേണ്ടതാണ്. قَـدْ قَامَـتِ الصَّـلَاةُ എന്ന് കേൾക്കുമ്പോൾ أقامَها اللهُ وأدامَها എന്നു പറയണമെന്ന രിവായത്ത് ദുർബലമാണെന്ന് ഇമാം നവവിയും ഇബ്നുഹെജറുൽഅസ്ഖലാനിയും മറ്റും പറഞ്ഞിട്ടുണ്ട്.

അൽബാനി *തമാമുൽമിന്നയിൽ* ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. *40

അതുപോലെത്തന്നെ ബാങ്കിനും ഇഖാമത്തിനുമിടക്ക് നമസ്കാരം സുന്നത്തുണ്ട്. **നബി**(ﷺ) പറയുന്നത് നോക്കൂ:

بَيْنَ كُلِّ أَذَانَيْنِ صَلاَةٌ

*''എല്ലാ രണ്ട് ബാങ്കുകൾക്കുമിടക്ക്(ബാങ്കിനും ഇഖാമത്തിനുമിടക്ക്) നമസ്കാരമുണ്ട്.. ......എന്ന് മൂന്നുവട്ടം പറഞ്ഞു.അവസാനം*

40. തമാമുൽമിന്ന.149 കാണുക.

പറഞ്ഞു: (لِمَنْ شَاءَ -ഉദ്ദേശിക്കുന്നവർക്ക്)''*41

# നമസ്കാരത്തിനു മുമ്പ് ഒരുൽബോധനം

അനസി(رضي الله عنه)ൽനിന്ന് നിവേദനം:

*''നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചശേഷം നബി(ﷺ) ഞങ്ങളെ അഭിമുഖീകരിച്ചു കൊണ്ട് ഇങ്ങനെ പറഞ്ഞു:*

أَقِيمُوا صُفُوفَكُمْ وَتَرَاصُّوا فَإِنِّي أَرَاكُمْ مِنْ وَرَاءِ ظَهْرِي .

*''നിങ്ങൾ നിങ്ങളുടെ സ്വഫ്ഫുകൾ നേരെയാക്കുകയും അണിയൊപ്പിക്കുകയും ചെയ്യുക, നിശ്ചയം, ഞാൻ നിങ്ങളെ എന്റെ പിൻവശത്തുകൂടെ കാണുന്നുണ്ട്.''*

അനസ്(رضي الله عنه) പറയുന്നു:

---

41. സ്വഹീഹുൽബുഖാരി.624

*“ഞങ്ങൾ, ഒരാൾ മറ്റൊരാളുടെ ചുമലിനോട് ചുമലും പാദത്തോട് പാദവും ചേർത്തുനിർത്താറുണ്ടായിരുന്നു.”* *42

നബി(ﷺ) പറഞ്ഞതായി ഇബ്നുഉമറിൽ (رضي الله عنه)നിന്ന് നിവേദനം:

أَقِيمُوا الصُّفُوفَ، وَحَاذُوا بَيْنَ الْمَنَاكِبِ، وَسُدُّوا الْخَلَلَ، وَلِينُوا بِأَيْدِي إِخْوَانِكُمْ، وَلَا تَذَرُوا فُرُجَاتٍ لِلشَّيْطَانِ، وَمَنْ وَصَلَ صَفًّا وَصَلَهُ اللهُ، وَمَنْ قَطَعَ صَفًّا قَطَعَهُ اللهُ عَزَّ وَجَلَّ.

*“നിങ്ങൾ സ്വഫ്ഫ് നേരെയാക്കുകയും ചുമലുകൾ തമ്മിൽഒപ്പിക്കുകയും ഇടക്കുള്ള വിടവ് നികത്തുകയും വിടവ് നികത്താനായി മറ്റൊരാൾ സ്വഫ്ഫിലേക്ക് കടന്നുവന്നാൽ അയാൾക്കുവേണ്ടി നിങ്ങൾ ഒതു*

42. (സ്വഹീഹുൽബുഖാരി.725

*ങ്ങിക്കൊടുക്കുകയും(സ്വഫ്ഫിനിടയിൽ) പിശാചിന് വിടവ് ഇട്ടുകൊടുക്കാതിരിക്കുകയും ചെയ്യുക. ആരെങ്കിലും ഒരു സ്വഫ്ഫ് (വിടവില്ലാതെ) ചേർത്തുനിന്നാൽ അവനോട് അല്ലാഹു ബന്ധംചേർക്കും. ആരെങ്കിലും സ്വഫ്ഫ് മുറിച്ചാൽ അവനോട് അല്ലാഹു ബന്ധം മുറിക്കും.''*43

o നമസ്കാരത്തിൽ സ്വഫ്ഫ് ശരിയാക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നബി(ﷺ) സ്വഫ്ഫ് നേരെയാക്കി നിർത്തിയ ശേഷം മാത്രമാണ് നമസ്കാരം ആരംഭിച്ചിരുന്നത്. ജനങ്ങളുടെ മാനസികമായ ഐക്യത്തിന്റെയും ഒരുമയുടെയും ഒരു പരിച്ഛേദം കൂടിയാണ് നമസ്കാരത്തിലെ സ്വഫ്ഫ്. നബി(ﷺ)യുടെ വാക്കിലെ ഗൗരവം

43. സുനനു അബീദാവൂദ്.666, ബൈഹഖി–സുനനിൽ കുബ്റാ.5186, അൽബാനി–സ്വഹീഹുത്തർഗീബ്.495


«Back to Index

നാം മനസ്സിലാക്കുക.

നുഅ്മാനുബ്ൻ ബശീർ(رضي الله عنه)വിൽ നിന്ന് നിവേദനം ചെയ്യപ്പെടുന്ന ഹൈദീഥ്:

“നബി(ﷺ) ഞങ്ങളുടെ നേരെ തിരിഞ്ഞു നിന്നുകൊണ്ട് ഇങ്ങനെ മൂന്നു പ്രാവശ്യം പറഞ്ഞു:

( أَقِيمُــوا صُــفُوفَكُمْ )

*“നിങ്ങൾ സ്വഫ്ഫ് നേരെയാക്കുക...”*

ശേഷം അവിടുന്ന് പറഞ്ഞു:

وَاللَّهِ لَتُقِيمُـــــنَّ صُـــــفُوفَكُمْ أَوْ لَيُخَــــالِفَنَّ اللَّه بَـــيْنَ قُلُـــوبِكُمْ.

*“നിങ്ങൾ സ്വഫ്ഫ് നേരെയാക്കുക, അല്ലാത്തപക്ഷം, അല്ലാഹു നിങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ ഭിന്നതയുണ്ടാക്കും.”*

ഇതു പറഞ്ഞുകൊണ്ട് നുഅ്മാനുബ്ൻ

ബശീർ(رضي الله عنه) പറയുകയാണ്: *44

“അപ്പോൾ ഒരാൾ തന്റെ കൂട്ടുകാരന്റെ ചുമലിനോട് ചുമലും നെരിയാണിയോട് നെരിയാണിയും ചേർത്തുനിർത്തുന്നത് ഞാൻ കണ്ടു.”

o നബി(ﷺ)യുംസ്വഹാബത്തും ഇത്ര ഗൗരവപൂർവ്വം ശ്രദ്ധിച്ചുപോന്ന ഒരുകാര്യം ഇന്ന് ജനങ്ങൾ കൈകാര്യം ചെയ്യുന്നത് എത്ര ഉദാസീനമായിട്ടാണ്! അറിവില്ലായ്മയോ ജനങ്ങളെക്കുറിച്ച ഭയമോ കാരണം പല ഇമാമുമാരും ഇത് ശ്രദ്ധിക്കുന്നില്ല. ബഹുജനങ്ങളാകട്ടെ അതിന്റെ ദീനിയായ സ്ഥാനത്തെപ്പറ്റി ബോധവാന്മാരുമല്ല! ഇതിന്റെയെല്ലാം പ്രതിഫലനമായിരിക്കാം നമുക്കിടയിലെ വ്യാപകമായ അനൈക്യവും ഛിദ്രതയും.!

44. സ്വഹീഹ് ഇബ്നുഹിബ്ബാൻ.2176, അൽബാനി-അത്തഅ്ലീഖാതുൽഹിസാൻ.2173

# നമസ്കാരത്തിലെ പ്രാരംഭ പ്രാർത്ഥന.

1) നമസ്കാരത്തിൽ പ്രാരംഭ പ്രാർത്ഥന യായി പല ദുആകളും വന്നിട്ടുണ്ട്. ഒന്ന് ഇ പ്രകാരമാണ്:

سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ وَتَبَارَكَ اسْمُكَ وَتَعَالَى جَدُّكَ وَلاَ إِلَهَ غَيْرُكَ.

*“അല്ലാഹുവേ, നിന്നെ സ്തുതിക്കുന്ന തോടൊപ്പം ഞാൻ നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. നിന്റെ നാമം മഹത്തരമായിരിക്കുന്നു. നിന്റെ മഹത്വം ഉ യർന്നിരിക്കുന്നു. യഥാർത്ഥത്തിൽ ആരാ ധിക്കപ്പെടാൻ അർഹനായി നീയല്ലാതെ മ റ്റാരുമില്ല.”* *45

45. സുനനിത്തിർമിദി.243, അൽബാനി-സ്വഹീഹ് അബൂദാവൂദ്.749

2) ഫർള് നമസ്കാരത്തിലെ ഒരു ദുആ:

اللَّهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ، كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ، اللَّهُمَّ نَقِّنِي مِنَ الْخَطَايَا كَمَا يُنَقَّى الثَّوْبُ الأَبْيَضُ مِنَ الدَّنَسِ، اللَّهُمَّ اغْسِلْ خَطَايَايَ بِالْمَاءِ وَالثَّلْجِ وَالْبَرَدِ.

*"അല്ലാഹുവേ, എനിക്കും എന്റെ പാപങ്ങൾക്കുമിടയിൽ ഉദയാസ്തമന ഗിരികൾക്കിടയിലെന്ന പോലെ നീ അകറ്റേണമേ! വെള്ളവസ്ത്രം അഴുക്കിൽ നിന്ന് വൃത്തിയാക്കപ്പെടുന്നതുപോലെ അല്ലാഹുവേ എന്നെ പാപങ്ങളിൽനിന്ന് നീ വൃത്തിയാക്കേണമേ. അല്ലാഹുവേ; മഞ്ഞുകൊണ്ടും വെള്ളംകൊണ്ടും ആലിപ്പഴം കൊണ്ടും പാപങ്ങൾ കഴുകി (എന്നെ) ശുദ്ധിവരുത്തേണമേ."* 46* ≫

3) മറ്റൊരു പ്രാർത്ഥന ഇപ്രകാരമാണ്:

وَجَّهْتُ وَجْهِيَ لِلَّذِي فَطَرَ السَّمَوَاتِ وَالْأَرْضَ حَنِيفًا مُسْلِمًا وَمَا أَنَا مِنَ الْمُشْرِكِينَ إنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ لَا شَرِيكَ لَهُ وَبِذَلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ.

اللَّهُمَّ أَنْتَ الْمَلِكُ لَا إِلَهَ لِي إِلَّا أَنْتَ، أَنْتَ رَبِّي وَأَنَا عَبْدُكَ، ظَلَمْتُ نَفْسِي وَاعْتَرَفْتُ بِذَنْبِي فَاغْفِرْ لِي ذُنُوبِي جَمِيعًا إِنَّهُ لَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ،وَاهْدِنِي لِأَحْسَنِ الْأَخْلَاقِ لَا يَهْدِي لِأَحْسَنِهَا إِلَّا أَنْتَ، وَاصْرِفْ عَنِّي سَيِّئَهَا لَا يَصْرِفُ سَيِّئَهَا إِلَّا أَنْتَ.

---

< 46. സ്വഹീഹുൽബുഖാരി.744

لَبَّيْـــكَ وَسَـــعْدَيْكَ وَالْخَـــيْرُ كُلُّــــهُ فِي يَـدَيْكَ، وَالشَّـرُّ لَيْـسَ إِلَيْـكَ أَنَا بِـكَ وَإِلَيْكَ،تَبَارَكْــــــتَ وَتَعَالَيْــــتَ، أَسْـــتَغْفِرُكَ وَأَتُـــوبُ إِلَيْـــكَ.

*"ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവന്റെ നേർക്ക്-ശിർക്കിൽനിന്ന് തൗഹീദിലേക്ക് തെറ്റിയവനായി- മുസ്ലിമായി ഞാനിതാ എന്റെ മുഖം തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവിശ്വാസികളിൽപെട്ടവനേയല്ല. നിശ്ചയം, എന്റെ നമസ്കാരവും ബലികർമ്മവും എന്റെ ജീവിതവും മരണവും റബ്ബുൽആലമീനായ അല്ലാഹുവിന്നാകുന്നു. അവന്ന് പങ്കുകാരില്ല. അതാണ് എന്നോട് കൽപിക്കപ്പെട്ടിരിക്കുന്നത്. ഞാൻ അതനുസരിക്കുന്ന (മുസ്ലിംകളിൽ) ഒന്നാമനാകുന്നു. അല്ലാഹുവേ, നീയാണ് രാജാവ്. നീയല്ലാതെ എനിക്ക് വേറെ ഇലാഹില്ല*

*തന്നെ. നീഎന്റെ റബ്ബും ഞാൻ നിന്റെ അടിമയുമാകുന്നു. ഞാൻ എന്നോട് തന്നെ ദ്രോഹം ചെയ്തിരിക്കുന്നു. എന്റെ കുറ്റം ഞാൻ സമ്മതിക്കുന്നു. എന്റെ പാപങ്ങളെല്ലാം എനിക്ക് നീ പൊറുത്തുതരേണമേ. തീർച്ചയായും പാപം പൊറുക്കാൻ നീയല്ലാതെ ആരുമില്ല. എന്നെ ഏറ്റവും നല്ല സ്വഭാവത്തിലേക്ക് നീ നയിക്കേണമേ. നീയല്ലാതെ എന്നെ ഏറ്റവും നല്ല സ്വഭാവത്തിലേക്ക് നയിക്കുകയില്ല. ചീത്ത സ്വഭാവത്തെ നീ എന്നിൽ നിന്ന് മാറ്റിത്തരേണമേ! നിനക്കല്ലാതെ എന്നിൽനിന്ന് ചീത്ത സ്വഭാവത്തെ മാറ്റിത്തരാൻ കഴിയില്ല. നിന്റെ ആജ്ഞ ഞാൻ സദാ സ്വീകരിക്കുന്നു. അതിന്ന് ഞാൻ നിന്നോട് എപ്പോഴും സഹായം ചോദിക്കുന്നു. സകല നന്മയും നിന്റെ കൈകളിലാകുന്നു. തിന്മയുടെ ഉത്തരവാദിത്തം നിനക്കല്ല. നിന്നെക്കൊണ്ടാണ് ഞാൻ ജീവിക്കു*

*ന്നത്. നിന്നിലേക്കാണ് എന്റെ മടക്കം. ഏറെ മഹത്വമുടയവനും ഉന്നതനുമാണ് നീ. നിന്നോട് ഞാൻ പാപമോചനം തേടുന്നു. നിന്നിലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും* ചെയ്യുന്നു." 47*

## ഫാതിഹക്കു മുമ്പ്

ഫാതിഹ ചൊല്ലുന്നതിനു മുമ്പ് നബി(ﷺ) പിശാചിൽനിന്ന് അല്ലാഹുവിനോട് കാവൽതേടാറുണ്ടായിരുന്നു. അതിന് വിവിധ രൂപങ്ങളുണ്ട്:

1) നബി(ﷺ) ഇപ്രകാരം പറയാറുണ്ടായിരുന്നു:

أَعُـوذُ بِاللهِ مِـنَ الشَّـيْطَانِ الـرَّجِيمِ مِـنْ هَمْـــزِهِ وَنَفْخِـــهِ وَنَفْثِـــهِ*

47. സുനനുഅബീദാവൂദ്.760,അൽബാനി-സ്വഹീഹ് അബീദാവൂദ്.738

*“ആട്ടിയോടിക്കപ്പെട്ട പിശാചിൽനിന്നും അവന്റെ ബാധയിൽനിന്നും അവൻ ഉണ്ടാക്കിത്തീർക്കുന്ന അഹംഭാവത്തിൽനിന്നും അവന്റെ ഊത്തിൽനിന്നും* ഞാൻ അല്ലാഹുവിനെക്കൊണ്ട് രക്ഷതേടുന്നു.”* *48

2) നബി(ﷺ) ചിലപ്പോൾ ചില വാക്കുകൾ അധികമായി പറയുമായിരുന്നു.

أَعُـوذُ بِاللَّهِ السَّـمِيعِ الْعَلِيـمِ مِـنَ الشَّـيْطَانِ الـرَّجِيمِ مِنْ هَمْزِهِ وَنَفْخِـهِ، وَنَفْثِـهِ.*

*“എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമായ അല്ലാഹുവിനെക്കൊണ്ട്, ആട്ടിയോടിക്കപ്പെട്ട പിശാചിൽനിന്ന് – അവന്റെ ബാധയിൽനിന്നും അവൻ ഉണ്ടാക്കിത്തീർക്കുന്ന അഹംഭാവത്തിൽനിന്നും അ*

48. മുസ്നദ് അഹ്മദ്.22179, അൽബാനി–സ്വിഫതുസ്വലാത്.1/95

വന്റെ *ഊത്തിൽ* *49 *നിന്നും– ഞാൻ രക്ഷ* തേടുന്നു.'' *50

*49 പിശാച് ബാധിച്ച്(അപസ്മാരമുണ്ടാവുന്നതിന്നാണ്) همـزه എന്ന് പറഞ്ഞിരിക്കുന്നത്. نفخـه എന്നതിന് അഹങ്കാരം എന്നാണ് വിശദീകരണംനൽകപ്പെട്ടിരിക്കുന്നത്. കാരണം, പിശാച് മനുഷ്യമനസ്സിൽ വസ്വാസുകളുണ്ടാക്കി താൻ നല്ലവനും മറ്റുള്ളവർ മോശക്കാരുമാണെന്ന ധാരണ ജനിപ്പിക്കുന്നു. പിശാചാണതിന് പിന്നിൽ പ്രവർത്തിക്കുന്നത്. ونفثـه എന്നതിന്റെ അടിസ്ഥാനപരമായ അർത്ഥം നേരിയ ഉമിനീരോടെ വായിൽനിന്ന് വല്ലതും പുറത്തേക്കു തൊടുത്തുവിടുകയെന്നാണ്. അതാണിവിടെ മലയാളത്തിൽ ഊത്ത് എന്ന് അർത്ഥം കൊടുത്തത്. പിശാചിന്റെ ഇത്തരത്തിലുള്ള ഊത്തി(نفثـه)ൽപെട്ടതാണെന്ന നിലക്ക് അതിന് കവിത എന്ന് വ്യഖ്യാനം നൽകപ്പെട്ടിട്ടുണ്ട്. മനുഷ്യൻ തന്റെ വായിൽനിന്ന് ഒരു വസ്തു പുറത്തേക്ക് വിടുകയാണതിലൂടെ. അസ്ഥാനത്ത് പ്രശംസചൊരിയാനും പെരുപ്പിച്ചു വലുതാക്കിപ്പറയാനും അല്ലെങ്കിൽ നിന്ദിക്കാനും പിശാച് കവികളെ പ്രചോദിപ്പിക്കുന്നു എന്നതുകൊണ്ടാണ് അതിനെ ആ

# സൂറതുൽഫാതിഹ

നമസ്കാരത്തിൽ സൂറതുൽഫാതിഹ പാരായണം ചെയ്യൽ നിർബന്ധമാണ്. അത് പാരായണം ചെയ്യാതെ നമസ്കരിച്ചാൽ സ്വീകരിക്കപ്പെടുകയില്ല.

സൂറതുൽഫാതിഹ പാരായണംചെയ്യേണ്ടത് ഓരോ "ആയത്തും" അവസാനിക്കുന്നേടത്ത് നിർത്തിനിർത്തിയാണ്. കാരണം, നമസ്കാരത്തിൽ നബി(ﷺ)യുടെ പാരായണം അങ്ങനെയായിരുന്നു. അല്ലാതെ രണ്ട്

---

ക്ഷേപിക്കാൻ കാരണം. സൂറതുശ്ശുഅറാഇലെ.224-226 വചനങ്ങളിൽ വിമർശിക്കപ്പെട്ട കവികളാണിവിടെയും വിമർശിക്കപ്പെട്ടത് എന്ന് മനസ്സിലാക്കാം.

* وَالشُّعَرَاءُ يَتَّبِعُهُمُ الْغَاوُونَ * أَلَمْ تَرَ أَنَّهُمْ فِي كُلِّ وَادٍ يَهِيمُونَ وَأَنَّهُمْ يَقُولُونَ مَا لَا يَفْعَلُونَ

50. അബൂദാവൂദ്.775, ഇബ്നുഖുസൈമ.467

ആയത്തുകൾ തമ്മിൽ ഒട്ടിച്ചുചേർത്തല്ല ഓതേണ്ടത്.നബി(ﷺ) ചിലപ്പോൾ *മാലികി യൗമിദ്ദീൻ* എന്നതിനു പകരം *മലികി യൗമിദ്ദീൻ* എന്നും ചൊല്ലാറുണ്ടായിരുന്നു.

"*ഉമ്മുൽഖുർആനിനെപ്പോലെ ഒന്ന് അല്ലാഹു തൗറാത്തിലോ ഇഞ്ചീലിലോ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. അതാണ് സബ്ഉൽമഥാനീ*"എന്ന് നബി(ﷺ) പറഞ്ഞതായി ഉബയ്യുബ്ൻ കഅ്ബി(رضي الله عنه)ൽനിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. *51

## സൂറതുൽ ഫാതിഹ

بِسْـــمِ اللَّهِ الــرَّحْمَنِ الــرَّحِيمِ.
الْحَمْــــــدُ لِلَّهِ رَبِّ الْعَـــــالَمِينَ .

51. സ്വഹീഹ് ഇബ്നുഖുസൈമ.500, ഇത് സ്വഹീഹാണെന്ന് അൽബാനി അസ്്ലുസിഫതിസ്സ്വലാത്.1/318 ൽ പറഞ്ഞിട്ടുണ്ട്.


«Back to Index

الــرَّحْمَنِ الــرَّحِيمِ.
مَالِـكِ يَـوْمِ الـدِّينِ.
إِيَّاكَ نَعْبُـــــدُ وَإِيَّاكَ نَسْـــــتَعِينُ.
اهْــدِنَا الصِّــرَاطَ الْمُسْــتَقِيمَ.
صِــرَاطَ الَّــذِينَ أَنْعَمْــتَ عَلَيْهِــمْ غَــيْرِ
الْمَغْضُــوبِ عَلَيْهِــمْ
وَلَا الضَّـــالِّينَ.

1) റഹ്മാനും റഹീമുമായ അല്ലാഹുവിന്റെ നാമങ്ങളിൽ ഞാൻ ആരംഭിക്കുന്നു.

2) റബ്ബുൽആലമീനായ അല്ലാഹുവിന്നാകുന്നു സർവ്വ സ്തുതികളും(അർഹതപ്പെട്ടത്).

3) അവൻ റഹ്മാനും റഹീമുമാണ്.

4) പ്രതിഫലദിനത്തിന്റെ ഉടമസ്ഥനാണവൻ.

5) നിനക്ക് മാത്രം ഞങ്ങൾ ഇബാദത്ത് ചെയ്യുന്നു. നിന്നോടുമാത്രം ഞങ്ങൾ സഹാ

*യം തേടുന്നു.*

*6) നീ ഞങ്ങളെ സ്വിറാത്വുൽമുസ്തഖീമി ലേക്ക് ചേർത്തുതരേണമേ.*

*7) അഥവാ-നീ അനുഗ്രഹിച്ചവരുടെ മാർ ഗത്തിൽ, നിന്റെ കോപത്തിന് പാത്രമായവ രുടെ മാർഗത്തിലല്ല. വഴിതെറ്റിയവരുടെ മാ ർഗത്തിലുമല്ല.*

ശേഷം *(ആമീൻ)* എന്നു പറയുക. *(ആമീ ൻ)* എന്നതും പ്രാർത്ഥനയാണ്.

*(നീ ഞങ്ങളുടെ പ്രാർത്ഥന സ്വീകരി ക്കേണമേ.)* എന്നാണതിന്റെ അർത്ഥം.

ഉച്ചത്തിൽ പാരായണം ചെയ്യപ്പെടുന്ന നമസ്കാരങ്ങളിൽ *ആമീൻ* ഉച്ചത്തിൽ പറ യണം. *ആമീൻ* എന്ന് നീട്ടിപ്പറയണം. അതാ ണ് നബിചര്യ. ഇമാം *ആമീൻ* എന്നതിന്റെ ആദ്യാക്ഷരമായ *(ആ)* തുടങ്ങുന്നതിന്റെ മു മ്പായി പിന്നിലുള്ളവർ *ആമീൻ* പറയരുത്.

നബി(ﷺ) പറഞ്ഞതായി അബൂഹുറയ്റ(رضي الله عنه)യിൽനിന്ന് നിവേദനം ചെയ്യപ്പെടുന്ന ഹദീഥിൽ ഇങ്ങനെ കാണാം:

إِذَا قَالَ أَحَدُكُمْ: آمِينَ، وَقَالَتِ الْمَلاَئِكَةُ فِي السَّمَاءِ آمِينَ، فَوَافَقَتْ إِحْدَاهُمَا الأُخْرَى غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ.

*"നിങ്ങളിലൊരാൾ ആമീൻ എന്നു പറഞ്ഞാൽ ആകാശത്തുനിന്ന് മലക്കുകൾ ആമീൻ എന്നു പറയും. അങ്ങനെ ഒന്ന് മറ്റെതിനോട് യോജിച്ചുവന്നാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും."* *52

## നമസ്കാരത്തിലെ ഖുർആൻ പാരായണം.

നമസ്കാരത്തിൽ ഫാതിഹക്കുശേഷം

52. സ്വഹീഹുൽബുഖാരി.781

ഖുർആനിലെ മറ്റു സൂറത്തോ സൂറത്തിന്റെ ഏതെങ്കിലും ഭാഗമോ പാരായണം ചെയ്യണം. അഞ്ചുനേരത്തെ നമസ്കാരങ്ങളിലും ഖിയാമുല്ലൈലിലും ജുമുഅ-പെരുന്നാൾ നമസ്കാരങ്ങളിലുമൊക്കെ നബി(ﷺ) പ്രത്യേകമായി ചില ഭാഗങ്ങൾ പാരായണത്തിന് തെരഞ്ഞെടുത്തിരുന്നതായി കാണാം. ഹെദീഥുകളിൽ അതിന്റെ വിശദരൂപങ്ങളുണ്ട്. അവിടുന്ന്(ഖിയാമുല്ലൈൽ) നിർവഹിച്ചതിന്റെ വിവരണങ്ങൾ ഹെദീഥുകളിലുണ്ട്. നബി(ﷺ)യെ സ്നേഹിക്കുന്നവർ നബിചര്യ പരമാവധി പിന്തുടരാൻ പരിശ്രമിക്കുകയാണ് വേണ്ടത്.

## റുകൂഇലെ ദിക്റുകൾ.

1) ഹുദൈഫതുബ്നുൽയമാനി( رضي الله عنه) ൽ നിന്ന് നിവേദനം. അദ്ദേഹം പറ

യുന്നു:

*“നബി(ﷺ) റുകൂഇൽ ഇപ്രകാരം മൂന്നു* പ്രാവശ്യം ചൊല്ലി :

سُبْحَانَ رَبِّيَ الْعَظِيمِ

*“മഹാനായ എന്റെ റബ്ബിനെ ഞാൻ പരിശുദ്ധിപ്പെടുത്തുന്നു.”*53*

*“നബി(ﷺ) ചിലപ്പോൾ റുകൂഇലും സുജൂദിലും ദിക്റുകൾ മൂന്നിലേറെ തവണ ആവർത്തിക്കുമായിരുന്നു.”* *54

2) ആയിശ(رضي الله عنه)യിൽനിന്ന് നിവേദനം:

*“നബി(ﷺ) റുകൂഇലും സുജൂദിലും ഇപ്രകാരം ചൊല്ലാറുണ്ടായിരുന്നു:*

53. സ്വഹീഹുമുസ്ലിം.203(772) അബൂദാവൂദ്.886
54. അൽബാനി-സ്വിഫതുസ്വലാത്.132

سُبْحَانَكَ اللَّهُمَّ رَبَّنَا وَبِحَمْدِكَ اللَّهُمَّ اغْفِرْ لِي

*"ഞങ്ങളുടെ റബ്ബായ അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം ഞാൻ നിന്നെ പരിശുദ്ധിപ്പെടുത്തുന്നു. അല്ലാഹുവേ എനിക്ക് നീ പൊറുത്തുതരേണമേ."* *55

3) നബി(ﷺ) റുകൂഇലും സുജൂദിലും ഇപ്രകാരം ചൊല്ലാറുണ്ടായിരുന്നതായി ആയിശ(رضي الله عنها) യിൽനിന്ന് നിവേദനം:

سُبُّوحٌ، قُدُّوسٌ، رَبُّ الْمَلَائِكَةِ وَالرُّوحِ.

*"മലക്കുകളുടെയും റൂഹിന്റെയും റബ്ബായ അല്ലാഹു എല്ലാ ന്യൂനതകളിൽനിന്നും മുക്തനും സ്രഷ്ടാവിന് യോജിക്കാത്ത സകലകാര്യങ്ങളിൽനിന്നും പരിശുദ്ധനുമാണ്."* *56

---

55. സ്വഹീഹുൽബുഖാരി.817, മുസ്‌ലിം.217(484)
56. സ്വഹീഹുമുസ്‌ലിം.487 ഇബ്നുഖുസൈമ.606

4) ഉഖ്ബതുബ്ൻആമിറി(رضي الله عنه)ൽനിന്ന് നിവേദനം. നബി(ﷺ) റുകൂഇൽ ഇപ്രകാരം ചൊല്ലാറുണ്ടായിരുന്നു:

سُبْحَانَ رَبِّيَ الْعَظِيمِ وَبِحَمْدِهِ

*"മഹാനായ എന്റെ റബ്ബിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു."* *57

## റുകൂഇൽ നിന്നുയരുമ്പോൾ.

1) سَمِعَ اللَّهُ لِمَنْ حَمِدَهُ എന്ന് പറയുക.

*"അല്ലാഹു, അവനെ സ്തുതിച്ചവരുടെ സ്തുതികേട്ടിരിക്കുന്നു."*

നബി(ﷺ) പറഞ്ഞതായി അനസുബ്ൻ മാലികി(رضي الله عنه)ൽനിന്ന് നിവേദനം:

57. അബൂദാവൂദ്.870, ത്വബറാനി-അദ്ദുആ.540,ബൈഹഖി-സുനനുൽകുബ്റാ.-2556

*"പിന്തുടരപ്പെടാൻ വേണ്ടിയാണ് ഇമാമിനെ ആക്കിയിട്ടുള്ളത്,.........അദ്ദേഹം റുകൂഅ് ചെയ്താൽ നിങ്ങളും റുകൂഅ് ചെയ്യുക. അദ്ദേഹം* سَمِعَ اللَّهُ لِمَنْ حَمِدَهُ *എന്നു പറഞ്ഞാൽ നിങ്ങൾ* رَبَّنَا وَلَكَ الحَمْدُ *എന്നു പറയുക."* *58.

2. റുകൂഇൽനിന്നുയർന്ന ശേഷം ഇങ്ങനെ പറയുക:

ربَّنا ولَكَ الحمدُ، حمْداً، كثيراً طيِّباً، مبارَكاً فيهِ

*"ഞങ്ങളുടെ റബ്ബേ! വിശിഷ്ടവും അനുഗ്രഹപൂരിതവുമായ ധാരാളക്കണക്കിന് സ്തുതികീർത്തനങ്ങൾ അർഹതപ്പെട്ടത് നിനക്കാണ്."* *59

3) നബി(ﷺ)യുടെ നമസ്കാരത്തെപ്പറ്റി അ

58. (സ്വഹീഹുൽബുഖാരി.735

59. (സ്വഹീഹുൽബുഖാരി.799) >>

ലി(رضي الله عنه)യിൽനിന്ന് നിവേദനംചെയ്യപ്പെടുന്ന ഹദീഥിൽ ഇങ്ങനെ കാണാം:

“നബി(ﷺ) റുകൂഇൽനിന്നുയർന്നാൽ ഇങ്ങനെ പറയുമായിരുന്നു:

سَمِعَ اللَّهُ لِمَنْ حَمِدَهُ، رَبَّنَا وَلَكَ الْحَمْدُ مِلْءَ السَّمَاوَاتِ، وَمِلْءَ الْأَرْضِ، وَمِلْءَ مَا شِئْتَ مِنْ شَيْءٍ بَعْدُ.

---

< * “നബി(ﷺ)യുടെ കൂടെ നമസ്കരിച്ചുകൊണ്ടിരിക്കെ റുകൂഇൽനിന്നുയർന്നപ്പോൾ ഒരാൾ പിന്നിൽനിന്ന് മേൽപറഞ്ഞ രീതിയിൽ ചൊല്ലി. നമസ്കാരം കഴിഞ്ഞപ്പോൾ നബി(ﷺ) ചോദിച്ചു: ആരായിരുന്നു അങ്ങനെ ചൊല്ലിയത്? അയാൾ പറഞ്ഞു: ഞാനായിരുന്നു അത്. അപ്പോൾ അവിടുന്ന് പറഞ്ഞു: അത് ആര് ആദ്യം രേഖപ്പെടുത്തുമെന്ന് മുപ്പതിലേറെ മലക്കുകൾ മത്സരിക്കുന്നത് ഞാൻ കണ്ടു.”

(നോക്കുക: സ്വഹീഹുൽബുഖാരി.799)

*"അല്ലാഹു, അവനെ സ്തുതിച്ചവരുടെ സ്തുതി കേട്ടിരിക്കുന്നു. ഞങ്ങളുടെ റബ്ബേ! ആകാശങ്ങൾ നിറയെയും, ഭൂമി നിറയെയും ശേഷം നീ ഉദ്ദേശിച്ചതെല്ലാം നിറയെയുമുള്ള മുഴുവൻ സ്തുതികളും നിനക്കാണ് അർഹതപ്പെട്ടത്."**60

o നമസ്കാരത്തിലെ ഓരോ ദിക്റിന്നുമുള്ള പ്രാധാന്യവും മഹിമയും മനസ്സിലാക്കി ബോധത്തോടും ശ്രദ്ധയോടും ദുനിയാവ് ഒഴിവാക്കി മനസ്സാന്നിധ്യത്തോടും കൂടി നിർവഹിക്കാനായാൽ അതൊരു മഹാ നേട്ടമായിരിക്കും.

# സുജൂദിലെ ദിക്റുകൾ.

1) ഹുദൈഫ(رضي الله عنه)വിൽനിന്ന് നിവേദ

60. ത്വബറാനി-അദ്ദുആ.548,സുനനു അബീദാവൂദ്. 846, അൽബാനി-അസ്ലുസ്വിഫതിസ്സ്വലാത്.2/691

നം ചെയ്യപ്പെടുന്ന ഹദീഥിൽ ഇങ്ങനെ കാണാം:

“പിന്നെ നബി(ﷺ) സുജൂദ് ചെയ്തു. സുജൂദിൽ അവിടുന്ന് ഇങ്ങനെ മൂന്നുവട്ടം പറഞ്ഞു:

سُبْحَانَ رَبِّيَ الْأَعْلَى

*“അത്യുന്നതനായ എന്റെ റബ്ബിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു”**61

*(അവിടുന്ന് ചിലപ്പോൾ ഇത് മൂന്നിലേറെ തവണ ചൊല്ലുമായിരുന്നു.)*

2) ആയിശ(رضي الله عنها)യിൽനിന്ന് നിവേദനം:

“നബി(ﷺ) റുകൂഇലും സുജൂദിലും ധാരാളമായി ഇപ്രകാരം പറയാറുണ്ടായിരുന്നു:

---

61. സ്വഹീഹുമുസ്ലിം.772-203

سبْحانَكَ اللهم ربَّنا وبحَمدِكَ، اللهمَّ اغفِرْ لي

*"ഞങ്ങളുടെ റബ്ബായ അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്നെ ഞാന്‍ പരിശുദ്ധിപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹുവേ, എനിക്ക് നീ പൊറുത്തുതരേണമേ."* *62

3) سُبُّوحٌ قُدُّوسٌ، رَبُّ الْمَلَائِكَةِ وَالرُّوحِ

എന്നു ചൊല്ലുക.

*"മലക്കുകളുടെയും റൂഹിന്റെയും റബ്ബായ അല്ലാഹു എല്ലാ ന്യൂനതകളില്‍നിന്നും മുക്തനും സ്രഷ്ടാവിന് യോജിക്കാത്ത സകല കാര്യങ്ങളില്‍നിന്നും പരിശുദ്ധനുമാണ്."* *63

---

62. സ്വഹീഹുല്‍ബുഖാരി.794, സ്വഹീഹുമുസ്‌ലിം.484-217)

63. (സ്വഹീഹുമുസ്‌ലിം. 487-223)

4) നബി(ﷺ) സുജൂദിൽ ഇപ്രകാരം ചൊല്ലാറുണ്ടായിരുന്നുവെന്ന് അബൂഹുറയ്റയി (رضي الله عنه)ൽ നിന്നുള്ള ഒരു രിവായത്തിലുണ്ട്:

اللَّهُـمَّ اغْفِـرْ لِي ذَنْـبِي كُلَّـهُ دِقَّـهُ وَجِلَّـهُ وَأَوَّلَـهُ وَآخِـرَهُ وَعَلانِيَتَـهُ وَسِـرَّهُ.

*"അല്ലാഹുവേ, ചെറുതും വലുതും ആദ്യത്തെതും അവസാനത്തെതും രഹസ്യമായതും പരസ്യമായതുമായ എന്റെ എല്ലാ പാപങ്ങളും നീ പൊറുത്തുതരേണമേ."* *64

## ഇടയിലെ ഇരുത്തത്തിൽ.

സുജൂദുകൾക്കിടയിലെ ഇരുത്തത്തിൽ ഇങ്ങനെ പ്രാർത്ഥിക്കുക:

64. സ്വഹീഹുമുസ്‌ലിം.216(483)

1) رَبِّ اغْفِرْ لِي، رَبِّ اغْفِرْ لِي

*“റബ്ബേ, എനിക്ക് നീ പൊറുത്തുതരേണമേ. റബ്ബേ, എനിക്ക് നീ പൊറുത്തുതരേണമേ.”* *65

2) മറ്റൊരു പ്രാർത്ഥന ഇങ്ങനെയാണ്:

اللهــمّ اغْفِــرْ لِي وارْحَمْــنِي واهْــدِنِي واجْــبُرْنِي وَعَــافِنِي وارزُقْــنِي .

*“അല്ലാഹുവേ! എനിക്ക് നീ പൊറുത്തുതരേണമേ, എന്നോട് നീ കരുണകാണിക്കേണമേ, എന്നെ നീ നേർമാർഗത്തിലാക്കേണമേ. എന്റെ ന്യൂനതകൾ നീ പരിഹരിച്ചുതരേണമേ, എനിക്ക് നീ സുഖം നൽകേണമേ. എനിക്ക് നീ രിസ്ഖ് നൽകേണമേ.”* *66

---

65. (അബൂദാവൂദ്.874, അൽബാനി–സ്വഹീഹ് അബീ ദാവൂദ്.818)

66. അൽബാനി–തഖ്രീജുൽൽകലിമിത്വയ്യിബ്.1/106,

# തശഹ്ഹുദ്.

1) ഇബ്നുമസ്ഊദി(رضي الله عنه)ൽനിന്ന് നിവേദനം ചെയ്യപ്പെടുന്ന ഹെദീഥിൽ നബി (ﷺ) ഇപ്രകാരം തശഹ്ഹുദ് ചൊല്ലാൻ പഠിപ്പിക്കുന്നുണ്ട്:

التَّحِيَّاتُ لِلَّهِ وَالصَّلَوَاتُ وَالطَّيِّبَاتُ السَّلَامُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللَّهِ وَبَرَكَاتُهُ، السَّلَامُ عَلَيْنَا وَعَلَى عِبَادِ اللَّهِ الصَّالِحِينَ، أَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ،وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.

*"എല്ലാ അഭിവാദനങ്ങളും എല്ലാ നമസ്കാരങ്ങളും എല്ലാ സൽകാര്യങ്ങളും (അവ*

---

<ഇതേപ്രാർത്ഥന പദവ്യത്യാസത്തോടെ സുനനു അബീദാവൂദ്,ഇബ്നുമാജ തുടങ്ങിയ പല കൃതികളിലുമുണ്ട്.

*കാശപ്പെട്ടത് അല്ലാഹുവിന്നാകുന്നു.) നബി യേ; അല്ലാഹുവിന്റെ സലാമും റഹ്മത്തും ബറകതുകളും അങ്ങേയ്ക്കുണ്ടാവട്ടെ. നമുക്കും അല്ലാഹുവിന്റെ സദ്‌വൃത്തരായ സകല ദാസന്മാർക്കും സലാംഉണ്ടാവട്ടെ. യഥാർത്ഥത്തിൽ ആരാധനക്ക് അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. തീർച്ചയായും മുഹമ്മദ്നബി(ﷺ) അല്ലാഹുവിന്റെ ദാസനുംദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു."** 67

2) ഇബ്നുഅബ്ബാസി(رضي الله عنه)ൽനിന്ന് നിവേദനം ചെയ്യപ്പെടുന്ന ഹദീഥിൽ ഇങ്ങനെയാണുള്ളത്:

التَّحِيَّـــاتُ الْمُبَارَكَـــاتُ الصَّـــلَوَاتُ الطَّيِّبَـــاتُ لِلَّهِ السَّـــلَامُ عَلَيْـــكَ أَيُّهَـــا

67. സ്വഹീഹുൽബുഖാരി 1202.

النَّبِيُّ وَرَحْمَةُ اللَّهِ وَبَرَكَاتُهُ السَّلَامُ عَلَيْنَا وَعَلَى عِبَادِ اللَّهِ الصَّالِحِينَ،أَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ وَأَشْهَدُ أَنَّ مُحَمَّدًا رَسُولُ اللَّهِ .

*"എല്ലാ അഭിവാദനങ്ങളും അനുഗൃഹീതകാര്യങ്ങളും എല്ലാ നമസ്കാരങ്ങളും എല്ലാ സൽകാര്യങ്ങളും (അല്ലാഹുവിന്നാകുന്നു അവകാശപ്പെട്ടത്.) നബിയേ; അല്ലാഹുവിന്റെ സലാമും റഹ്മത്തും ബറകതുകളും അങ്ങേയ്ക്കുണ്ടാവട്ടെ. നമുക്കും അല്ലാഹുവിന്റെ സദ്വൃത്തരായ സകല ദാസന്മാർക്കും സലാം ഉണ്ടാവട്ടെ. യഥാർത്ഥത്തിൽ ആരാധനക്ക് അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. തീർച്ചയായും മുഹമ്മദ് നബി (ﷺ) അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യംവഹിക്കുന്നു."* *68 >

* (താങ്കൾക്ക്) എന്ന് അഭിസംബോധന ചെയ്യുന്ന(كاف الخطاب) ഉപയോഗിച്ച് السلام عليك أيها النبي എന്ന് പറഞ്ഞിരുന്നത് നബി(ﷺ)യുടെ ജീവിതകാലത്തായിരുന്നു. അവിടുത്തെ മരണശേഷം السلام على النبي എന്നായിരുന്നു സ്വഹാബിമാർ ചൊല്ലിയിരുന്നത്.*69

## തശഹ്ഹുദിന് ശേഷമുള്ള സ്വലാത്ത്

اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ، وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ، اللَّهُمَّ بَارِكْ
عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ، كَمَا بَارَكْتَ عَلَى

---

<68. സുനനുഅബീദാവൂദ്.974, ഇബ്നുമാജ.900

69. സ്വഹീഹുൽബുഖാരി.6265,ഫത്ഹുൽബാരി.11/56, അൽബാനി-അസ്ലുസ്വിഫതിസ്വലാത്ത്.3/883 എന്നിവ കാണുക.

إِبْـرَاهِيمَ، وَعَلَـى آلِ إِبْـرَاهِيمَ إِنَّـكَ حَمِيـدٌ مَجِيـــدٌ.

*"അല്ലാഹുവേ, മുഹമ്മദ് നബി(ﷺ)ക്കും കുടുംബത്തിനും നീ (സ്വലാത്ത് നിർവഹിക്കേണമേ) ഇബ്റാഹീംനബിക്കും കുടുംബത്തിനും നീ സ്വലാത്ത് നിർവഹിച്ചതു പോലെ. തീർച്ചയായും നീയാകുന്നു സ്തുത്യർഹനും മഹത്വമേറിയവനും.* *70

---

*70. മുഹെമ്മദ്നബിയുടെ മേൽ നീ സ്വലാത്ത് നിർവഹിക്കേണമേ എന്നാണ് اللهم صل على محمد എന്നതിന്റെ നേർക്കുനേരെ അർത്ഥം. അല്ലാഹു മലക്കുകളുടെ മുമ്പിൽ നബി(ﷺ)യെപ്പറ്റി പുകഴ്ത്തിപ്പറയുന്നതിനെയാണ് അല്ലാഹു സ്വലാത്ത് നിർവഹിക്കുക എന്നു പറഞ്ഞത്.പ്രമുഖ താബിഈ പണ്ഡിതനായ അബുൽആലിയതുർറയാഹിയുടെതായി ഇമാം ബുഖാരി തന്റെ സ്വഹീഹിൽ(6/120) കൊടുത്ത വിവരണമാണിത്. തഫ്സീറുസ്സഅദി.1/671,തഫ്സീർഇബ്നുകഥീർ.6/457 എന്നിവ കൂടി കാണുക.)

*“അല്ലാഹുവേ, നീ മുഹമ്മദ് നബി(ﷺ) ക്കും കുടുംബത്തിന്നും ബറകത്ത് ചൊരിയേണമേ. ഇബ്റാഹീം നബിക്കും കുടുംബത്തിനും നീ ബറകത്ത് ചൊരിഞ്ഞതുപോലെ. തീർച്ചയായും നീയാകുന്നു സ്തുത്യർഹനും മഹത്വമേറിയവനും.”*

നബി(ﷺ) പഠിപ്പിച്ചുകൊടുത്തതായി കഅ്ബുബ്ൻഉജ്റ(رضي الله عنه) വിവരിക്കുന്ന സ്വ ലാത്തിന്റെ രൂപമാണിത്.*71

തശഹ്ഹുദിന് ശേഷമുള്ള സ്വലാത്തിന്റെ മറ്റുചില രൂപങ്ങൾകൂടി കാണുക:

2) ഇമാംഅഹ്മദും ത്വഹാവിയും രേഖപ്പെടുത്തിയ ഒരു രൂപം ഇങ്ങനെയാണ്:

**اللهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى أَهْلِ بَيْتِهِ وَعَلَى أَزْوَاجِهِ وَذُرِّيَّتِهِ، كَمَا صَلَّيْتَ**

---

71. സ്വഹീഹുൽബുഖാരി.3370

عَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ ، وَبَارِكْ عَلَى مُحَمَّدٍ وَعَلَى أَهْلِ بَيْتِهِ، وَعَلَى أَزْوَاجِهِ وَذُرِّيَّتِهِ كَمَا بَارَكْتَ عَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ. *72

3) മൂസബ്നുത്വൽഹ അദ്ദേഹത്തിന്റെ പിതാവിൽനിന്ന് ഉദ്ധരിക്കുന്നു:*73

اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وآلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ، اللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ

---

72. മുസ്നദ് അഹ്മദ്.23173, ത്വഹാവീ-ശർഹ് മുശ്കിലുൽ ആഥാർ.2239

*أَهْلِ بَيْتِ എന്നാൽ നബികുടുംബമെന്നും أَزْوَاجِ എന്നാൽ ഭാര്യമാർ എന്നും ذُرِّيَّة എന്നാൽ മക്കൾ എന്നുമാണർത്ഥം.

73. സുനനുഇബ്നിമാജ.906 സ്വഹീഹ് ഇബ്നിഹിബ്ബാ

وآلِ إِبْـــرَاهِيمَ إِنَّــكَ حَمِيــدٌ مَجِيــدٌ.

4) മറ്റൊരു രൂപം:

اللَّهُــمَّ صَــلِّ عَلَـى مُحَمَّــدٍ النَّــبِيِّ الْأُمِّــيِّ، وَعَلَــى آلِ مُحَمَّــدٍ، كَمَـا صَـلَّيْتَ عَلَـى آلِ إِبْـرَاهِيمَ، وَبَارِكْ عَلَـى مُحَمَّـدٍ النَّـبِيِّ الْأُمِّـيِّ، وَعَلَـى آلِ مُحَمَّـدٍ، كَمَـا بَارَكْـتَ عَلَــى آلِ إِبْــرَاهِيمَ فِي العَــالَمِينَ إِنَّــكَ حَمِيــدٌ مَجِيــدٌ.74

5) മറ്റൊരു രൂപം:

اللَّهُـمَّ صَـلِّ عَلَـى مُحَمَّـدٍ عَبْـدِكَ وَرَسُـولِكَ، كَمَـا صَــلَّيْتَ عَلَــى إِبْــرَاهِيمَ، وَبَارِكْ عَلَــى مُحَمَّــدٍ وَعَلَـى آلِ مُحَمَّـدٍ، كَمَـا بَارَكْـتَ عَلَـى إِبْـرَاهِيمَ وَآلِ إِبْـــرَاهِيمَ.75

>

ൻ.1957,അൽബാനി-സ്വിഫതുസ്വലാത്.1/165

74. വിശദീകരണത്തിന് അൽബാനിയുടെ സ്വിഫതു സ്വലാത്തിന്നബി.1/166.കാണുക.

# തശഹ്ഹുദിന്നും സ്വലാത്തിന്നും ശേഷമുള്ള ദുആ.

ഇത് വിവിധ രൂപങ്ങളിലായി ഹദീഥു കളിൽ വന്നിട്ടുണ്ട്. ചിലത് കാണുക:

1) നബി(ﷺ) നമസ്കാരത്തിൽ ദുആചെയ്തിരുന്നതായി ആയിശ(رضي الله عنها)യുടെ ഹദീഥിൽ ഇങ്ങനെ കാണാം:

اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ الْقَبْرِ وَأَعُوذُ بِكَ مِنْ فِتْنَةِ الْمَسِيحِ الدَّجَّالِ وَأَعُوذُ بِكَ مِنْ فِتْنَةِ الْمَحْيَا، وَفِتْنَةِ الْمَمَاتِ، اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْمَأْثَمِ وَالْمَغْرَمِ.

*“അല്ലാഹുവേ, ഖബ്റിലെ ശിക്ഷയിൽനി*

---

<75. സ്വഹീഹുൽബുഖാരി.6358

*ന്നും ദജ്ജാലിന്റെ ഫിത്നയിൽ നിന്നും ജീവിതത്തിലെയും മരണസമയത്തെയും ഫിത്നകളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. കുറ്റം ചെയ്തുപോകുന്നതിൽനിന്നും കടം കുന്നുകൂടുന്നതിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.''**76

2) മറ്റൊരു ദുആ:

اللهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ جَهَنَّمَ، وَمِنْ عَذَابِ الْقَبْرِ، وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ،وَمِنْ شَرِّ فِتْنَةِ الْمَسِيحِ الدَّجَّالِ.

*“അല്ലാഹുവേ, നരകശിക്ഷയിൽനിന്നും ഖബ്റിലെ ശിക്ഷയിൽനിന്നും ജീവിതത്തിലെയും മരണനേരത്തെയും ഫിത്നകളിൽനിന്നും മസീഹുദ്ദജ്ജാലിന്റെ ഫിത്നയുടെ കെടുതികളിൽ നിന്നും നിന്നോട് ഞാ*

76. (ബുഖാരി.832, മുസ്ലിം.129-589)

ൻ രക്ഷതേടുന്നു.''*77

3) മറ്റൊരു ദുആ:

اللَّهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا وَلاَ يَغْفِرُ الذُّنُوبَ إِلَّا أَنْتَ، فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ، وَارْحَمْنِي إِنَّكَ أَنْتَ الغَفُورُ الرَّحِيمُ.

''അല്ലാഹുവേ, ഞാൻ എന്നോട് തന്നെ ധാരാളം ദ്രോഹം ചെയ്തിരിക്കുന്നു. പാപങ്ങൾ പൊറുക്കാൻ നീയല്ലാതെ മറ്റാരുമില്ല. അതിനാൽ നിന്റെ പക്കൽനിന്നുള്ള പാപമോചനം നൽകി എനിക്ക് നീ പൊറുത്തുതരേണമേ. തീർച്ചയായും നീ ധാരാളം പൊറുക്കുന്നവനും ധാരാളം കരുണചെയ്യുന്നവനുമാണല്ലോ.''*78

77. (സ്വഹീഹുമുസ്ലിം.128-588)

78. സ്വഹീഹുൽബുഖാരി.834, മുസ്ലിം.48-2705

4) മറ്റൊരു ദുആ:

**اللَّهُـمَّ أَعِـنِّي عَلَـى ذِكْـرِكَ، وَشُـكْرِكَ، وَحُسْـنِ عِبَادَتِـــكَ.**

*"അല്ലാഹുവേ നിന്നെ സ്മരിക്കാനും നിനക്ക് നന്ദിചെയ്യാനും നിനക്കുള്ള ഇബാദത്ത് (കുറ്റമറ്റ)പെർഫെക്റ്റായിത്തീരാനും തൗഫീഖ് നൽകിക്കൊണ്ട് എന്നെ നീ സഹായിക്കേണമേ."**79

5) മറ്റൊരു ദുആ:

**اللَّهُـــمَّ إِنِّي أَسْـــأَلُكَ يَا اَللَّهُ الأَحَـــدُ الصَّـــمَدُ الَّـــذِي لَمْ يَلِـــدْ وَلَمْ يُولَـــدْ ، وَلَمْ يَكُـــنْ لَـــهُ كُفُـــوًا أَحَـــدٌ ، أَنْ تَغْفِـــرَ لِي ذُنُـــوبِي ، إِنَّـــكَ أَنْـــتَ الْغَفُـــورُ الـــرَّحِيمُ.**

---

79. നസാഇൗ-സുനനുൽകുബ്റാ.9857, അൽബാനി-സ്വഹീഹ് അബൂദാവൂദ്. 1362

*"ഏകനും നിരാശ്രയനുമായ അല്ലാഹുവേ, ജാതനോ ജനകനോ അല്ലാത്ത, തുല്യനായി യാതൊന്നുമില്ലാത്ത അല്ലാഹുവേ, എനിക്ക് നീ പൊറുത്തുതരണമെന്ന് ഞാൻ നിന്നോട് ആവശ്യപ്പെടുകയാണ്. നിശ്ചയം നീ ധാരാളം പൊറുക്കുന്നവനും ധാരാളം കരുണചെയ്യുന്നവനുമാണല്ലോ"** 80

6) മറ്റൊരു ദുആ:

اللَّهُمَّ اغْفِرْ لِي مَا قَدَّمْتُ وَمَا أَخَّرْتُ، وَمَا أَسْرَرْتُ وَمَا أَعْلَنْتُ، وَمَا أَسْرَفْتُ وَمَا أَنْتَ أَعْلَمُ بِهِ مِنِّي، أَنْتَ الْمُقَدِّمُ وَأَنْتَ الْمُؤَخِّرُ،لَا إِلَهَ إِلَّا أَنْتَ.

*"അല്ലാഹുവേ ഞാൻ മുമ്പെ ചെയ്തതും പിമ്പെ ചെയ്തതും രഹസ്യമായി ചെയ്ത*

80. നസാഇൗ–സുനനുൽകുബ്റാ.1225, മുസ്നദ് അഹ്മദ്.18974, അൽബാനി–സ്വിഫതുസ്വലാത്ത്.1/186

*തും പരസ്യമായി ചെയ്തതും അതിരുവി ട്ടുചെയ്തതും എന്നെക്കാൾ നിനക്ക് കൂടു തൽ അറിയുന്നതുമായ പാപങ്ങൾ നീ പൊ റുത്തുതരേണമേ. മുന്തിക്കുന്നവനും പിന്തി ക്കുന്നവനും നീയാണ്. നീയല്ലാതെ യഥാർ ത്ഥത്തിൽ ആരാധിക്കപ്പെടാൻ അർഹനാ യി ആരുമേയില്ല.''**81

O തശഹ്ഹുദിന്റെയും സ്വലാത്തിന്റെയും, അ തിനുശേഷമുള്ള ദുആകളുടെയും വിവിധ രൂ പങ്ങൾ ഹെദീഥുകളിലുണ്ട്. ഓരോന്നും മാറി മാറി ചൊല്ലി നബി(ﷺ)യുടെ സുന്നത്ത് പൂർ ണമായി പ്രയോഗവൽക്കരിക്കുകയാണ് വേ ണ്ടത്.

തശഹ്ഹുദും സ്വലാത്തും ദുആയും ക ഴിഞ്ഞാൽ പിന്നെ നബി(ﷺ) കവിൾത്തടം കാണപ്പെടുന്ന വിധത്തിൽ ഇടത്തോട്ടും വ

81. ബൈഹഖി–സുനനുൽകുബ്റാ.2343 ഇബ്നുഖു സൈമ.723, സിഫതുസ്വലാതിന്നബി.1/94

*ലത്തോട്ടുമായി* السَّـلَامُ عَلَيْكُـمْ وَرَحْمَـةُ اللَّهِ എന്ന് സലാം പറയാറുണ്ടായിരുന്നു.*82

# നമസ്കാര ശേഷമുള്ള ദിക്റുകൾ

1) മൂന്നുതവണ أَسْـــــتَغْفِرُ الله എന്നുചൊല്ലുക. നബി(ﷺ) നമസ്കാരം കഴിഞ്ഞാൽ അങ്ങനെ പറയാറുണ്ടായിരുന്നതായി ഥൗബാൻ(رضي الله عنه) വിൽനിന്നുള്ള ഹദീഥിലുണ്ട്.

ശേഷം അവിടുന്ന് ഇങ്ങനെ പറയും:

**اللَّهُـمَّ أَنْـتَ السَّـلاَمُ وَمِنْـكَ السَّـلاَمُ تَبَارَكْـتَ ذَا الْجَـلاَلِ وَالإِكْـرَامِ.**

*“അല്ലാഹുവേ, നീയാണ് സലാം. നിന്നിൽനിന്നാണ് സലാം. ഔന്നത്യവും ആദരവുമുള്ളവനേ, നീ ഏറെ മഹത്വമുള്ളവനാ*

82. സുനനുഅബീദാവൂദ്.996, ഇബ്നുമാജ.916,അൽബാനി-സ്വഹീഹ് അബീദാവൂദ്.914

*ണ്.''* *83

2) റസൂൽ(ﷺ) എല്ലാ ഫർള് നമസ്കാരങ്ങ ൾക്കുശേഷവും ഇപ്രകാരം ചൊല്ലാറുണ്ടാ യിരുന്നു:

لاَ إِلَـــهَ إِلَّا اللَّهُ وَحْـــدَهُ لاَ شَـــرِيكَ لَـــهُ، لَـــهُ الْمُلْـكُ، وَلَـهُ الحَمْـدُ، وَهُـوَ عَلَـى كُـلِّ شَـيْءٍ قَـدِيرٌ، اللَّهُــمَّ لاَ مَـانِعَ لِمَـا أَعْطَيْــتَ، وَلاَ مُعْطِـيَ لِمَـا مَنَعْـتَ، وَلاَ يَنْفَـعُ ذَا الجَـدِّ مِنْـكَ الجَــدُّ.

*''യഥാർത്ഥത്തിൽ ആരാധനയ്ക്ക് അർ ഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അ വൻ ഏകനാണ്. അവന്ന് പങ്കുകാരില്ല. അ വന്നാണ് ഉടമാവകാശം. അവന്നാണ് സർ വ്വസ്തുതിയും. അവനാണ് എല്ലാറ്റിനും ക*

83. ഇബ്നിമാജ.928, അൽബാനി-സ്വഹീഹുൽജാമി അ്.4688

*ഴിവുള്ളവൻ. അല്ലാഹുവേ നീ തന്നത് തടയാൻ ആരുമില്ല. നീ തടഞ്ഞത് തരാനും ആർക്കും കഴിയില്ല. പ്രതാപമുള്ളവന് ആ പ്രതാപം നിന്റെയടുത്ത് യാതൊരുപകാരവും ചെയ്യുകയില്ല.''* *84

3) നബി(ﷺ) എല്ലാ നമസ്കാരങ്ങൾക്കുശേഷവും ചൊല്ലാറുണ്ടായിരുന്നതായി ഇബ്നുസ്സുബൈർ പറയുന്നു:

لَا إِلَـهَ إِلَّا اللهُ وَحْـدَهُ لَا شَـرِيكَ لَـهُ، لَـهُ الْمُلْـكُ وَلَـهُ الْحَمْـدُ وَهُـوَ عَلَـى كُـلِّ شَـيْءٍ قَـدِيرٌ، لَا حَـوْلَ وَلَا قُـوَّةَ إِلَّا بِاللهِ، لَا إِلَـهَ إِلَّا اللهُ، وَلَا نَعْبُـدُ إِلَّا إِيَّاهُ، لَـهُ النِّعْمَـةُ وَلَـهُ الْفَضْـلُ، وَلَـهُ الثَّنَـاءُ الْحَسَـنُ، لَا إِلَـهَ إِلَّا اللهُ مُخْلِصِـينَ لَـهُ الـدِّينَ وَلَـوْ كَـرِهَ الْكَـافِرُونَ.

84. സ്വഹീഹുൽബുഖാരി.844, മുസ്‌ലിം.137–593

"യഥാർത്ഥത്തിൽ ആരാധ്യനാവാൻ അർഹതയുള്ളവൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ ഏകനാണ്. അവന്ന് പങ്കുകാരില്ല. അവന്നാണ് ഉടമാവകാശം. അവന്നാണ് സർവ്വ സ്തുതിയും അവകാശപ്പെട്ടത്. അവനാകുന്നു എല്ലാറ്റിനും കഴിവുള്ളവൻ. അല്ലാഹുവിനെക്കൊണ്ടല്ലാതെ ഒരവസ്ഥയിൽനിന്ന് മാറാനോ (വല്ല പ്രവൃത്തിയും ചെയ്യാനോ) ഉള്ള കഴിവില്ല. യഥാർത്ഥത്തിൽ ആരാധ്യനാവാൻ അർഹതയുള്ളവൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല. ഞങ്ങൾ അവനെയല്ലാതെ ആരാധിക്കുകയില്ല. അവന്റെതാണ് അനുഗ്രഹം. അവന്റെതാണ് ഔദാര്യം. അവന്നുള്ളതാണ് നല്ല സ്തുതികളത്രയും. യഥാർത്ഥത്തിൽ ആരാധ്യനാവാൻ അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല, കീഴ്വണക്കം അവന്ന് മാത്രമാക്കിക്കൊണ്ട്. കാഫിറുകൾ അത് വെറുത്താലും ശ

രി.'' *85

4) പിന്നീട് سبحان الله എന്ന് 33 പ്രാവശ്യവും الحمد لله എന്ന് 33 പ്രാവശ്യവും الله أكبر എന്ന് 33 പ്രാവശ്യവും ചൊല്ലുക. ശേഷം ഇങ്ങനെ പറയുക:

لَا إِلَـهَ إِلَّا اللهُ وَحْـدَهُ لَا شَـرِيكَ لَـهُ، لَـهُ الْمُلْكُ وَلَـهُ الْحَمْـدُ وَهُـوَ عَلَـى كُـلِّ شَـيْءٍ قَـدِيرٌ.

എല്ലാ നമസ്കാരങ്ങൾക്കുശേഷവും ഇങ്ങനെ ഒരാൾ ചൊല്ലിയാൽ സമുദ്രത്തിലെ നുരകളോളം പാപങ്ങളുണ്ടെങ്കിലും അല്ലാഹു അത് പൊറുത്തുകൊടുക്കുന്നതാണെന്ന് നബി(ﷺ) പ്രസ്താവിച്ചിരിക്കുന്നു.''*86

5) എല്ലാ ഫർള് നമസ്കാരങ്ങൾക്ക് ശേഷ

85. സ്വഹീഹുമുസ്‌ലിം.139-594

86. സ്വഹീഹുമുസ്‌ലിം. 146-597

വും *സൂറതുൽ ഇഖ്‌ലാസ്, സൂറതുൽഫല ഖ്, സൂറതുന്നാസ് എന്നിവ* ചൊല്ലുക. *87

## സൂറതുൽ ഇഖ്‌ലാസ്:

قُلْ هُوَ اللَّهُ أَحَدٌ (1) اللَّهُ الصَّمَدُ (2)
لَمْ يَلِدْ وَلَمْ يُولَدْ (3)
وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ (4)

*"പറയുക; കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു സർവ്വർക്കും ആശ്രയമായിട്ടുള്ളവനും (മറ്റാരേയും ആശ്രയിക്കാത്തവനും) ആകുന്നു. അവൻ (ആർക്കും) പിതാവായിട്ടില്ല. അവൻ (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന്*

---

87. (സുനനുഅബീദാവൂദ്.1523, അൽബാനിയുടെ സിൽസിലതുസ്വഹീഹ.1514 കാണുക.)

*തുല്ല്യമായി ആരും തന്നെയില്ല, താനും.”*
*(ഖുർആൻ. 112/ 1–4)*

## സൂറതുൽ ഫലഖ്:

قُـلْ أَعُـوذُ بِـرَبِّ الْفَلَـقِ (1) مِنْ شَرِّ مَا خَلَقَ(2 )
وَمِـنْ شَـرِّ غَاسِـقٍ إِذَا وَقَـبَ (3)
وَمِـــنْ شَـــرِّ النَّفَّــاثَاتِ فِي الْعُقَـــدِ (4)
وَمِـنْ شَـرِّ حَاسِـدٍ إِذَا حَسَـدَ (5)

*“പറയുക; പുലരിയുടെ റബ്ബിനോട് ഞാൻ രക്ഷതേടുന്നു. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽനിന്നും. ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയിൽ നിന്നും. കെട്ടുകളിൽ ഊതുന്നവരുടെ കെടുതികളിൽനിന്നും. അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽനിന്നും.”*
*(ഖുർആൻ.113/1–5)*

## സൂറതുന്നാസ്:

قُلْ أَعُوذُ بِرَبِّ النَّاسِ (1) مَلِكِ النَّاسِ (2)
إِلَٰهِ النَّاسِ (3) مِنْ شَرِّ الْوَسْوَاسِ الْخَنَّاسِ (4)
الَّذِي يُوَسْوِسُ فِي صُدُورِ النَّاسِ (5)
مِنَ الْجِنَّةِ وَالنَّاسِ (6)

*"പറയുക; മനുഷ്യരുടെ റബ്ബും മനുഷ്യരുടെ രാജാവും മനുഷ്യരുടെ ആരാധ്യനുമായിട്ടുള്ളവനോട് ഞാൻ രക്ഷ തേടുന്നു. മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തി പിന്മാറിക്കളയുന്ന, മനുഷ്യരിലും ജിന്നുകളിലും പെട്ട ദുർബോധകരെക്കൊണ്ടുള്ള കെടുതിയിൽ നിന്ന്.*]

*(ഖുർആൻ. 114/1–6)*

6) "എല്ലാ ഫർള് നമസ്കാരങ്ങൾക്ക് ശേഷവും '*ആയതുൽകുർസി*' ചൊല്ലുക." *88

>


«Back to Index

## ആയതുൽ കുർസി:

اللَّهُ لَا إِلَـهَ إِلَّا هُـوَ الْحَـيُّ الْقَيُّـومُ لَا تَأْخُـذُهُ سِـنَةٌ وَلَا نَـوْمٌ لَـهُ مَـا فِي السَّـمَاوَاتِ وَمَـا فِي الْأَرْضِ مَـنْ ذَا الَّـذِي يَشْـفَعُ عِنْـدَهُ إِلَّا بِإِذْنِـهِ يَعْلَـمُ مَـا بَـيْنَ أَيْـدِيهِمْ وَمَـا خَلْفَهُـمْ وَلَا يُحِيطُـونَ بِشَـيْءٍ مِـنْ عِلْمِـهِ إِلَّا بِمَـا شَـاءَ وَسِـعَ كُرْسِـيُّهُ السَّـمَاوَاتِ وَالْأَرْضَ وَلَا يَئُـودُهُ حِفْظُهُمَـا وَهُـوَ الْعَلِـيُّ الْعَظِيـمُ.

*“യഥാർത്ഥത്തിൽ ആരാധ്യനായിരിക്കാൻ അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവനാണ് എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയി*

---

< 88. (നസാഈ-അമലുൽയൗമി വല്ലൈല.100, അൽബാനി-സ്വഹീഹുൽജാമിഇസ്സ്വഗീർ.6464)

*ല്ല. അവന്റേതാണ് ആകാശ ഭൂമികളിലുള്ള തെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശനടത്താൻ ആരുണ്ട്.? അവരുടെ മുമ്പിലുള്ളതും പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽനിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ കുർസിയ്യ് ആകാശ ഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവനാകുന്നു ഉന്നതനും മഹാനുമായിട്ടുള്ളവൻ.''*

*(സൂറതുൽബഖറ.255)*

7) സുബ്ഹി, മഗ്‌രിബ് നമസ്കാരങ്ങൾക്ക് ശേഷം പത്തുതവണ ഇപ്രകാരം ചൊല്ലുക:

لَا إِلَـهَ إِلَّا اللهُ وَحْـدَهُ لَا شَـرِيكَ لَـهُ، لَـهُ الْمُلْـكُ وَلَـهُ الْحَمْـدُ وَهُـوَ عَلَى كُـلِّ شَـيْءٍ قَـدِيرٌ.

*"യഥാർത്ഥത്തിൽ ആരാധ്യനായിരിക്കാൻ യോഗ്യനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല.അവൻ ഏകനാണ്. അവന്ന് പങ്കുകാരില്ല. അവന്നാണ് ഉടമാവകാശം. അവന്നാണ് സർവ്വസ്തുതിയും. അവനാകുന്നു എല്ലാറ്റിനും കഴിവുള്ളവൻ."**89

8) സ്വുബ്ഹി നമസ്കാരാനന്തരം ഇപ്രകാരം ചൊല്ലുക:

**اللَّهُـمَّ إِنِّيْ أَسْـأَلُكَ عِلْمًـا نَافِعًـا، وَرِزْقًـا طَيِّبًـا وَعَمَــلًا مُتَقَبَّـــلًا.**

*"അല്ലാഹുവേ, ഞാൻ നിന്നോട് നാഫിഅ് (ഉപകാരപ്രദം)ആയ ഇൽമും നല്ല രിസ്ഖും സ്വീകാര്യമായ കർമ്മവും ഉണ്ടായിത്തീരാ*

---

89. (തിർമിദി.3534) ഇത് *ഹെസൻ* എന്ന ഇനത്തിൽ പെട്ടതാണെന്ന് അൽബാനി പറയുന്നു. സ്വഹീഹുത്തർഗീബിവത്തർഹീബ്.477

*ൻ ആവശ്യപ്പെടുന്നു.''**90

9) ''*ആരെങ്കിലും പ്രഭാതനമസ്കാരത്തിനു ശേഷം 100 തസ്ബീഹും 100 തഹ്‌ലീലും നിർവഹിച്ചാൽ അവന്റെ പാപങ്ങൾ കടൽ നുരയോളമുണ്ടെങ്കിലും അത് പൊറുക്കപ്പെടുന്നതാണ്.*'' *91

---

90. ഇബ്നുമാജ.925, അൽബാനി ഇത് സ്വഹീഹ് ആണെന്ന് പറയുന്നു. അൽബാനിയുടെ അർറൗളുന്നളീർ.1199, സുനനുഇബ്നുമാജ.925 അൽബാനിയുടെ (تحقيـــق)തഹ്ഖീഖോടെ രിയാദിലെ ദാറുൽമആരിഫ് പ്രസിദ്ധീകരിച്ചത്.പേ.170)

''*നിങ്ങൾ അല്ലാഹുവിനോട് നാഫിഅ് ആയ ഇൽമ്*(عِلْمًـا نَافِعًـا) *ചോദിക്കുക,നാഫിഅ് ആവാത്ത ഇൽമിൽനിന്ന് നിങ്ങൾ അല്ലാഹുവിനോട് രക്ഷതേടുക*'' *എന്ന്* നബി(ﷺ)പറഞ്ഞതായി സുനൻഇബ്നുമാജയിലും (3843)മറ്റുമുണ്ട്.

91. നസാഈ-അമലുൽയൗമിവല്ലൈല.140.അൽബാനി-സ്വഹീഹുന്നസാഈ.1354

# നബി(ﷺ) യുടെ തസ്ബീഹ്.

1) അബ്ദില്ലാഹിബ്ൻ അംറ്(رضي الله عنه) പറയുന്നു:

فَرَأَيْتُ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَعْقِدُهَا بِيَدِهِ.

*"റസൂൽ(ﷺ) കൈ കൊണ്ട് തസ്ബീഹ് എണ്ണം പിടിക്കുന്നതായിട്ടാണ് ഞാൻ കണ്ടത്."**92

2) അബ്ദുല്ലാഹിബ്ൻഅംറി(رضي الله عنه) ൽ നിന്നുള്ള മറ്റൊരു രിവായത്തിൽ ഇങ്ങനെ കാണാം:

رَأَيْتُ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَعْقِدُ التَّسْبِيحَ بِيَمِينِهِ.

92. ഇബ്നുമാജ.926,നസാഈ-അമലുൽയൗമിവല്ലൈല.103,അൽബാനി-സിൽസിലതുസ്വഹീഹ.2603

*“റസൂൽ(ﷺ) വലതുകൈകൊണ്ട് തസ്ബീഹ് എണ്ണംപിടിക്കുന്നതായി ഞാൻ കണ്ടു.”* 93

# നമസ്കാരത്തിൽ വസ്വാസ് പിടികൂടിയാൽ.

أعوذُ بِاللهِ مِنَ الشَّيْطَانِ الرَّجِيمِ എന്ന് പറയുകയും ഇടതുവശത്തേക്ക് മൂന്നു തവണ തുപ്പുകയും ചെയ്യുക.

ഉഥ്മാനുബ്ൻ അബിൽആസ്വി(رضي الله عنه) ൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു:

*“ഞാൻ നബി(ﷺ)യോട് ഇങ്ങനെ പറഞ്ഞു: നബിയേ, എന്റെയും എന്റെ നമസ്കാരത്തിന്റെയും ഖുർആൻ പാരായണത്തി*

93. ബൈഹഖി-സുനനുൽകുബ്റാ.3027,സുനനുഅബീദാവൂദ്.1502, ഇത് സ്വഹീഹാണെന്ന് അൽബാനി പറഞ്ഞിട്ടുണ്ട്.

*ന്റെയുമിടക്ക് പിശാച് മറയിട്ട് ആശയക്കുഴപ്പമുണ്ടാക്കുന്നു.”*

അപ്പോൾ നബി(ﷺ) പറഞ്ഞു:

“*(خَنْزَبٌ)ഖൻസബ് എന്നു പറയപ്പെടുന്ന പിശാചാണത്. അങ്ങനെ നിനക്ക് അനുഭവപ്പെട്ടാൽ അവനിൽനിന്ന് നീ അല്ലാഹുവിനോട് രക്ഷതേടുകയും ഇടതുവശത്തേക്ക് മൂന്നുതവണ തുപ്പുകയും ചെയ്യുക.”*

അങ്ങനെ ഞാൻ ചെയ്തപ്പോൾ അല്ലാഹു അവനെ എന്നിൽനിന്ന് പോക്കിത്തന്നു.* 94

# ഖുർആൻ പാരായണത്തിന്റെ ശ്രേഷ്ഠത

1) നബി(ﷺ) പറഞ്ഞതായി ഉഥ്മാനുബ്ൻ

94. സ്വഹീഹ് മുസ്‌ലിം.68(2203)

അഫ്ഫാൻ(رضي الله عنه)വിൽനിന്ന് നിവേദനം:

(خَيْرُكُم مَنْ تَعَلَّمَ القُرْآنَ وعَلَّمَهُ)

*"ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തവരാണ് നിങ്ങളിൽ ഉത്തമൻ."* *95

2) നബി(ﷺ) പറഞ്ഞതായി ഇബ്നുമസ്ഊദി(رضي الله عنه)ൽനിന്ന് നിവേദനം:

*"ആരെങ്കിലും ഖുർആനിൽനിന്ന് ഒരക്ഷരം പാരായണം ചെയ്താൽ അവന്ന് ഒരു നന്മയുണ്ടായിരിക്കും. ഒരു നന്മക്ക് അതിന്റെ പത്തിരട്ടി പ്രതിഫലമാണ്. അലിഫ്ലാംമീം എന്നത് ഒരക്ഷരമാണെന്ന് ഞാൻ പറയുന്നില്ല. അലിഫ് എന്നത് ഒരക്ഷരം, ലാം എന്നത് മറ്റൊന്ന്, മീം വേറൊന്ന്."* *96

---

95.സ്വഹീഹുൽബുഖാരി.5027

96. സുനനുത്തിർമിദി.2910, അൽബാനി-സ്വഹീഹ് >

3) റസൂൽ(ﷺ) പറഞ്ഞതായി അബ്ദുല്ലാഹിബ്ൻ അംറി(رضي الله عنه)ൽനിന്ന് നിവേദനം:

ഖുർആൻ ഹിഫ്ള് ആക്കിയ ആളോട് (പരലോകത്ത് വെച്ച്) ഇങ്ങനെ പറയപ്പെടും:

"*നീ പാരായണം ചെയ്യുക, എന്നിട്ട് കയറിപ്പോവുക. ദുനിയാവിൽവെച്ച് ചെയ്യാറുണ്ടായിരുന്നതുപോലെ നീ തർതീൽ ചെയ്യുക. കാരണം, ദുനിയാവിൽവെച്ച് നീ അവസാനം പാരായണംചെയ്ത 'ആയത്തി'ന്റെ അടുത്താണ് നിന്റെ പദവി.*"*97

○ ഖുർആൻ പാരായണംചെയ്യുന്നതിന്റെയും മനപാഠമാക്കുന്നതിന്റെയും ശ്രേഷ്ഠത വ്യക്തമാണിവിടെ. പക്ഷെ, അല്ലാഹുവി

---

<
ൽജാമിഉസ്വഗീർ.6469

97. മുസ്നദ് അഹ്മദ്.6799, ത്വബറാനി-മുഅ്ജമുൽ ഔസ്വത്.5764,അൽബാനി-സ്വഹീഹുത്തർഗീബ്. 1426

ന്റെ വജ്ഹ് ഉദ്ദേശിച്ചുകൊണ്ടായിരിക്കണം അത്. അല്ലാതെ, ദുനിയാവിലെ പേരിനും പ്രശസ്തിക്കും പണത്തിനും വേണ്ടിയാവരുത്. നബി(ﷺ) ഇങ്ങനെ പറഞ്ഞത് നാം ഓർക്കുക:

أَكْثَـــرُ مُنَـــافِقِي أُمَّـــتِي قُرَّاؤُهَـــا

"*എന്റെ ഉമ്മത്തിലെ മുനാഫിഖുകളിൽ അധികവും ഖുർആൻ വായനക്കാരാണ്.*" *98

# ഖുർആൻ പാരായണത്തിലെ സുജൂദ്.

റസൂൽ(ﷺ) പറഞ്ഞതായി അബൂഹുറയ്റ(رضي الله عنه)യിൽനിന്ന് നിവേദനം:

---

98. മുസ്നദ്അഹ്മദ്.6637, ത്വബറാനി-മുഅ്ജമുൽ കബീർ.841,അൽബാനി--സിൽസിലതുൽഅഹാദീഥിസ്സ്വഹീഹ.750

*"ആദം സന്തതി സജദയുടെ സൂക്തം പാരായണം ചെയ്ത് സുജൂദ് ചെയ്താൽ പിശാച് കരഞ്ഞുകൊണ്ട് തെന്നിമാറിപ്പോവും. അവൻ പറയും: എന്റെ നാശം! ആദം സന്തതി സുജൂദ് ചെയ്യാൻ കൽപിക്കപ്പെട്ടു. അവനത് അനുസരിച്ചു.അവന്ന് സ്വർഗമുണ്ട്. സുജൂദ് ചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടു.പക്ഷെ, ഞാൻ സുജൂദ് ചെയ്തില്ല. അതിനാൽ എനിക്ക് നരകമാണുള്ളത്!"* *99

## ഈ സുജൂദിൽ ചൊല്ലേണ്ടത്.

سَجَدَ وَجْهِي لِلَّذِي خَلَقَهُ وَشَقَّ سَمْعَهُ وَبَصَرَهُ بِحَوْلِهِ وَقُوَّتِهِ.

*"എന്റെ മുഖം, അതിനെ സൃഷ്ടിച്ചവന് സുജൂദ് ചെയ്തിരിക്കുന്നു. അവന്റെ ശക്തി*

99. സ്വഹീഹുമുസ്‌ലിം.81-133-മുസ്തഖ്റജ് അബൂ അവാന.1946, അൽബാനി-സ്വഹീഹുത്തർഗീബ്. 1438

*യും കഴിവും കൊണ്ട് അതിന് കണ്ണും കാതും കീറിയിരിക്കുന്നു."*

നബി(ﷺ) രാത്രി ഖുർആൻ പാരായണത്തിനിടയിലുള്ള സുജൂദിൽ ഇങ്ങനെ പല തവണ ചൊല്ലാറുണ്ടായിരുന്നുവെന്ന് ആയിശ(رضي الله عنها)യുടെ ഹദീഥിലുണ്ട്.*100

## الإِستِخَارَة

## ( خَـيْرٌ ചോദിച്ചുകൊണ്ടുള്ള പ്രാർത്ഥന)

ജാബിറുബ്നു അബ്ദില്ലാഹ് رضي الله عنه പറയുന്നു:

*"ഖുർആനിലെ അധ്യായം പഠിപ്പിക്കുന്നതുപോലെത്തന്നെ എല്ലാ കാര്യങ്ങളിലും അല്ലാഹുവിനോട് നന്മ ചോദിച്ചുകൊണ്ടു*

100. സുനനുഅബീദാവൂദ്.1414,അൽബാനി-സ്വഹീഹ് അബീദാവൂദ്.1273

ള്ള പ്രാർത്ഥന നടത്താൻ റസൂൽ(ﷺ) ഞങ്ങളെ പഠിപ്പിക്കാറുണ്ടായിരുന്നു. അവിടുന്ന് ഇപ്രകാരം പറയാറുണ്ടായിരുന്നു:

“നിങ്ങളിലാരെങ്കിലും ഒരു കാര്യം ഉദ്ദേശിച്ചാൽ അവൻ നിർബന്ധ നമസ്കാരമല്ലാത്ത രണ്ടു റക്അത്ത് നമസ്കരിച്ച ശേഷം ഇങ്ങനെ പ്രാർത്ഥിക്കട്ടെ:

**اللَّهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ وَأَسْتَقْدِرُكَ بِقُدْرَتِكَ، وَأَسْأَلُكَ مِنْ فَضْلِكَ العَظِيمِ، فَإِنَّكَ تَقْدِرُ وَلاَ أَقْدِرُ وَتَعْلَمُ وَلاَ أَعْلَمُ، وَأَنْتَ عَلَّامُ الغُيُوبِ. اللَّهُمَّ إِنْ كُنْتَ تَعْلَمُ أَنَّ هَذَا الأَمْرَ خَيْرٌ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي فَاقْدُرْهُ لِي، وَإِنْ كُنْتَ تَعْلَمُ أَنَّ هَذَا الأَمْرَ شَرٌّ لِي فِي**

دِيـــــنِي وَمَعَاشِـــــي وَعَاقِبَـــــةِ أَمْـــــرِي فَاصْـــــرِفْهُ عَـــــنِّي وَاصْـــــرِفْنِي عَنْـــــهُ، وَاقْـــــدُرْ لِي الخَـــــيْرَ حَيْـــــثُ كَـــــانَ، ثُمَّ رَضِّـــــنِي بِـــــهِ.

"അല്ലാഹുവേ, നിന്റെ അറിവുകൊണ്ട് നിന്നോട് ഞാൻ നന്മതേടുന്നു. നിന്റെ കഴിവുകൊണ്ട് നിന്നോട് ഞാൻ ചോദിക്കുന്നു. മഹത്വമേറിയ നിന്റെ ഔദാര്യത്തിൽനിന്ന് ഞാൻ നിന്നോട് ചോദിക്കുന്നു. കാരണം, നീ കഴിവുള്ളവനാണ് തീർച്ച. ഞാനാകട്ടെ ഒന്നും കഴിവില്ലാത്തവനും. നിനക്ക്(എല്ലാം) അറിയാം, എനിക്കാകട്ടെ ഒന്നും അറിയില്ല.മറഞ്ഞ കാര്യങ്ങൾ സൂക്ഷ്മമായി അറിയുന്നവനാണ് നീ. അല്ലാഹുവേ, തീർച്ചയായും ഇക്കാര്യം*101 എന്റെ ദീനിലും ജീ

101. ഏതു കാര്യമാണോ ഉദ്ദേശിച്ചത്, അക്കാര്യം പ്രത്യേകം എടുത്തുപറയുക.


«Back to Index

*വിതത്തിലും കാര്യപരിണതിയിലും**102 *(ഉടനെയുള്ളതുംപിന്നീടുള്ളതും-ദുനിയാവിലും ആഖിറത്തിലും) എല്ലാം എനിക്ക് ഗുണകരമാണെന്ന് നീ അറിയുന്നുവെങ്കിൽ അതെനിക്ക് സാധിപ്പിച്ചുതരേണമേ. അല്ലാഹുവേ, എന്റെ ദീനിലും ജീവിതത്തിലും കാര്യപരിണതിയിലും(ഉടനെയുള്ളതിലും പിന്നീടുള്ളതിലും-ദുനിയാവിലും പരലോകത്തും)**102 *എനിക്കത് ദോഷകരമാണെന്ന് നീ മനസ്സിലാക്കുന്നുവെങ്കിൽ അതെന്നിൽ നിന്നും എന്നെ അതിൽനിന്നും നീ അകറ്റേണമേ. എനിക്ക് ഉത്തമമായത് എവിടെയായാലും അതെനിക്ക് നീ സാധിപ്പിച്ചുതരേണമേ. അതിൽ എന്നെ നീ സംതൃപ്തനാക്കേണമേ." **103 >

---

102. عاجلِ أمري وآجلِهِ وَمَعَاشِي وَعَاقِبَةِ أَمْرِي എന്നതിനുപകരം (ഉടനെയുള്ളതും പിന്നീടുള്ളതും-ദുനിയാവിലും ആഖിറത്തിലും)-എന്നും പറയാവുന്നതാണ്.

ഇങ്ങനെ അല്ലാഹുവിനോട് നന്മതേടിക്കൊണ്ട് പ്രാർത്ഥിക്കുകയും സത്യവിശ്വാസികളായ സൃഷ്ടികളോട് കൂടിയാലോചന നടത്തുകയും പിന്നീട് തന്റെ കാര്യത്തിൽ ഉറച്ചുനിൽക്കുകയും ചെയ്താൽ അവന് ഖേദമുണ്ടാവില്ല. കാരണം, അല്ലാഹു പറഞ്ഞിട്ടുണ്ട്:

وَشَـــاوِرْهُمْ فِي الْأَمْـــرِ فَـــإِذَا عَزَمْـــتَ فَتَوَكَّـــلْ عَلَـــى اللَّهِ

*"നീ കാര്യങ്ങളിൽ അവരോട് കൂടിയാലോചിക്കുക. എന്നിട്ട് ഒരുകാര്യം തീരുമാനിച്ചുകഴിഞ്ഞാൽ പിന്നെ അല്ലാഹുവിൽ തവക്കുൽ ചെയ്യുക."**104 *(വി.ഖു.3/159)*

*ഇസ്തിഖാറ* എന്നത് നിസ്സാരമായ സംഗ

<103. സ്വഹീഹുൽബുഖാരി.6382, സുനനിത്തിർമിദി. 480, സുനനിഅബീദാവൂദ്.1538.

104. (അല്ലാമാ ഇബ്നുൽഖയ്യിം-മദാരിജുസ്സാലികീൻ.2/122.)

തിയല്ല. അതിൽ, ഗൗരവതരമായ ആശയം അടങ്ങിയിട്ടുണ്ട്. (التَّوَكُّل)തവക്കുൽ*105 التَّفْوِيضُ (തഫ്‌വീള്) تَوَسُّلٌ(തവസ്സുൽ), الرِّضَا بِمَا يَقْضِيهِ لَهُ (അല്ലാഹുവിന്റെ വിധിയിൽ തൃപ്തികണ്ടെത്തൽ) തുടങ്ങിയ ഈമാനിന്റെയും തൗഹീദിന്റെയും അടിസ്ഥാന ഭാഗങ്ങളുണ്ട്. അല്ലാമാ ഇബ്നുൽഖയ്യിം(رضي الله عنه) പറയുന്നു:

اللَّهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ، وَأَسْتَقْدِرُكَ بِقُدْرَتِكَ وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمِ.

*എന്ന വാചകം തവക്കുലും(تَوَكُّل) തഫ്‌വീളു(تَفوِيض)മാണ്.*@

105. കാര്യങ്ങൾ പൂർണമായി അല്ലാഹുവിന്ന് ഏൽപിച്ചുകൊടുക്കൽ. പിന്നീട് ആ വിഷയത്തിൽ തീരുമാനം അല്ലാഹുവിന്റേതായിരിക്കും.ആ തീരുമാനം അംഗീകരിക്കലും അതിൽ തൃപ്തിയടയലുമാണ് മുഅ്മിന്റെ ബാധ്യത. അതിന്നാണ് ഇസ്തിഖാറ നടത്തുന്നത്. അല്ലാതെ,*(تَوَكُّل)തവക്കുലും(تَفوِيض)തഫ്‌വീളുമൊന്നും* കേവല ഭംഗിവാക്കല്ല.

فَإِنَّكَ تَعْلَمُ وَلَا أَعْلَمُ، وَتَقْدِرُ وَلَا أَقْدِرُ، وَأَنْتَ عَلَّامُ الْغُيُوبِ.

എന്ന വാചകത്തിലൂടെ عِلم, حَول, قُوّة എന്നിവ(കാര്യത്തിന്റെ അറിവും പ്രവർത്തിക്കാനുള്ള കഴിവും ശേഷിയുമെല്ലാം) അല്ലാഹുവിന് വിട്ടുകൊടുക്കുന്നു.

ഇവിടെ അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള അവന്റെ സ്വിഫതുകളെകൊണ്ട് അവനിലേക്ക് തവസ്സുൽ ചെയ്യുന്നുമുണ്ട്.

പിന്നെ, അവൻ ഇസ്തിഖാറ നടത്തിയിട്ടുള്ള ആ കാര്യത്തിൽ (ഉടനെയുള്ളതിലും പിന്നീടുള്ളതിലും-ദുനിയാവിലും ആഖിറത്തിലുമായി) അവന് നന്മയുണ്ടെങ്കിൽ അതവന്ന് വിധിച്ചുകൊടുക്കാനാണ് അവൻ തന്റെ റബ്ബിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. അതുപോലെ അവന്റെ ആ കാര്യത്തിൽ (ഉടനെയോ പിന്നീടോ) അവന്ന് തിന്മയാ

ണുള്ളതെങ്കിൽ അത് അവനിൽനിന്ന് തിരിച്ചുവിടാനും. ഇതാണ് അവൻ തന്റെ റബ്ബിനോട് ആവശ്യപ്പെട്ടത്.

അതെന്തായാലും അവന്ന് അല്ലാഹു വിധിച്ചുകൊടുക്കുന്നതിൽ رِضَا (തൃപ്തി) കണ്ടെത്തുക എന്നതു മാത്രമാണ് അവന്ന് ചെയ്യാനുള്ളത്. അതാണ് وَاقْدُرْ لِيَ الْخَيْرَ حَيْثُ كَانَ، ثُمَّ رَضِّنِي بِهِ എന്നു പറഞ്ഞത്.

ഖദ്റാക്കപ്പെട്ട സംഗതി സംഭവിക്കുന്നതിനുമുമ്പ് (تَوَكُّل)തവക്കുലും(تَفْـوِيض)@ തഫ്വീളും, സംഭവിച്ചുകഴിഞ്ഞശേഷം അതിൽ رِضَا കണ്ടെത്തലും(الرِّضَا بِمَا يَقْضِيهِ لَهُ) അടങ്ങുന്ന ഈമാനികമായ യാഥാർത്ഥ്യങ്ങളും ഇലാഹിയായ മഅ്രിഫും ഈ ദുആ ഉൾക്കൊണ്ടിരിക്കുന്നു. കാര്യം സംഭവിച്ചുകഴിഞ്ഞശേഷം അതിൽ رِضَا കണ്ടെത്തുകയെന്നതാണ് (تَوَكُّل) തവക്കുലിന്റെ പഴം.*106 അത് ശരിയാണ് എന്നതി

106. ഒരു കൃഷിചെയ്താൽ അവസാനം ലഭിക്കുന്ന >

*ന്റെ അടയാളമാണ് (تَفْـوِيض)തഫ്‌വീള്.@*

*ഇനി, ഇത്തരത്തിൽ ഇസ്തിഖാറ നടത്തിയശേഷം, അല്ലാഹു വിധിച്ചതിൽ അവൻ رِضَا കണ്ടെത്തിയില്ല എങ്കിൽ അതിനർത്ഥം, അവന്റെ@(تَفْـوِيض)തഫ്‌വീള് ശരിയായിട്ടില്ല എന്നാണ്. അഥവാ-അത് രോഗാതുരമാണ്, ഫാസിദാണ്.'' *107*

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ

---

<താണ് അതിന്റെ പഴം. ഇവിടെ, തവക്കുൽ ചെയ്താൽ അതിന്റെ അവസാനം ലഭിക്കേണ്ടത് അല്ലാഹു വിധിച്ചതിലുള്ള رِضَاയാണ്. *ഈമാനി*ന്റെ ദൃഢതക്കനുസരിച്ച് അല്ലാഹുവിന്റെ വിധിയോടുള്ള സമീപനത്തിലും വ്യത്യാസമുണ്ടാവും. യഥാർത്ഥ *മുവഹ്ഹിദാ*ണെങ്കിൽ അല്ലാഹുവിന്റെ വിധി, തന്റെ പ്രതീക്ഷയ്ക്ക് അനുകൂലമായാലും പ്രതികൂലമായാലും അതിൽ رِضَا കണ്ടെത്താൻ കഴിയും.

@ അടിക്കുറിപ്പ് 105 നോക്കുക.

107.ഇബ്നുൽഖയ്യിം-മദാരിജുസ്സാലികീൻ.2/122

(رحمه الله)യുടെ വിവരണം കൂടി ശ്രദ്ധിക്കുക:

الْمَقْدُورُ يَكْتَنِفُهُ أَمْرَانِ: التَّوَكُّلُ قَبْلَهُ وَالرِّضَا بَعْدَهُ، فَمَنْ تَوَكَّلَ عَلَى اللَّهِ قَبْلَ الْفِعْلِ وَرَضِيَ بِالْمَقْضِيِّ لَهُ بَعْدَ الْفِعْلِ فَقَدْ قَامَ بِالْعُبُودِيَّةِ أَوْ مَعْنَى هَذَا .

*"ഖദ്റാക്കപ്പെട്ട സംഗതികളെ രണ്ട് കാര്യങ്ങൾ ആവാഹിക്കുന്നുണ്ട്. ഒന്ന്, അത് സംഭവിക്കുന്നതിനു മുമ്പ് തവക്കുൽ ചെയ്യൽ. മറ്റൊന്ന്, സംഭവിച്ചുകഴിഞ്ഞാൽ അതിൽ തൃപ്തി(رِضَا) കണ്ടെത്തൽ. അതിനാൽ, കാര്യം സംഭവിക്കുന്നതിനു മുമ്പ് ആരെങ്കിലും അല്ലാഹുവിൽ തവക്കുൽ ചെയ്യുകയും, സംഭവിച്ച ശേഷം തനിക്ക് വിധിക്കപ്പെട്ടതിൽ رِضَا കണ്ടെത്തുകയും ചെയ്താൽ, അവൻ (തന്റെ ബാധ്യതയായ) ഉബൂദിയ്യത്ത് നിർവഹിച്ചവനായി."*

*(ശിഷ്യൻ, ഇബ്നുൽഖയ്യിം ഉദ്ധരിച്ചതാണ് ഈ ആശയം.)** 108 ( Ibid.2/122 )

ം ഇസ്തിഖാറയും തവക്കുലും അത്ര നിസ്സാര കാര്യമല്ലെന്ന് ഈ വിശദീകരണങ്ങളിൽനിന്നും നമുക്ക് മനസ്സിലാക്കാം.

# പ്രഭാതത്തിലും പ്രദോഷത്തിലുമുള്ള പ്രാർത്ഥനകൾ.

1) രാവിലെയും വൈകുന്നേരവും '*ആയതുൽകുർസി*' പാരായണം ചെയ്യുക.*109

2) 'സൂറതുൽ ഇഖ്‌ലാസും മുഅവ്വദതൈനിയും(സൂറതുൽഫലഖ്, സൂറതുന്നാസ്) രാവിലെയും വൈകുന്നേരവും മൂന്നുതവണ ചൊല്ലുക.*110

---

109. നസാഇൗ-അമലുൽയൗമിവല്ലൈല.961, അൽബാനിയുടെ സിൽസിലതുൽഅഹാദീഥിസ്സ്വഹീഹ. 7/481. സ്വഹീഹുത്തർഗീബ്.1/418-662 കാണുക.)

110. സുനനു അബീദാവൂദ്.5082, അൽബാനി-സ്വഹീഹുൽജാമിഅ്.4406

3) വൈകുന്നേരം ഇങ്ങനെ പ്രാർത്ഥിക്കുക:

**أَمْسَيْنَا وَأَمْسَى الْمُلْكُ لِلَّهِ، وَالْحَمْدُ لِلَّهِ لَا إِلَهَ إِلَّا اللَّهُ، وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ، وَلَهُ الْحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ.**

**رَبِّ أَسْأَلُكَ خَيْرَ مَا فِي هَذِهِ اللَّيْلَةِ وَخَيْرَ مَا بَعْدَهَا، وَأَعُوذُ بِكَ مِنْ شَرِّ مَا فِي هَذِهِ اللَّيْلَةِ وَشَرِّ مَا بَعْدَهَا .**

**رَبِّ أَعُوذُ بِكَ مِنَ الْكَسَلِ وَسُوءِ الْكِبَرِ، رَبِّ أَعُوذُ بِكَ مِنْ عَذَابٍ فِي النَّارِ وَعَذَابٍ فِي الْقَبْرِ.**

*"ഞങ്ങൾക്ക് പ്രദോഷമായിരിക്കുന്നു. അധികാരം അല്ലാഹുവിന്നും. സർവ്വസ്തുതിയും അല്ലാഹുവിന്നാണ്. ന്യായമായും ആരാധ്യനായിരിക്കാൻ അർഹനായി അല്ലാഹു മാത്രമേയുള്ളൂ. അവൻ ഏകനാണ്. അവന്ന് പങ്കുകാരില്ല. അവന്നാണ് ആധിപ*

*ത്യം. സർവ്വസ്തുതിയും അവന്നാണ്. അവനാണ് എല്ലാറ്റിനും കഴിവുള്ളവൻ. എന്റെ റബ്ബേ, ഈ രാത്രിയിലുള്ളതിന്റെയും അതിന് ശേഷമുള്ളതിന്റെയും നന്മ ഞാൻ നിന്നോട് ചോദിക്കുന്നു. ഈ രാത്രിയിലുള്ളതിന്റെയും അതിന് ശേഷമുള്ളതിന്റെയും തിന്മയിൽനിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു. എന്റെ റബ്ബേ, അലസതയിൽ നിന്നും വാർധക്യത്തിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. റബ്ബേ നരകശിക്ഷയിൽനിന്നും ഖബ്റിലെ ശിക്ഷയിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.''* *111

രാവിലെ പ്രാർത്ഥിക്കുമ്പോൾ أمسينا എന്നതിന്റെ സ്ഥാനത്ത് أصبحنا എന്നും أمسي الملك എന്നതിന്റെ സ്ഥാനത്ത് أصبح الملك എന്നുമാണ്

111. സുനനുഅബീദാവൂദ്.5071,സ്വഹീഹുമുസ്ലിം.75-2723)

പറയേണ്ടത്. അതുപോലെ هَذِهِ اللَّيْلَةَ എന്നതിനു പകരം, هَذَا الْيَوْم എന്നാണ് പറയേണ്ടത്.

4) നേരം പുലർന്നാൽ ഇപ്രകാരം ചൊല്ലുക:

**اللَّهُمَّ بِكَ أَصْبَحْنَا، وَبِكَ أَمْسَيْنَا، وَبِكَ نَحْيَا، وَبِكَ نَمُوتُ، وَإِلَيْكَ النُّشُورُ.**

*"അല്ലാഹുവേ, നിന്നെക്കൊണ്ടാണ് ഞങ്ങൾ പ്രഭാതത്തിലായിത്തീർന്നത്. നിന്നെക്കൊണ്ടാണ് വൈകുന്നേരമായതും. നിന്നെക്കൊണ്ടാണ് ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും. നിന്നിലേക്കാണ് ഞങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നതും."*

വൈകുന്നേരമായാൽ ഇങ്ങനെ ചൊല്ലുക:

**اللَّهُمَّ بِكَ أَمْسَيْنَا ، وَبِكَ أَصْبَحْنَا ، وَبِكَ نَحْيَا ، وَبِكَ نَمُوتُ ، وَإِلَيْكَ الْمَصِيرُ.**

*"അല്ലാഹുവേ, നിന്നെക്കൊണ്ടാണ് ഞങ്ങൾ വൈകുന്നേരമായത്. നേരംപുലർന്നതും നിന്നെക്കൊണ്ടാണ്. നിന്നെക്കൊണ്ടാണ് ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും. നിന്നിലേക്കാണ് ഞങ്ങളുടെ മടക്കവും."* *112

## 5) "***സയ്യിദുൽ ഇസ്തിഗ്ഫാർ***"

**اللَّهُــمَّ أَنْــتَ رَبِّي لَا إِلَــهَ إِلَّا أَنْــتَ خَلَــقْتَنِي وَأَنَا عَبْدُكَ وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ أَبُوءُ لَــكَ بِنِعْمَتِــكَ عَلَــيَّ وَأَبُــوءُ لَــكَ بِــذَنْبِي فَــاغْفِرْ لِي فَإِنَّــهُ لَا يَغْفِــرُ الــذُّنُوبَ إِلَّا أَنْــتَ.**

*"അല്ലാഹുവേ, നീയാണ് എന്റെ റബ്ബ്.*

---

112. സുനൻഇബ്നുമാജ.3868, അൽബാനിയുടെ സ്വഹീഹു അദബിൽമുഫ്റദ്.1199–915

യഥാർത്ഥത്തിൽ ആരാധ്യനായിരിക്കാൻ അർഹനായി നീയല്ലാതെ മറ്റാരുമില്ല. നീയാണ് എന്നെ സൃഷ്ടിച്ചത്. ഞാൻ നിന്റെ അടിമയാണ്. നിന്നോടുള്ള വാഗ്ദാനവും കരാറുമനുസരിച്ച്-ഞാനെന്റെ കഴിവനുസരിച്ച്-നിലക്കൊള്ളുന്നു. ഞാൻ ചെയ്തതിന്റെ ദോഷത്തിൽനിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു. എന്റെമേലുള്ള നിന്റെ അനുഗ്രഹം നിന്നോട് ഞാൻ സമ്മതിക്കുന്നു. ഞാനെന്റെ കുറ്റം സമ്മതിക്കുന്നു. എനിക്ക് നീ പൊറുത്തുതരേണമേ. തീർച്ചയായും നീയല്ലാതെ പാപം പൊറുക്കുകയില്ല.''

ഇതാണ് **സയ്യിദുൽഇസ്തിഗ്ഫാർ**. ആരെങ്കിലും ദൃഢമായ ഈമാനോടുകൂടി പകൽസമയത്ത് ഇത് ചൊല്ലി, വൈകുന്നേരത്തിനിടക്ക് മരണപ്പെട്ടാൽ അവൻ സ്വർഗത്തിന് അവകാശിയായിത്തീരും. ആരെങ്കിലും ദൃഢമായ ഈമാനോടുകൂടി രാത്രിസ

*മയത്ത് ഇത് ചൊല്ലി, നേരം പുലരുന്നതിനിടക്ക് മരണപ്പെട്ടാൽ അവനും സ്വർഗാവകാശിയായിരിക്കും.* *113

6) മറ്റൊരു ദുആ:

اللهُـــمَّ عَـــافِنِي فِي بَـــدَنِي، اللهُـــمَّ عَـــافِنِي فِي سَمْعِـــي، اللهُـــمَّ عَـــافِنِي فِي بَصَـــرِي، لَا إِلَـــهَ إِلَّا أَنْتَ.

اللهُـمَّ إِنِّي أَعُـوذُ بِـكَ مِـنَ الْكُفْـرِ وَالْفَقْـر اللهُـمَّ إِنِّي أَعُـوذُ بِـكَ مِـنْ عَـذَابِ الْـقَبْرِ، لَا إِلَـهَ إِلَّا أَنْـتَ.

*"അല്ലാഹുവേ! എനിക്ക് എന്റെ ശരീരത്തിൽ നീ സുഖം നൽകേണമേ. അല്ലാഹുവേ, എനിക്ക് എന്റെ കേൾവിക്ക് നീ സുഖം നൽകേണമേ. അല്ലാഹുവേ, എന്റെ കാഴ്ച*

113. സ്വഹീഹുൽബുഖാരി. 6306

*ക്ക് നീ സുഖംനൽകേണമേ. യഥാർത്ഥത്തി ൽ ആരാധനക്കർഹനായി നീയല്ലാതെ മറ്റാ രുമില്ല. അല്ലാഹുവേ, ദാരിദ്ര്യത്തിൽനിന്നും കുഫ്റിൽനിന്നും ഖബ്റിലെ ശിക്ഷയിൽ നി ന്നുംഞാൻ നിന്നോട് രക്ഷതേടുന്നു. യഥാ ർത്ഥത്തിൽ ആരാധനക്കർഹനായി നീയല്ലാ തെ മറ്റാരുമില്ല.*''

'ഇത് രാവിലേയും വൈകുന്നേരവും മൂ ന്നു തവണ ചൊല്ലുക.' *114

7) മറ്റൊരു ദുആ:

اللَّهُـمَّ إِنِّي أَسْـأَلُك الْعَافِيَـةَ فِي الـدُّنْيَا وَالآخِـرَةِ
اللَّهُـمَّ إِنِّي أَسْـأَلُك الْعَفْـوَ وَالْعَافِيَـةَ فِي دِيـنِي
وَدُنْيَـايَ وَأَهْلِـي وَمَـالِي ، اللَّهُـمَّ اسْـتُرْ عَـوْرَاتِي

---

114. അബൂദാവൂദ്.5090 ഇതിന്റെ സനദ് *ഹസൻ* എന്ന ഇനത്തിൽ പെട്ടതാണെന്ന് ശൈഖ് അൽബാനി പറ ഞ്ഞിട്ടുണ്ട്. സ്വഹീഹുൽകലിമിത്വയ്യിബ്.പേ.49

وَآمِنْ رَوْعَاتِي ، اللَّهُمَّ احْفَظْنِي مِنْ بَيْنِ يَدَيَّ وَمِنْ خَلْفِي ، وَعَن يَمِينِي وَعَن شِمَالِي وَمِنْ فَوْقِي ، وَأَعُوذُ بِعَظَمَتِكَ أَنْ أُغْتَالَ مِنْ تَحْتِي.

*"അല്ലാഹുവേ, ഞാൻ നിന്നോട് ഇഹത്തിലും പരത്തിലും സൗഖ്യം ചോദിക്കുന്നു. അല്ലാഹുവേ, ഞാൻ നിന്നോട് മാപ്പ് ചോദിക്കുന്നു. എന്റെ ദീനിലും ദുൻയാവിലും കുടുംബത്തിലും സ്വത്തിലും സൗഖ്യവും ചോദിക്കുന്നു. അല്ലാഹുവേ എന്നിൽ മറച്ചുവെക്കേണ്ടവ നീ മറച്ചുവെക്കേണമേ. ഞാൻ ഭയപ്പെടുന്ന കാര്യങ്ങളിൽ നീ നിർഭയത്വം നൽകേണമേ. എന്റെ മുമ്പിൽനിന്നും പിന്നിൽനിന്നും വലത്തു നിന്നും ഇടത്തു നിന്നും മുകളിൽ നിന്നും നീ എന്നെ രക്ഷിക്കേണമേ. എന്റെ താഴ്ഭാഗത്തുകൂടി പൊടുന്നനെ നശിപ്പിക്കപ്പെടുന്നതിൽനിന്നും നിന്റെ മഹത്വം കൊണ്ട് ഞാൻ രക്ഷ*

*തേടുന്നു."*115

8) നേരംപുലരുമ്പോഴും വൈകുന്നേരമാവുമ്പോഴും ഇപ്രകാരം ചൊല്ലുക:

اللَّهُـــمَّ عَـــالِمَ الْغَيْـــبِ وَالشَّـــهَادَةِ فَـــاطِرَ السَّـمَوَاتِ وَالأَرْضِ رَبَّ كُـلِّ شَـىْءٍ وَمَلِيكَـهُ أَشْهَدُ أَنْ لاَ إِلَهَ إِلاَّ أَنْتَ أَعُوذُ بِكَ مِنْ شَرِّ نَفْسِـى وَمِـنْ شَـرِّ الشَّـيْطَانِ وَشِـرْكِهِ وَأَنْ أَقْـتَرِفَ عَلَـى نَفْسِـى سُـوءًا أَوْ أَجُـرَّهُ إِلَى مُسْـلِمٍ.

*"ദൃശ്യവും അദൃശ്യവും അറിയുന്ന അല്ലാഹുവേ, ആകാശഭൂമികളുടെ സ്രഷ്ടാവായ (അല്ലാഹുവേ), എല്ലാ വസ്തുക്കളുടെയും റബ്ബും രാജാവുമായ(അല്ലാഹുവേ)*

115. അബൂദാവൂദ്, 5074,അൽബാനി-തഖ്രീജുൽകലിമിത്ത്വയ്യിബ്.27

*ന്യായമായി ആരാധിക്കപ്പെടേണ്ടവനായി നീ മാത്രമേയുള്ളൂ എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്റെ നഫ്സിന്റെ ദോഷത്തിൽ നിന്നും പിശാച് ഉണ്ടാക്കുന്ന ദോഷത്തിൽനിന്നും അവന്റെ ശിർക്കിൽ നിന്നും എന്റെ നഫ്സിനോട് ഞാൻ തിന്മ ചെയ്യുന്നതിൽനിന്നും ഒരു മുസ്‌ലിമിന് നേരെ ഞാൻ തിന്മയെ തിരിച്ചുവിടുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.''* *116

9) രാവിലെയുംവൈകുന്നേരവും ഇപ്രകാരം മൂന്നുതവണ ചൊല്ലുക:

بِسْــــمِ اللَّهِ الَّــذِي لَا يَضُــرُّ مَــعَ اسْمِــهِ شَــيْءٌ فِي الْأَرْضِ وَلَا فِي السَّـــمَاءِ، وَهُـــوَ السَّـــمِيعُ

116. അൽബാനി-തഖ്‌രീജുൽകലിമിത്വയ്യിബ്.1/70. സുനനുത്തിർമിദി.3529, മുസ്നദ് അഹ്മദ്.6851,ബുഖാരി-അദബുൽമുഫ്റദ്.1204 എന്നിവയിലും ചില പദവ്യത്യാസങ്ങളോടെ ഈ *ദുആ* വന്നിട്ടുണ്ട്.

الْعَلِيـــمُ.

*“അല്ലാഹുവിന്റെ നാമങ്ങളിൽ (ഞാൻ ആരംഭിക്കുന്നു.) അവന്റെ നാമത്തോടൊപ്പം ഭൂമിയിലും ആകാശത്തിലും യാതൊന്നും ഉപദ്രവം ചെയ്യുകയില്ല. അവനാകുന്നു എല്ലാം കേൾക്കുന്നവനും അറിയുന്നവനും.”*117

10) يَا حَـــيُّ يَا قَيُّـــومُ بِرَحْمَتِـــكَ اسْـــتَغِيثُ أَصْـــلِحْ لِي شَـــأْنِي كُلَّـــهُ، ولاَ تَكِـــلْنِي إِلَى نَفْسِـــي طَرْفَـــةَ عَـــيْنٍ.

എന്ന് രാവിലെയും വൈകുന്നേരവും ചൊല്ലുക.

*“എന്നെന്നും ജീവിക്കുന്നവനും, എല്ലാം സംവിധാനിച്ച് നിലനിർത്തുന്നവനുമായ*

117. (തിർമിദി.3388,അൽബാനി-സ്വഹീഹുൽജാമിഅ് 5745)

*(അല്ലാഹുവേ), നിന്റെ റഹ്മത്തുകൊണ്ട് ഞാൻ നിന്നോട് സഹായം ചോദിക്കുന്നു. എല്ലാ കാര്യവും നീ നേരെയാക്കിത്തരേണമേ. ഒരു നിമിഷ നേരത്തേക്കുപോലും എന്നെ എന്റെ നഫ്സിന് നീ ഏൽപിച്ചുകൊടുക്കരുതേ.''**118

11) നേരംപുലർന്നാൽ ഇപ്രകാരം ചൊല്ലുക:

أَصْبَحْنَا عَلَى فِطْرَةِ الْإِسْلَامِ، وَعَلَى كَلِمَةِ الْإِخْلَاصِ، وَعَلَى دِينِ نَبِيِّنَا مُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ، وَعَلَى مِلَّةِ أَبِينَا إِبْرَاهِيمَ حَنِيفًا مُسْلِمًا، وَمَا كَانَ مِنَ الْمُشْرِكِينَ.

*"ഇസ്ലാമിക പ്രകൃതിയിലും ഇഖ്ലാസി*ന്റെ വചനത്തിലും മുഹമ്മദ് നബി(ﷺ)യുടെ

118. നസാഈ-സുനനുൽകുബ്റാ-10330, സ്വഹീഹുൽ ജാമിഇസ്വഗീർ.5820


«Back to Index

*ദീനിലും ആദർശപിതാവായ ഇബ്റാഹീം നബിയുടെ മില്ലത്തിലുമായി(ശിർക്കിൽനിന്നും തെറ്റി) തൗഹീദിലേക്ക് തിരിഞ്ഞവരായി, മുസ്‌ലിമായിട്ടാണ് ഞങ്ങൾ നേരം പുലർന്നിരിക്കുന്നത്. ഇബ്റാഹീംനബി ഒരിക്കലും ബഹുദൈവവിശ്വാസികളിൽപെട്ട ആളായിരുന്നില്ല.''* *119

വൈകുന്നേരം ചൊല്ലുമ്പോൾ أصبحنا എന്നതിനു പകരം أمسينا എന്നാണ് പറയേണ്ടത്.

12) രാവിലെയും വൈകുന്നേരവും 100 പ്രാവശ്യം **വശ്യം** سُبْحَانَ اللَّهِ وَبِحَمْدِهِ എന്നു ചൊല്ലിയാൽ അവന്റെ പാപങ്ങൾ-കടൽനുരയോളമുണ്ടെങ്കിലും-അത് പൊറുക്കപ്പെടുന്നതാണെന്ന് നബി(ﷺ) പ്രസ്താവിച്ചതായി അബൂഹുറയ്റ(رضي الله عنه)വിൽനിന്ന് നിവേദനം ചെ

119. (അഹ്മദ് 15360, അൽബാനി-സ്വഹീഹുൽ ജാമിഅ് 4674)

യ്യപ്പെട്ടിട്ടുണ്ട്. *120

13) *"ആരെങ്കിലും ഒരു ദിവസം നൂറു തവണ*

**لاَ إِلَـهَ إِلَّا اللَّهُ وَحْـدَهُ لاَ شَـرِيكَ لَـهُ، لَـهُ الْمُلْكُ وَلَـهُ الْحَمْدُ وَهُـوَ عَلَى كُلِّ شَـيْءٍ قَـدِيرٌ**

*എന്ന് ചൊല്ലിയാൽ അത് പത്ത് അടിമകളെ സ്വതന്ത്രരാക്കി വിട്ടതിന് തുല്യമാണ്. അവന്ന് 100 പാപങ്ങൾ മായ്ക്കപ്പെടുന്നതും 100 നന്മകൾ രേഖപ്പെടുത്തപ്പെടുന്നതും വൈകുന്നേരം വരെ അവന്നത് പിശാചിൽ നിന്നുള്ള സംരക്ഷണമായിത്തീരുന്നതുമാണ്. അതിനേക്കാൾ കൂടുതൽ കൊണ്ടുവന്നവനല്ലാതെ അവനെക്കാൾ ശ്രേഷ്ഠനായി ആരുമുണ്ടാവില്ല."* *121

14) രാവിലെ 3 തവണ ഇപ്രകാരം ചൊല്ലു

120. സ്വഹീഹുമുസ്ലിം.2691
121. സ്വഹീഹുൽബുഖാരി.3293

ക:

سُــــبْحَانَ اللَّهِ وَبِحَمْـــــدِهِ، عَــــدَدَ خَلْقِـــه وَرِضَـا نَفْسِـــهِ، وَزِنَـــةَ عَرْشِـــهِ، وَمِــدَادَ كَلِمَاتِــهِ.

*"അല്ലാഹുവിനെ പരിശുദ്ധിപ്പെടുത്തുന്ന തോടൊപ്പം ഞാൻ അവനെ സ്തുതിക്കുകയും ചെയ്യുന്നു. അവന്റെ സൃഷ്ടികളുടെ എണ്ണമത്രയും അവൻ സ്വയം തൃപ്തിപ്പെടുന്നത്രയും അവന്റെ സിംഹാസനത്തിന്റെ ഭാരത്തിന്റെ അത്രയും അവന്റെ വചനങ്ങളുടെ അത്രയും."**122

15) ദിനേന 100 തവണ ഇപ്രകാരം ചൊല്ലുക:

أَسْــــتَغْفِرُ اللهَ وَأَتُــــوبُ إِلَيْــهِ

*"ഞാൻ അല്ലാഹുവിനോട് പാപമോചനം തേടുകയും അവനിലേക്ക് ഖേദിച്ചു മടങ്ങു*

122. സ്വഹീഹു മുസ്ലിം.79-2726

*കയും ചെയ്യുന്നു.*" *123

# കിടപ്പറയിലെ ദിക്റുകൾ.

1) ആയിശ(رضي الله عنها) യിൽനിന്ന് നിവേദനം:

"*നബി(ﷺ) രാത്രി വിരിപ്പിലെത്തിയാൽ കൈകൾ ചേർത്തുവെച്ച് അതിൽ ഊതി സൂറതുൽ ഇഖ്‌ലാസ്, സൂറതുൽഫലഖ്, സൂറതുന്നാസ് എന്നിവ പാരായണം ചെയ്ത് തലയിൽ നിന്നും താഴോട്ട് മുഖത്തും മുൻവശങ്ങളിലും പിന്നീട് ശരീരത്തിലുടനീളവും തടവാറുണ്ടായിരുന്നു. മൂന്നുപ്രാവശ്യം ഇപ്രകാരം ചെയ്യുമായിരുന്നു.*" *124

2) നബി(ﷺ) പറഞ്ഞതായി അബൂഹുറയ്റ (رضي الله عنه)യിൽനിന്ന് നിവേദനം:

---

123. ത്വബറാനി-അദ്ദുആ.1832,അൽബാനി-സ്വഹീഹുൽജാമിഇസ്സ്വഗീർ.467-944)
124.സ്വഹീഹുൽബുഖാരി.5017

*"നീ നിന്റെ കിടപ്പറയിലെത്തിയാൽ 'ആയതുൽകുർസി*പാരായണം ചെയ്യുക. എന്നാൽ, നിനക്കത് അല്ലാഹുവിൽ നിന്നുള്ള ഒരു സംരക്ഷണമായിരിക്കും. പ്രഭാതം വരെ നിന്നോട് പിശാച് അടുക്കുകയില്ല."* *125

3) അബൂമസ്ഊദി(رضي الله عنه)ൽനിന്ന് നിവേദനം. നബി(ﷺ) ഇപ്രകാരം പറയുകയുണ്ടായി:

*"ആരെങ്കിലും രാത്രി സൂറതുൽബഖറയുടെ അവസാനത്തെ രണ്ടു സൂക്തങ്ങൾ പാരായണം ചെയ്താൽ അവന്നതു മതി."* *126

آمَنَ الرَّسُولُ بِمَا أُنْزِلَ إِلَيْهِ مِنْ رَبِّهِ وَالْمُؤْمِنُونَ كُلٌّ آمَنَ بِاللَّهِ وَمَلَائِكَتِهِ

---

* ആയതുൽകുർസി 113-ാം പേജിലുണ്ട്.

125. സ്വഹീഹുൽബുഖാരി.2311

126. സ്വഹീഹുൽബുഖാരി.4008

وَكُتُبِهِ وَرُسُلِهِ لَا نُفَرِّقُ بَيْنَ أَحَدٍ مِنْ رُسُلِهِ وَقَالُوا سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ.

لَا يُكَلِّفُ اللَّهُ نَفْسًا إِلَّا وُسْعَهَا لَهَا مَا كَسَبَتْ وَعَلَيْهَا مَا اكْتَسَبَتْ رَبَّنَا لَا تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا رَبَّنَا وَلَا تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِنْ قَبْلِنَا رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِ وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا أَنتَ مَوْلَانَا فَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ.

*“തന്റെ റബ്ബിന്റെ പക്കൽനിന്ന് തനിക്കവതരിപ്പിക്കപ്പെട്ടതിൽ റസൂൽ(ﷺ) വിശ്വസിച്ചിരിക്കുന്നു. (അതിനെത്തുടർന്ന്) മുഅ്മിനുകളും. അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും, അവന്റെ ദൂതന്മാരിലും വിശ്വസിച്ചിരി*

ക്കുന്നു. അവന്റെ ദൂതന്മാരിൽ ആർക്കുമി ടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപി ക്കുന്നില്ല' (എന്നതാണ് അവരുടെ നിലപാ ട്.) അവർ പറയുകയും ചെയ്യും: 'ഞങ്ങളി താ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, ഞ ങ്ങളോട് പൊറുക്കേണമേ, നിന്നിലേക്കാ കുന്നു (ഞങ്ങളുടെ) മടക്കം.'

'അല്ലാഹു ഒരാളോടും അയാളുടെ ക ഴിവിൽപെട്ടതല്ലാതെ ചെയ്യാൻ നിർബന്ധി ക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതി ന്റെ സദ്ഫലം അവരവർക്കു തന്നെയാണ്. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ ദുഷ്ഫ ലവും അവരവരുടെ മേൽത്തന്നെ. ഞങ്ങ ളുടെ റബ്ബേ ഞങ്ങൾ മറന്നുപോവുകയോ ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെ ങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങ ളുടെ റബ്ബേ, ഞങ്ങളുടെ മുൻഗാമികളുടെ

*മേൽ നീ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പുതരികയും ഞങ്ങളോട് പൊറുക്കുകയും കരുണ കാണിക്കുകയുംചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് കാഫിറുകളായ ജനതക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ.''*

*(വി.ഖു. 2/285, 286)*

4) നബി(ﷺ) പറഞ്ഞതായി അബൂഹുറയ്റ(رضي الله عنه)യിൽനിന്ന് നിവേദനം:

'ആരെങ്കിലും വിരിപ്പിൽ നിന്നെഴുന്നേറ്റ ശേഷം തിരിച്ചങ്ങോട്ടുതന്നെ ചെന്നാൽ ഉടുമുണ്ടിന്റെ*(അറ്റം)കൊണ്ട് മൂന്നുതവണ തട്ടി

* بِدَاخِلَـةِ إِزَارِهِ എന്നാണ് ഹെദീഥിൽ വന്നത്. അതിന്ന് ഉടുമുണ്ടിന്റെ (ദേഹത്തോട് ചേർന്നുനിൽക്കുന്ന ഭാ

ക്കുടയുകയും അല്ലാഹുവിന്റെ നാമംചൊല്ലുകയും ചെയ്യുക. എന്നിട്ട് (വലതുഭാഗത്തേക്ക്) ചെരിഞ്ഞുകിടക്കുമ്പോൾ ഇങ്ങനെ പറയുക:

بِاسْمِـكَ رَبِّ وَضَـعْتُ جَنْـبِي وَبِـكَ أَرْفَعُـهُ، إِنْ أَمْسَـكْتَ نَفْسِـي فَارْحَمْهَـا، وَإِنْ أَرْسَـلْتَهَا فَاحْفَظْهَـا بِمَـا تَحْفَـظُ بِـهِ عِبَـادَكَ الصَّـــــالِحِينَ .

*"എന്റെ റബ്ബേ, നിന്റെ നാമ(ങ്ങൾ)കൊണ്ടാണ് ഞാനെന്റെ പാർശ്വം വെച്ചിരിക്കുന്നത്. നിന്നെക്കൊണ്ടാണത് ഉയർത്തുന്നത്. എന്റെ ആത്മാവിനെ നീ പിടിച്ചുവെക്കുകയാണെങ്കിൽ നീ അതിനോട്കരുണ കാ*

ഗം) എന്നാണ് വിശദീകരണം നൽകപ്പെട്ടുകാണുന്നത്. ആ ഭാഗംകൊണ്ട് തട്ടിക്കുടയാൻ പറഞ്ഞതിന്റെ യഥാർത്ഥ ഹിക്മത്ത് അല്ലാഹുവിന്നറിയാം.

*ണിക്കേണമേ. അതിനെ നീ വിട്ടുതരികയാ ണെങ്കിൽ നിന്റെ സദ്വൃത്തരായ ദാസന്മാ രെ സംരക്ഷിക്കുന്നതുകൊണ്ട് നീ അതി നെ സംരക്ഷിക്കേണമേ.''**127

5) നബി(ﷺ)പറഞ്ഞതായി ഇബ്നുഉമറിൽ (رضي الله عنه) നിന്ന് നിവേദനം:

**اللهُمَّ خَلَقْتَ نَفْسِي وَأَنْتَ تَوَفَّاهَا، لَكَ مَمَاتُهَا وَمَحْيَاهَا، إِنْ أَحْيَيْتَهَا فَاحْفَظْهَا، وَإِنْ أَمَتَّهَا فَاغْفِرْ لَهَا اللَّهُمَّ إِنِّي أَسْأَلُكَ الْعَافِيَةَ.**

*''അല്ലാഹുവേ, നീയാണ് എന്റെ നഫ്സി നെ സൃഷ്ടിച്ചത്. നീയാണതിനെ ഏറ്റെടു ത്തത്. അതിനെ ജീവിപ്പിക്കുന്നതും മരിപ്പി ക്കുന്നതും നീയാണ്. അതിനെ ജീവിപ്പിക്കു*

127. സ്വഹീഹുൽബുഖാരി. 6320

*കയാണെങ്കിൽ നീ അതിനെ കാത്തുരക്ഷി ക്കേണമേ. അതിനെ മരിപ്പിക്കുകയാണെങ്കി ൽ അതിന്ന് നീ പൊറുത്തു കൊടുക്കേണ മേ.അല്ലാഹുവേ നിന്നോട് ഞാൻ സൗഖ്യം ചോദിക്കുന്നു.''**128

6) ഹുദൈഫ رضي الله عنه വിൽനിന്ന് നിവേദനം:

നബി(ﷺ) ഉറങ്ങാൻ ഉദ്ദേശിച്ചാൽ ഇപ്ര കാരം ചൊല്ലുമായിരുന്നു:

( بِاسْمِكَ اللَّهُمَّ أَمُوتُ وَأَحْيَا)

*''അല്ലാഹുവേ, നിന്റെ നാമങ്ങളിൽ ഞാ ൻ മരിക്കുകയും ജീവിക്കുകയും ചെയ്യു ന്നു.''**129

7) അലി(رضي الله عنه യെയും ഫാതിമ(رضي الله عنها) യെയും നബി(ﷺ) ഇപ്രകാരം ഉപദേശിക്കു

128. സ്വഹീഹുമുസ്‌ലിം.2712-60
129. (സ്വഹീഹുൽബുഖാരി.6324)

കയുണ്ടായി:

*‘നിങ്ങൾ രണ്ടുപേർക്കും ഒരടിമയെ കിട്ടുന്നതിനേക്കാൾ ഉത്തമമായൊരു കാര്യം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? നിങ്ങൾ രണ്ടുപേരും കിടന്നുറങ്ങാൻ വിരിപ്പിലെത്തിയാൽ 33 പ്രാവശ്യം* سبحان الله *എന്നും 33 പ്രാവശ്യം* الحمد لله *എന്നും 33 പ്രാവശ്യം* الله أكبر *എന്നും ചൊല്ലുക. അതാണ് ഒരടിമയെ കിട്ടുന്നതിനേക്കാൾ നിങ്ങൾക്കുത്തമം.’* *130

8) ജാബിർ(رضي الله عنه)വിൽനിന്ന് നിവേദനം:

നബി(ﷺ) الم سجده ، تبارك എന്നീ സൂറതുകൾ പാരായണം ചെയ്യാതെ കിടന്നുറങ്ങാറുണ്ടായിരുന്നില്ല.’’*131

---

130. (സ്വഹീഹുൽ ബുഖാരി.3113)

131.സുനനുത്തിർമിദി.2892, സ്വഹീഹുൽജാമിഅ്.4873

9) ബറാഅ്ബ്ൻ ആസിബി(رضي الله عنه)ൽനിന്ന് നിവേദനം.എന്നോട് നബി(ﷺ) ഇപ്രകാരം പറയുകയുണ്ടായി:

*'നീ ഉറങ്ങാൻ ചെന്നാൽ, നമസ്കാരത്തിന് വുദൂചെയ്യുന്നതുപോലെ വുദൂചെയ്യുക. ശേഷം, വലതുവശത്തേക്ക് ചെരിഞ്ഞു കിടക്കുക. എന്നിട്ട്, താഴെ പറയുന്നതുപോലെ പ്രാർത്ഥിക്കുക. പിന്നീട് മറ്റു സംസാരങ്ങളൊന്നും നടത്തരുത്. അങ്ങനെ നീ മരിച്ചാൽ നിന്റെ മരണം ശുദ്ധപ്രകൃതിയിലായിരിക്കും.'*

**اللَّهُمَّ أَسْلَمْتُ نَفْسِي إِلَيْكَ وَوَجَّهْتُ وَجْهِي إِلَيْكَ وَفَوَّضْتُ أَمْرِي إِلَيْكَ وَأَلْجَأْتُ ظَهْرِي إِلَيْكَ رَغْبَةً وَرَهْبَةً إِلَيْكَ لاَ مَلْجَأَ وَلاَ مَنْجَا مِنْكَ إِلاَّ إِلَيْكَ آمَنْتُ بِكِتَابِكَ الَّذِي أَنْزَلْتَ وَبِنَبِيِّكَ الَّذِي أَرْسَلْتَ.**

*"അല്ലാഹുവേ, ഞാനെന്റെ നഫ്സിനെ നിന്നെ ഏൽപിച്ചിരിക്കുന്നു. എന്റെ മുഖം ഞാൻ നിന്നിലേക്ക് തിരിച്ചിരിക്കുന്നു.എന്റെ കാര്യം നിനക്ക് വിട്ടുതന്നിരിക്കുന്നു. എന്റെ മുതുക് ഞാൻ നിന്റെയടുത്തേക്ക് ചേർത്തിരിക്കുന്നു. നിന്നിലേക്ക് ആഗ്രഹിച്ചുകൊണ്ടും നിന്നെ ഭയപ്പെട്ടുകൊണ്ടും. നിന്നിൽനിന്ന് നിന്നിലേക്കല്ലാതെ മറ്റാരിലേക്കും അഭയംതേടാനോ രക്ഷതേടാനോ ഇല്ല. നീ ഇറക്കിയ ഗ്രന്ഥത്തിലും നീ നിയോഗിച്ച ദൂതനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു."* *132

o വേറെയും പല ദിക്റുകളുമുണ്ട്. രാവിലെയും വൈകുന്നേരവും കിടന്നുറങ്ങാൻ നേരത്തും കൃത്യവുംനിത്യവുമായി ഈ ദിക്റുകൾ നിർവഹിക്കാൻ സാധിച്ചാൽ, അ

132. (സ്വഹീഹുൽബുഖാരി.6315)

തിന്റെ അർത്ഥവും ആശയവും മനസ്സിനോട് ചേർത്തുപിടിച്ചാൽ അതൊരു വലിയ നേട്ടമായിരിക്കും.

## വസ്ത്രം ഊരിവെക്കുമ്പോൾ

بِسْمِ اللَّهِ എന്ന് ചൊല്ലുക.

റസൂൽ(ﷺ) പറഞ്ഞതായി അനസിൽ (رضي الله عنه)നിന്ന് നിവേദനം:

*"ജിന്നുകളുടെ കണ്ണുകൾക്കും ആദം സന്തതികളുടെ ഗുഹ്യസ്ഥാനങ്ങൾക്കുമിടക്കുള്ള മറ, ഒരാൾ തന്റെ വസ്ത്രമുരിഞ്ഞുവെക്കുമ്പോൾ* بِسْمِ الله *എന്ന് ചൊല്ലലാകുന്നു."* *133

---

133. ത്വബറാനി–മുഅ്ജമുൽഔസ്വത്ത്–7066, അൽ ബാനി–സ്വഹീഹുൽജാമിഅ്.3610)

# ഉറക്കത്തിൽ ഭയവും വിഭ്രാന്തിയും പിടികൂടിയാൽ.

ഒരാൾ നബി(ﷺ)യുടെ അടുത്തുവന്ന്, ഉറക്കത്തിൽ പേടിച്ചുണരുന്നതിനെപ്പറ്റി പരാതിപ്പെട്ടപ്പോൾ അവിടുന്ന് പറഞ്ഞു: നീ ഉറങ്ങാൻ വിരിപ്പിലെത്തിയാൽ ഇപ്രകാരം ചൊല്ലുക:

أَعُـوذُ بِكَلِمَـاتِ اللهِ التَّامَّـةِ، مِـنْ غَضَـبِهِ وَعِقَابِـهِ، وَشَـرِّ عِبَـادِهِ، وَمِـنْ هَمَـزَاتِ الشَّـيَاطِينِ, وَأَنْ يَحْضُـرُونِ.

*“അല്ലാഹുവിന്റെ കോപത്തിൽനിന്നും അവന്റെ ശിക്ഷയിൽനിന്നും അവന്റെ അടിമകൾ വഴിയുള്ള നാശത്തിൽനിന്നും പിശാചുക്കളുടെ ബാധകളിൽനിന്നും അവയുടെ സാന്നിധ്യമുണ്ടാകുന്നതിൽനിന്നും*

*അല്ലാഹുവിന്റെ സമ്പൂർണവചനങ്ങൾ കൊണ്ട് ഞാൻ രക്ഷ തേടുന്നു.''**134

# രാത്രി ഉണർന്നാൽ

നബി(ﷺ) പറഞ്ഞതായി ഉബാദതുബ്ൻ സ്വാമിതി(رضي الله عنه) ൽനിന്ന് നിവേദനം:

''ആരെങ്കിലും രാത്രി ഉണർന്ന് താഴെ പറയുംപ്രകാരം ചൊല്ലുകയും എന്നിട്ട്, *അല്ലാഹുവേ എനിക്ക് നീ പൊറുത്തുതരേണമേ* എന്ന് പറയുകയോ അവനോട് പ്രാർത്ഥിക്കുകയോ ചെയ്താൽ അവന്ന് ഉത്തരം ചെയ്യപ്പെടും. വുദൂചെയ്ത് നമസ്കരിച്ചാൽ അവന്റെ നമസ്കാരം സ്വീകരിക്കപ്പെടും. പ്രാർത്ഥിക്കേണ്ടതിങ്ങനെ:

---

134.നസാഇൗ-അമലുൽയൗമിവല്ലൈല.766, അൽബാനി *ഹെസൻ* എന്ന ഇനത്തിൽ ഉൾപെടുത്തിയത്.-സിൽസിലതുൽഅഹാദീഥിസ്സ്വഹീഹ.1/528-(264)

لاَ إِلَــهَ إِلَّا اللَّهُ وَحْــدَهُ لاَ شَــرِيكَ لَــهُ، لَــهُ الْمُلْـكُ وَلَـهُ الْحَمْـدُ، وَهُـوَ عَلَـى كُـلِّ شَـيْءٍ قَـدِيرٌ. الْحَمْـــدُ لِلَّهِ، وَسُـــبْحَانَ اللَّهِ، وَلاَ إِلَـــهَ إِلَّا اللَّهُ وَاللَّهُ أَكْـبَرُ ، وَلاَ حَـوْلَ ، وَلاَ قُـوَّةَ إِلاَّ بِاللَّهِ .

"യഥാർത്ഥത്തിൽ അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുംതന്നെയില്ല. അവൻ ഏകനാണ്.അവന്നാണ് ആധിപത്യം. അവന്നാണ് യഥാർത്ഥ സ്തുതി. അവനാണ് എല്ലാറ്റിനും കഴിവുള്ളവൻ. സർവ്വസ്തുതിയും അല്ലാഹുവിന്നാകുന്നു അർഹതപ്പെട്ടത്. അല്ലാഹു എത്ര പരിശുദ്ധൻ! അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി ആരുമേ ഇല്ല. അല്ലാഹുവാകുന്നു വലിയവൻ. അല്ലാഹുവിനെക്കൊണ്ടല്ലാതെ ഒരവസ്ഥയിൽനിന്ന് മാറാനോ (വല്ല പ്രവൃത്തിയും ചെയ്യാനോ)ഉള്ള കഴിവില്ല"[135] >>

«Back to Index

# അന്ത്യയാമത്തിലെ പ്രാർത്ഥന.

1) രാത്രിയുടെ അവസാനത്തെ മൂന്നിലൊന്നിൽ ദുആചെയ്യുന്നതും പാപമോചന പ്രാർത്ഥന നടത്തുന്നതും വളരെ പ്രാധാന്യമുള്ളതാണ്. നബി(ﷺ) പ്രസ്താവിച്ചതായി അബൂഹുറയ്റ(رضي الله عنه) യിൽനിന്ന് നിവേദനം:

*"എല്ലാ രാത്രിയിലും അവസാനത്തെ മൂന്നാംഭാഗം അവശേഷിക്കുമ്പോൾ നമ്മുടെ റബ്ബ് ദുനിയാവിനോട് ഏറ്റവും അടുത്ത ആകാശത്തേക്കിറങ്ങി വന്ന് ചോദിക്കും: എന്നോട് ദുആ ചെയ്യുന്നവനായി ആരുണ്ട്? അവന്ന് ഞാൻ ഉത്തരം ചെയ്യും. ആരുണ്ട് എന്നോട് ചോദിക്കുന്നവനായി? അവന്ന് ഞാൻ നൽകും. ആരുണ്ട് എന്നോട് പാപമോചനം തേടുന്നവനായി? അവന്ന്*

< 135. (സ്വഹീഹുൽബുഖാരി.1154)

*ഞാൻ പൊറുത്തുകൊടുക്കും*''*136

2) നബി(ﷺ) പറയുന്നത് നേരിൽകേട്ടതായി അംറുബ്നു അബസയിൽനിന്ന് നിവേദനം:

"*റബ്ബായ(അല്ലാഹു) തന്റെ ദാസനോട് ഏറ്റവും അടുത്തുനിൽക്കുന്ന സമയം രാത്രിയുടെ അവസാന യാമത്തിലാണ്. ആ സമയത്ത് അല്ലാഹുവിനെ സ്മരിക്കുന്നവരുടെ കൂട്ടത്തിൽ പെടാൻ സാധിച്ചാൽ നീ അത് ചെയ്യുക.*"*137

## സ്വപ്നം കണ്ടാൽ.

നബി(ﷺ) ഇപ്രകാരം പറഞ്ഞത് അബൂഖതാദതുബ്ൻരിബ്ഈ(رضي الله عنه) നേരിൽ കേട്ടതായി അബൂസലമതുബ്ൻ അബ്ദുർറഹ്

136. സ്വഹീഹുൽബുഖാരി.1145

137. സുനനുത്തിർമിദി.3579,അൽബാനി-സ്വഹീഹുൽജാമിഇസ്വഗീർ.1173

മാൻ പറയുന്നു:

الـرُّؤْيَا مِـنَ اللهِ، وَالْحُلْـمُ مِـنَ الشَّـيْطَانِ، فَـإِذَا رَأَى أَحَـدُكُمْ شَـيْئًا يَكْرَهُـهُ، فَلْيَنْفُـثْ عَـنْ يَسَـارِهِ ثَـلَاثَ مَـرَّاتٍ وَلْيَتَعَـوَّذْ بِاللهِ مِـنْ شَـرِّهَا، فَإِنَّهَـا لَـنْ تَضُـرَّهُ.

*"നല്ല സ്വപ്നങ്ങൾ അല്ലാഹുവിൽ നിന്നു ള്ളതാണ്. ചീത്ത സ്വപ്നങ്ങൾ പിശാചിൽ നിന്നും. നിങ്ങളിലാരെങ്കിലും, വെറുക്കുന്ന വല്ലതും കണ്ടാൽ അവൻ മൂന്നുതവണ ഇ ടതുവശത്തേക്ക് തുപ്പട്ടെ.* *138 *എന്നിട്ട് അതി ന്റെ ശർറിൽനിന്ന് അല്ലാഹുവിനോട് രക്ഷ തേടിക്കൊള്ളട്ടെ. എന്നാൽ,അതവന്ന് (യാ തൊരു)പദ്രവവും വരുത്തുകയില്ല."*

138. ഇതിന്റെ താൽപര്യം ഉമിനീരില്ലാത്തവിധം തുപ്പ ലായിരിക്കാമെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.(ഉംദ തുൽഖാരി ശർഹുസ്വഹീഹിൽബുഖാരി.24/133)

ഇതു പറഞ്ഞശേഷം അബൂസലമ പറയുകയാണ്:

*“ഒരു പർവതത്തെക്കാൾ എനിക്ക് ഭാരം തോന്നുന്ന തരത്തിലുള്ള സ്വപ്നം കണ്ടാലും ഈഹദീഥ് കേട്ടതുകൊണ്ട് ഞാനതിന് യാതൊരു വിലയും കൽപിക്കാറില്ല.* *139

## വെറുക്കുന്ന സ്വപ്നം കണ്ടാൽ

1) ഉണർന്നശേഷം മൂന്നു തവണ(ഇടതുവശത്തേക്ക്) തുപ്പുക. 140*

2) അവൻ കണ്ട ദുസ്വപ്നത്തിന്റെയും പിശാചിന്റെയും ശർറിൽനിന്ന് അല്ലാഹുവിനോട് കാവൽ തേടുക.*141

3) അത് വിശദീകരിക്കുകയോ മറ്റാരോടെ

139.സ്വഹീഹുൽബുഖാരി.5747, അബൂദാവൂദ്.5021

140.സ്വഹീഹ് മുസ്‌ലിം.2261

141. സ്വഹീഹുൽബുഖാരി.7044

ങ്കിലും പറയുകയോ ചെയ്യാതിരിക്കുക. *142

4) നേരെ എതിർവശത്തേക്ക് തിരിഞ്ഞുകിടക്കുക.143*

5) അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ എഴുന്നേറ്റ് നമസ്കരിക്കുക.144*

## വിത്റിലെ ഖുനൂത്ത്

"*ഖിയാമു റമളാൻ* എന്ന കൃതിയിൽ '*ഖുനൂത്തിന്റെ പ്രാർത്ഥനയും അതിന്റെ സ്ഥാനവും*' എന്ന ഉപശീർഷകത്തിനുതാഴെ അല്ലാമാ അൽബാനി(رحمه الله) ഇപ്രകാരം രേഖപ്പെടുത്തുന്നു:

"ഖുർആൻ പാരായണം കഴിഞ്ഞ് റുകൂഇന് മുമ്പായി, (നബി(ﷺ) തന്റെ പേരക്കുട്ടി

142.സ്വഹീഹുൽബുഖാരി.7044, മുസ്‌ലിം.2263

143. സ്വഹീഹുമുസ്‌ലിം.5-2262

144. സ്വഹീഹുമുസ്‌ലിം.2263

-ഹസൻ(رضي الله عنه)വിന് പഠിപ്പിച്ചുകൊടുത്ത) ഖുനൂത്ത് ചിലപ്പോഴൊക്കെ നടത്തുക. അ തിപ്രകാരമാണ്:

**اللَّهُمَّ اهْدِنَا فِيمَنْ هَدَيْتَ، وَعَافِنَا فِيمَنْ عَافَيْتَ، وَتَوَلَّنَا فِيمَنْ تَوَلَّيْتَ، وَبَارِكْ لَنَا فِيمَا أَعْطَيْتَ، وَقِنَا شَرَّ مَا قَضَيْتَ إِنَّكَ تَقْضِي وَلَا يُقْضَى عَلَيْكَ، وَإِنَّهُ لَا يَذِلُّ مَنْ وَالَيْتَ تَبَارَكْتَ وَتَعَالَيْتَ لَا مَنْجَا مِنْكَ إِلَّا إِلَيْكَ.**

*"നീ സന്മാർഗ്ഗത്തിലാക്കിയവരുടെ കൂട്ടത്തിൽ ഞങ്ങളെയും നീ സന്മാർഗ്ഗത്തിലാക്കേണമേ. നീ സുഖത്തിലാക്കിയവരുടെ കൂട്ടത്തിൽ ഞങ്ങളെയും നീ സുഖത്തിലാക്കേണമേ. നീ സംരക്ഷണം ഏറ്റെടുത്തവരുടെ കൂട്ടത്തിൽ ഞങ്ങളെയും നീ ഉൾപ്പെടുത്തേണമേ. നീ നൽകിയതിൽ ഞങ്ങൾ*

*ക്ക് നീ ബറകത്ത്ചൊരിയേണമേ. നീ വിധിച്ചതിന്റെ നാശത്തിൽനിന്ന് ഞങ്ങളെ നീ സംരക്ഷിക്കേണമേ. കാരണം, നീയാണ് വിധിക്കുന്നവൻ. നിനക്കെതിരെ വിധിക്കാൻ ആർക്കും കഴിയില്ല. നീ സ്നേഹിച്ചവരെ നിന്ദിക്കാൻ ആർക്കുമാവില്ല. (നീ മഹത്വമുടയവനും ഉന്നതനുമാകുന്നു. നിന്നിൽ നിന്ന് നിന്നിലേക്കല്ലാതെ രക്ഷപ്പെടാനില്ല.''* *145

അൽബാനി തുടരുന്നു:

''വിത്റിന്റെ അവസാനത്തിൽ, സലാം വീട്ടുന്നതിന്റെ മുമ്പോ ശേഷമോ, (അലിയി رضي الله عنهൽനിന്ന് നിവേദനം ചെയ്യപ്പെടുന്ന)

---

145. അൽബാനി-ഖിയാമുറമളാൻ.1/31 '*ലാ മൻജാമിൻക ഇല്ലാ ഇലൈക്*' എന്നതൊഴികെയുള്ള ഭാഗം സ്വഹീഹ് ഇബ്നിഹിബ്ബാൻ,722, അൽമുഅ്ജമുൽകബീർ.2700, ബൈഹഖിയുടെ സുനനുൽകുബ്റാ.3141 മുതലായവയിലുണ്ട്.

നബി(ﷺ)യുടെ *ദുആ* നിർവഹിക്കുന്നത് സുന്നത്താണ്. അതിപ്രകാരമാണ്:

**اللَّهُمَّ إِنِّ أَعُوذُ بِرِضَاكَ مِنْ سَخَطِكَ وَبِمُعَافَاتِكَ مِنْ عُقُوبَتِكَ وَأَعُوذُ بِكَ مِنْكَ لاَ أُحْصِي ثَنَاءً عَلَيْكَ أَنْتَ كَمَا أَثْنَيْتَ عَلَى نَفْسِكَ.**

*“അല്ലാഹുവേ, നിന്റെ കോപമെന്ന (صفة) വിശേഷണത്തിൽനിന്നും നിന്റെ തൃപ്തിയെന്ന (صفة)വിശേഷണംകൊണ്ട് ഞാൻ രക്ഷചോദിക്കുന്നു. നിന്റെ ശിക്ഷയിൽ നിന്നും ഞാൻ നിന്റെ തൃപ്തിയെന്ന (صفة) വിശേഷണംകൊണ്ട് രക്ഷതേടുന്നു. നിന്നെക്കുറിച്ച പേടികൊണ്ട് നിന്നിലേക്ക് തന്നെ ഞാൻ രക്ഷതേടുന്നു. നിന്റെ നിഅ്മത്തുകളോ നിനക്കുള്ള പുകഴ്ത്തലുകളോ ക്ലിപ്തപ്പെടുത്താൻ എനിക്ക് സാധ്യമല്ല. നീ*

*നിന്റെ നഫ്സിനെ പുകഴ്ത്തിയതുപോലെ യാണ് (നിനക്ക് അർഹതപ്പെട്ട പുകഴ്ത്ത ൽ.)**146

ഉബയ്യുബ്ൻ കഅ്ബി(رضي الله عنه)ൽനിന്ന് നിവേദനം:

“നബി(ﷺ) വിത്റിന്റെ ആദ്യത്തെ റക്അ *ത്തിൽ* سَبِّحِ اسْمَ رَبِّكَ الْأَعْلَى യും രണ്ടാമത്തെ റ ക്അത്തിൽ قُلْ يَا أَيُّهَا الْكَافِرُونَ യും മൂന്നാമത്തെ റക്അത്തിൽ قُلْ هُوَ اللَّهُ أَحَدٌ യും ചൊല്ലാറുണ്ടാ യിരുന്നു.*147

ഉബയ്യുബ്ൻകഅ്ബി(رضي الله عنه)ൽനിന്ന്

---

146. ബൈഹഖി-സുനനുൽകുബ്റാ.2719, അൽബാനി ഇത് സ്വഹീഹാണെന്ന് പറയുന്നു:സ്വഹീഹുൽ ജാ മിഅ്.1280

147. ഇബ്നുമാജ.1171 ഇബ്നുഹിബ്ബാൻ.2436 ഇത് സ്വ ഹീഹാണെന്ന് അൽബാനി പറയുന്നു.-അത്തഅ്ലീ ഖാതുൽഹിസാൻ.2427

നിവേദനം:

"വിത്‌റിൽനിന്ന് സലാംവീട്ടിയാൽ നബി(ﷺ) മൂന്നുതവണ ഇപ്രകാരം പറയാറുണ്ടായിരുന്നു. മൂന്നാംതവണ അൽപം ശബ്ദമുയർത്തുകയും ചെയ്യാറുണ്ടായിരുന്നു:

سُبْحَانَ الْمَلِكِ الْقُدُّوسِ

"*സകലമാന ന്യൂനതകളിൽനിന്നും സംശുദ്ധനായ രാജാവായ അല്ലാഹു ഏറെ പരിശുദ്ധനാകുന്നു.*"*148

## ദുഃഖമുണ്ടായാൽ.

ദു:ഖമനുഭവപ്പെട്ടാൽ ഇങ്ങനെ പ്രാർത്ഥിക്കുക:

148. മുസ്നദ്അഹ്മദ്.15354,നസാഈ-അമലുൽ യൗമിവല്ലൈല.732. ഇത് സ്വഹീഹാണെന്ന് അൽബാനി പറഞ്ഞിട്ടുണ്ട്. സ്വഹീഹ്അബീദാവൂദ്.1284, ഖിയാമുറമളാൻ.1/33 എന്നിവ കാണുക.

اللَّهُـمَّ إِنِّي عَبْـدُكَ ، ابْـنُ عَبْـدِكَ ، ابْـنُ أَمَتِـكَ نَاصِـيَتِي بِيَـدِكَ ، مَـاضٍ فِيَّ حُكْمُـكَ ، عَـدْلٌ فِيَّ قَضَـاؤُكَ ، أَسْـأَلُكَ بِكُـلِّ اسْـمٍ هُـوَ لَـكَ سَمَّيْـتَ بِـهِ نَفْسَـكَ ، أَوْ عَلَّمْتَـهُ أَحَـدًا مِـنْ خَلْقِــكَ ، أَوْ أَنْزَلْتَــهُ فِي كِتَابِــكَ ، أَوِ اسْــتَأْثَرْتَ بِــهِ فِي عِلْـمِ الْغَيْــبِ عِنْـدَكَ ، أَنْ تَجْعَـلَ الْقُـرْآنَ رَبِيــعَ قَـلْبِي ، وَنُــورَ صَــدْرِي وَجِلاَءَ حُزْنِي ، وَذَهَـابَ هَمِّي.

*“അല്ലാഹുവേ, ഞാൻ നിന്റെ ദാസനാകുന്നു. നിന്റെ ദാസന്റെ മകനും. ദാസിയുടെ മകനും. എന്റെ മൂർദ്ദാവ് നിന്റെ കൈയിലാകുന്നു. നിന്റെ തീരുമാനം എന്നിൽ നടപ്പിൽവരുന്നു. നിന്റെ വിധി എന്നിൽ നീതിപൂർവ്വകമാണ്. നിനക്ക് നീ നൽകിയതോ നിന്റെ ഗ്രന്ഥത്തിൽ നീ ഇറക്കിയതോ നിന്റെ സൃഷ്ടികളിൽ ആർക്കെങ്കിലും പഠിപ്പിച്ചുകൊടുത്തതോ നിന്റെ അദൃശ്യജ്ഞാന*

*ത്തിൽ നീ സൂക്ഷിച്ചുവെച്ചതോ ആയ എല്ലാ നാമങ്ങൾകൊണ്ടും ഞാൻ നിന്നോട് ചോദിക്കുന്നു. വിശുദ്ധ ഖുർആനിനെ എന്റെ ഹൃദയത്തിന്റെ വസന്തമാക്കേണമേ എന്ന്. അതിനെ നീയെന്റെ നെഞ്ചിന്റെ പ്രകാശവും ദുഃഖത്തിന്റെ ശമനവും മനഃക്ലേശത്തിന്റെ നിരാസകവുമാക്കേണമേ.*”

“ദു:ഖമോ മനോവ്യഥയോ ബാധിച്ച ഒരാൾ ഇവ്വിധം പ്രാർത്ഥിച്ചാൽ, അല്ലാഹു അവന്റെ ദുഖവും വ്യഥയും പോക്കി തുറസ്സ് നൽകുന്നതാണെന്ന് നബി(ﷺ) പറഞ്ഞിട്ടുണ്ട്. അപ്പോൾ നബി(ﷺ)യോട് ചോദിക്കപ്പെട്ടു: എങ്കിൽ ഞങ്ങളത് പഠിച്ചുകൊള്ളട്ടെയോ? അപ്പോൾ അവിടുന്ന് പറഞ്ഞു: അതെ, കേട്ടവർ അത് പഠിക്കേണ്ടതാണ്..” *149

149. സ്വഹീഹ് ഇബ്നിഹിബ്ബാൻ.972,മുസ്നദ് ഇബ്നു അബീശൈബ.329,മുസ്നദുൽബസ്സാർ.1994, അൽബാനി സ്വഹീഹ് എന്ന് രേഖപ്പെടുത്തിയത്. അത്തഅ്ലീഖാതുൽഹിസാൻ.968

മറ്റൊരു പ്രാർത്ഥന:

**اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الهَمِّ وَالحَزَنِ وَالعَجْزِ وَالكَسَلِ، وَالبُخْلِ وَالجُبْنِ، وَضَلَعِ الدَّيْنِ وَغَلَبَةِ الرِّجَالِ.**

*"അല്ലാഹുവേ, മനോവിഷമത്തിൽ നിന്നും ദുഃഖത്തിൽനിന്നും അലസതയിൽ നിന്നും ബലഹീനതയിൽനിന്നും ഭീരുത്വത്തിൽ നിന്നും ലുബ്ധിൽനിന്നും കടങ്ങൾ കുമിഞ്ഞു കൂടുന്നതിൽനിന്നും ആളുകൾ എന്നെ അടക്കിഭരിക്കുന്നതിൽനിന്നും ഞാൻ നിന്നോട് രക്ഷചോദിക്കുന്നു."*

ഇത് നബി(ﷺ) ധാരാളമായി ചൊല്ലാറുണ്ടായിരുന്നതായി അനസുബ്ൻമാലിക് رضي الله عنه പറയുന്നു.*150

---

150. സ്വഹീഹുൽബുഖാരി.2893, അൽബാനി- സ്വഹീഹുൽജാമിഇസ്വഗീർ.1289

# തീവ്ര വ്യഥയുണ്ടായാൽ

കടുത്ത യാതനയും തീവ്രവ്യഥയുമുണ്ടാവുമ്പോൾ നബി(ﷺ) ഇപ്രകാരം ചൊല്ലാറുണ്ടായിരുന്നതായി ഇബ്നുഅബ്ബാസ് (رضي الله عنه)പറയുന്നു:

لاَ إِلَـهَ إِلَّا اللَّهُ العَظِيمُ الحَلِيمُ، لاَ إِلَـهَ إِلَّا اللَّهُ رَبُّ العَرْشِ العَظِيمِ، لاَ إِلَـهَ إِلَّا اللَّهُ رَبُّ السَّمَوَاتِ وَرَبُّ الأَرْضِ، وَرَبُّ العَرْشِ الكَرِيمِ.

*“സഹനശീലനും മഹാനുമായ അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി ആരും തന്നെയില്ല. മഹത്വമേറിയ അർശിന്റെ ഉടമയായ അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി ആരും തന്നെയില്ല. ആകാശഭൂമികളുടെ റബ്ബായ ആദരണീയ അർശിന്റെ ഉടമയായ*

*അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി ആരുമില്ല."*[151]

൦ കടുത്ത വ്യഥയുടെ കൊടുമ്പിരിയിൽ ഇവ്വിധം അല്ലാഹുവിന്റെ അനുപമമായ നാമ വിശേഷണങ്ങൾകൊണ്ട് തവസ്സുൽ ചെയ്ത്, അവന്റെ ഏകത്വവും ഉബൂദിയത്തുംഉൽഘോഷിച്ച്, മനസ്സറിഞ്ഞ് റബ്ബിലേക്ക് താഴ്മകാണിക്കാനും അവനിൽ ഭരമേൽപിക്കാനും കഴിയുന്ന ഒരടിമക്ക് ആശ്രയമായി അല്ലാഹു തന്നെ മതി.

وَمَن يَعْتَصِم بِاللَّهِ فَقَدْ هُدِيَ إِلَىٰ صِرَاطٍ مُّسْتَقِيمٍ

*"ആർ അല്ലാഹുവെ മുറുകെ പിടിക്കുന്നുവോ തീർച്ചയായും അവൻ സ്വിറാത്വുൽമുസ്തഖീമിലേക്ക് നയിക്കപ്പെടുക തന്നെ ചെയ്യും." (ആലുഇംറാൻ.101)*

---

151 (സ്വഹീഹുൽബുഖാരി.6346, മുസ്‌ലിം.2730)

2) റസൂൽ(ﷺ) പറഞ്ഞതായി അബൂബകറ (رضي الله عنه) യിൽനിന്ന് നിവേദനം:

**اللهُمَّ رَحْمَتَكَ أَرْجُو، فَلَا تَكِلْنِي إِلَى نَفْسِي طَرْفَةَ عَيْنٍ، وَأَصْلِحْ لِي شَأْنِي كُلَّهُ، لَا إِلَهَ إِلَّا أَنْتَ.**

*"അല്ലാഹുവേ നിന്റെ കാരുണ്യം ഞാൻ പ്രതീക്ഷിക്കുന്നു. എന്റെ കാര്യം ഒരു നിമിഷനേരത്തേക്കുപോലും എന്നെത്തന്നെ നീ ഏൽപിക്കരുതേ. എന്റെ എല്ലാ കാര്യവും നീ ശരിയാക്കേണമേ. യഥാർത്ഥത്തിൽ ആരാധനക്ക് അർഹനായി നീയല്ലാതെ മറ്റാരുമില്ല.'* *152

3) സഅ്ദുബ്ൻ അബീവഖാസി(رضي الله عنه)ൽ നിന്ന് നിവേദനം:

152. സുനനുഅബീദാവൂദ്.5090, മുസ്നദ് അഹ്മദ്. 20430, അൽബാനി-സ്വഹീഹിൽജാമിഇസ്വഗീർ.3388

അദ്ദേഹം പറയുന്നു: “ഞങ്ങൾ നബി(ﷺ) യുടെ അടുത്ത് ഇരിക്കുകയായിരുന്നു. അപ്പോൾ അവിടുന്ന് ചോദിച്ചു: നിങ്ങളിലൊരാൾക്ക് ദുനിയാവിന്റെ വല്ല പരീക്ഷണമോ തീവ്രവ്യഥയോ അനുഭവപ്പെടുന്ന നേരത്ത് തുറസ്സുകിട്ടാൻ സഹായകമായ ഒരു കാര്യം (പ്രാർത്ഥന) ഞാൻ അറിയിച്ചുതരട്ടെയോ? അവർ പറഞ്ഞു: “*അതെ.*”

അവിടുന്ന് പറഞ്ഞു: ذُو النُّونِ ന്റെ പ്രാർഥന നിർവഹിച്ചുകൊള്ളുക. അഥവാ-

لَا إِلَهَ إِلَّا أَنْتَ سُبْحَانَكَ إِنِّي كُنْتُ مِنَ الظالمينَ.

“*യഥാർത്ഥത്തിൽ ആരാധനക്ക് അർഹനായി നീയല്ലാതെ മറ്റാരുമില്ല. നീ പരിശുദ്ധനാകുന്നു. തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടുപോയിരിക്കുന്നു.*” *153

153. (മുസ്തദ്റക്-ഹാകിം.1864, അൽബാനി-സ്വഹീ >

4) അനസി(رضي الله عنه)ൽനിന്ന് നിവേദനം:

നബി(ﷺ)ക്ക് വല്ല കടുത്ത പ്രയാസവും അനുഭവപ്പെട്ടാൽ അവിടുന്ന് ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു:

يَا حَـيُّ يَا قَيُّـومُ بِرَحْمَتِـكَ أَسْـتَغِيثُ.

*“حَـيُّ (ഹെയ്യും) قَيُّـومُ(ഖയ്യൂമു)മായ അല്ലാഹുവേ,നിന്റെ റഹ്മത്തുകൊണ്ട് ഞാൻ ഇസ്തിഗാഥ നടത്തുന്നു.”* *154

## ശത്രുവിനെ കണ്ടുമുട്ടുമ്പോൾ

നബി(ﷺ) ശത്രുക്കളുടെ സഖ്യസേനകൾക്കെതിരെ ഇങ്ങനെ പ്രാർത്ഥിച്ചു:

اللَّهُـمَّ مُنْـزِلَ الكِتَـابِ، وَمُجْـرِيَ السَّـحَابِ، وَهَـازِمَ

---

ഹുൽജാമിഇസ്വഗീർ.2605)

154. സുനനിത്തിർമിദി.3524, അൽബാനി-സ്വഹീഹുൽജാമിഇസ്വഗീർ. 4777

الأَحْزَابِ اهْـزِمْهُمْ وَانْصُـرْنَا عَلَيْهِـمْ .

*“കിതാബുകൾ അവതരിപ്പിച്ചവനും മേഘത്തെ നടത്തുന്നവനും സംഘങ്ങളെ പരാജയപ്പെടുത്താൻ (കഴിവുള്ളവനു)മായ അല്ലാഹുവേ, നീ (ശത്രുക്കളെ)പരാജയപ്പെടുത്തേണമേ. അവർക്കുമേൽ ഞങ്ങൾക്ക് നീ സഹായം നൽകേണമേ. *155*

## ‘ഈമാനി’ൽ സന്ദേഹം തോന്നിയാൽ

റസൂൽ(ﷺ) പറഞ്ഞതായി ഖുസൈമതുബ്ൻ ഥാബിതി(رضي الله عنه)ൽനിന്ന് നിവേദനം:

*“നിങ്ങളിലൊരാളുടെ അടുത്ത് പിശാച് വന്ന് ചോദിക്കും: ആകാശങ്ങളെ സൃഷ്ടിച്ചതാരാണ്.?അപ്പോൾ അവൻ പറയും: ‘അല്ലാ ഹു’ എന്ന്. പിന്നെ ചോദിക്കും: ‘ഭൂമിയെ സൃഷ് ടിച്ചതാരാണ്?’ അപ്പോഴും പറയും:‘അല്ലാഹു എന്ന്. അവസാനം ചോദിക്കും: ‘എന്നാൽപിന്നെ*

155. സ്വഹീഹുൽബുഖാരി.2966

അല്ലാഹുവിനെ സൃഷ്ടിച്ചതാര്?'

ഇത്തരത്തിൽ ആർക്കെങ്കിലും അനുഭവപ്പെട്ടാൽ അവൻ, آمنــتُ باللهِ ورُسُــلِهِ എന്നു പറഞ്ഞുകൊള്ളട്ടെ.'' *156

## കടത്തിലകപ്പെട്ടവൻ പ്രാർത്ഥിക്കേണ്ടത്.

اللَّهُــمَّ اكْـفِنِي بِحَلاَلِـكَ عَـنْ حَرَامِـكَ ، وَأَغْنِــنِي بِفَضْــلِكَ عَمَّــنْ سِــوَاكَ.

"അല്ലാഹുവേ (ഹറാമായതിലേക്ക് താൽപര്യപ്പെടാത്തവിധം )ഹലാലായതുകൊണ്ട് എനിക്ക് നീ മതിവരുത്തേണമേ. മറ്റുള്ളവരിലേക്ക് ആവശ്യമാവാത്ത വിധം നിന്റെ ഔദാര്യം കൊണ്ട് എന്നെ നീ ധന്യനാക്കു

156. ബഗവി-ശറഹുസ്സുന്ന.62, ത്വബറാനി-അൽമുഅ്ജമുൽകബീർ.3719,മുസ്നദ്അഹ്മദ്.26203.അൽബാനി-സ്വഹീഹുൽജാമിഇസ്വഗീർ.1657

*കയും ചെയ്യേണമേ.”* *157

# ഇഷ്ടകരമല്ലാത്തത് സംഭവിച്ചാൽ

നബി(ﷺ) പറഞ്ഞതായി അബൂഹുറയ്റ (رضي الله عنه)യിൽനിന്ന് നിവേദനം:

*“(അനിഷ്ടകരമായി) വല്ലതും നിന്നെ ബാധിച്ചാൽ, ഞാൻ അങ്ങനെ ചെയ്തിരുന്നെങ്കിൽ ഇങ്ങനെയെല്ലാം സംഭവിക്കുമായിരുന്നു...എന്നിങ്ങനെ പറയരുത്. മറിച്ച് പറയേണ്ടത് ഇതാണ്:*

قَدَرُ اللهِ وَمَا شَاءَ فَعَلَ

*“അല്ലാഹു കണക്കാക്കിയതാണിത്. അവൻ ഉദ്ദേശിച്ചത് അവൻ പ്രവർത്തിച്ചിരിക്കുന്നു.”* *158

157. (സുനനിത്തിർമിദി. 3563,അൽബാനി-സ്വഹീഹുൽജാമിഇസ്വഗീർ.2625)
158. (സ്വഹീഹുമുസ്ലിം.2664-34)

# കുട്ടികൾക്ക് പിശാചിന്റെ ബാധയില്ലാതിരിക്കാൻ.

ഇബ്നു അബ്ബാസ്(رضي الله عنه) പറയുന്നു:

'(പേരക്കുട്ടികളായ)ഹസൻ, ഹുസൈൻ എന്നിവർക്ക് പിശാചിന്റെ ബാധയില്ലാതിരിക്കാൻ നബി(ﷺ) അല്ലാഹുവിനോട് രക്ഷ തേടിയിരുന്നു. അവിടുന്ന് ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു:

أُعِيذُكُمَا بِكَلِمَاتِ اللَّهِ التَّامَّةِ مِنْ كُلِّ شَيْطَانٍ وَهَامَّةٍ وَمِنْ كُلِّ عَيْنٍ لاَمَّةٍ.

*"എല്ലാ പിശാചുക്കളുടെയും ദുഷ്ട ജീവികളുടെയും കണ്ണേറിന്റെയും ദോഷത്തിൽ നിന്ന് അല്ലാഹുവിന്റെ പൂർണ്ണവചനങ്ങൾ കൊണ്ട് നിങ്ങൾക്ക് ഞാൻ കാവൽ തേടുന്നു."* *159

159. അബൂദാവൂദ്.4737, സ്വഹീഹ് ഇബ്നുഹിബ്ബാൻ.

# രോഗിയെ സന്ദർശിക്കൽ

റസൂൽ(ﷺ) പറഞ്ഞതായി അലി(رضي الله عنه) ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു:

*"ഒരാൾ തന്റെ മുസ്‌ലിമായ സഹോദരന്റെയടുത്ത് രോഗസന്ദർശനത്തിന് ചെന്നാൽ അവൻ സ്വർഗ്ഗത്തിലെ ഒരു തോട്ടത്തിലൂടെയാണ് നടന്നത്. അവൻ അവിടെ ഇരുന്നാൽ അല്ലാഹുവിന്റെ കാരുണ്യം അവനെ പൊതിയുന്നതാണ്. പ്രഭാതത്തിലാണെങ്കിൽ വൈകുന്നേരം വരെ 70,000 മലക്കുകൾ അവന്നുവേണ്ടി നന്മയ്ക്കായി പ്രാർത്ഥിച്ചുകൊണ്ടിരിക്കും. വൈകുന്നേരമാണെങ്കിൽ പ്രഭാതംവരെ 70,000 മലക്കുകൾ അവന്നുവേണ്ടി നന്മയ്ക്കായി പ്രാർത്ഥിച്ചുകൊണ്ടിരിക്കും."* *160

---

1012.അൽബാനി-അത്തഅ്ലീഖാത്ത്.1008

160. സുനനുഇബ്നുമാജ.1442, അൽബാനി-സിൽസി ≫

റസൂൽ(ﷺ) പറഞ്ഞതായി അബൂഹുറയ്റ(رضي الله عنه)യിൽനിന്ന് നിവേദനം:

مَنْ عَادَ مَرِيضًا أَوْ زَارَ أَخًا لَهُ فِي اللَّهِ نَادَاهُ مُنَادٍ أَنْ طِبْتَ وَطَابَ مَمْشَاكَ وَتَبَوَّأْتَ مِنَ الجَنَّةِ مَنْزِلًا.

*"ഒരാൾ ഒരു രോഗിയെയോ അല്ലാഹുവിന്റെ മാർഗത്തിലെ ഒരു സഹോദരനെയോ സന്ദർശിച്ചാൽ വിളിച്ചുപറയുന്ന ഒരാൾ ഇങ്ങനെ വിളിച്ചുപറയും:*

*"നിന്റെ അവസ്ഥ നന്നായിരിക്കുന്നു. നിന്റെ നടത്തം നന്നായിരിക്കുന്നു. സ്വർഗത്തിൽ നീ നിനക്കൊരു ഭവനം തയാർ ചെയ്തിരിക്കുന്നു."* *161

---

ലതുൽഅഹാദീഥിസ്വഹീഹ.1367)

161. സുനനുത്തിർമിദി.2008, അൽബാനി-സ്വഹീഹുൽജാമിഅ്.6387

* إِذَا عَادَ الْمُسْلِمُ أَخَاهُ الْمُسْلِمَ أَوْ زَارَهُ (*ഒരു മുസ്‌ലിം തന്റെ* >

# രോഗശമനത്തിന് വേണ്ടിയുള്ള പ്രാർത്ഥന.

ഇബ്നുഅബ്ബാസി(رضي الله عنه)ൽനിന്ന് നിവേദനം:

നബി(ﷺ) രോഗിയുടെ അടുത്തുചെന്നാൽ ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു:

لاَ بَأْسَ، طَهُورٌ إِنْ شَاءَ اللَّهُ تَعَالَى

*"കുഴപ്പമില്ല. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ സുഖമാകും-സുഖമാകട്ടെ."**162

2) നബി(ﷺ) പറഞ്ഞതായി ഇബ്നുഅബ്ബാസി(رضي الله عنه) ൽനിന്ന് നിവേദനം:

---

<*മുസ്‌ലിമായ സഹോദരനെ രോഗമായിരിക്കെ സന്ദർശിക്കുകയോ അല്ലാതെ സന്ദർശിക്കുകയോ ചെയ്താൽ...)*എന്ന് വേറെ ചില രിവായത്തുകളിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

162. (സ്വഹീഹുൽബുഖാരി.3616)

“അല്ലാഹുവിന്റെ മുസ്‌ലിമായ ഒരു ദാസൻ രോഗിയെ സന്ദർശിച്ചുകൊണ്ട് ഏഴുതവണ താഴെ പറയുംപ്രകാരം പ്രാർത്ഥിച്ചാൽ, അവന്റെ അവധിയെത്തിയിട്ടില്ലെങ്കിൽ അത് സുഖപ്പെടാതിരിക്കില്ല:

أَسْأَلُ اللَّهَ الْعَظِيمَ رَبَّ الْعَرْشِ الْعَظِيمِ أَنْ يَشْفِيَكَ.

*“മഹത്തായ അർശിന്റെ ഉടമയായ മഹാനായ അല്ലാഹുവിനോട് നിനക്ക് സുഖമാക്കിത്തരാൻവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.”**163

## ശരീരത്തിൽ വേദനയനുഭവപ്പെട്ടാൽ

ഉഥ്മാനുബ്ൻഅബിൽആസ്(رضي الله عنه)ന

163. (അബൂദാവൂദ്.3156, അൽബാനി-സ്വഹീഹുൽ ജാ >

ബി(ﷺ)യോട് തനിക്ക് വേദനയനുഭവപ്പെടുന്നതായി ആവലാതിപ്പെട്ടപ്പോൾ അവിടുന്ന് ഇപ്രകാരം പറഞ്ഞു:

"വേദനയുള്ള ഭാഗത്ത് കൈവെച്ച് മൂന്നു **പ്രാവശ്യം** بسم الله എന്നുപറയുക. ശേഷം ഏഴുതവണ ഇങ്ങനെ പറയുക:

( أَعُـوذُ بِاللَّهِ وَقُدْرَتِـهِ مِـنْ شَرِّ مَـا أَجِـدُ وَأُحَـاذِرُ )

*"ഞാൻ അനുഭവിക്കുകയും ആശങ്കപ്പെടുകയും ചെയ്യുന്നതിൽനിന്ന് അല്ലാഹുവിനെകൊണ്ടും അവന്റെ ഖുദ്റത്തുകൊണ്ടും ഞാൻ കാവൽതേടുന്നു."* *164

## വിപത്ത് ബാധിച്ചാൽ.

നബി(ﷺ) പറയുന്നത് നേരിൽകേട്ടതായി

---

മിഅ്. 5766)

164. സ്വഹീഹു മുസ്ലിം.2202(67)ഇബ്നുഹിബ്ബാൻ. 2964, അൽബാനി-സ്വഹീഹുൽജാമിഅ്.3893

ഉമ്മുസലമ(رضي الله عنها)യിൽനിന്ന് നിവേദനം:

"ഒരു മുസ്‌ലിമിന് ഒരു വിപത്ത് ബാധിച്ച് ഇപ്രകാരം ചൊല്ലിയാൽ അതിനേക്കാൾ ഉത്തമമായത് അല്ലാഹു പകരം നൽകാതിരിക്കില്ല.

إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ اللَّهُمَّ أْجُرْنِى فِى مُصِيبَتِى وَأَخْلِفْ لِى خَيْرًا مِنْهَا.

*"നിശ്ചയം, നാമെല്ലാവരും അല്ലാഹുവിന്നുള്ളവരാണ്. അവനിലേക്ക് തന്നെയാണ് നമ്മുടെ മടക്കവും. അല്ലാഹുവേ, എനിക്ക് ബാധിച്ച ഈ പ്രയാസത്തിൽ നീ പ്രതിഫലം നൽകേണമേ. അതിനേക്കാൾ ഗുണകരമായത് നീ എനിക്ക് പിന്നീട് തരേണമേ."* 165

o മരണമെന്നല്ല; ഒരു മുസ്‌ലിമിന് ബാധിക്കുന്ന ഏതുവിപത്തിലും ചൊല്ലാനുള്ളതാ

165. (സ്വഹീഹുമുസ്‌ലിം.3-918)

ണിത്.

## മയ്യിത്ത് നമസ്കാരം

മയ്യിത്ത് നമസ്കാരത്തിൽ 4 മുതൽ 9 തക്ബീർ വരെ ചൊല്ലാം. നബി(ﷺ)യിൽനിന്ന് അവ്വിധത്തിലെല്ലാം സ്വഹീഹായി സ്ഥിരപ്പെട്ടിട്ടുണ്ട്. ഇവ മാറിമാറി ചെയ്യുന്നതാണുത്തമം. നാലു തക്ബീറുകൾ ചൊല്ലുന്നതാണ് ഏറ്റവുംകൂടുതൽ രിവായത്തുകളിൽ വന്നിട്ടുള്ളത്.

ആദ്യം തക്ബീറതുൽഇഹ്റാം നിർവഹിക്കുക. തക്ബീർ ചൊല്ലി കൈകളുയർത്തി മണിക്കണ്ടത്തിൽപിടിച്ച് നെഞ്ചിനുമീതെ വെക്കുക.

ഒന്നാം തക്ബീറിനുശേഷം സൂറതുൽ ഫാതിഹയും മറ്റൊരു സൂറതും ചൊല്ലുക.* 166 ഇത് പതുക്കെ ഓതുന്നതാണ് നബിചര്യ.

166 അൽബാനിയുടെ അഹ്കാമുൽജനാഇസ്(77)

രണ്ടാമത്തെ തക്ബീറിനുശേഷം നബി (ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുക.

○ പിന്നെയുള്ള തക്ബീറുകളിൽ മയ്യിത്തിനുവേണ്ടി ഇഖ്‌ലാസോടുകൂടി ദുആ ചെയ്യുക. മയ്യിത്തിനുവേണ്ടി ചെയ്യാൻ ശറഅ് നിർദ്ദേശിച്ച പ്രാർത്ഥന അതിന്റെ ഏറ്റവും നല്ല രീതിയിൽ നിഷ്കളങ്കമായി നിർവഹിക്കേണ്ടത് ഇവിടെയാണ്. പിന്നെ മറ്റൊന്ന് മറമാടിയശേഷമുള്ള (تثبيت)തഥ്ബീതിലും.

അതുകഴിഞ്ഞ് സലാം വീട്ടുക. ഒരു വശത്തേക്കു മാത്രമായും സലാം വീട്ടാവുന്നതാണ്. അബൂഹുറയ്റ(رضي الله عنه)യിൽനിന്നുള്ള ഹദീഥാണിതിന് തെളിവ്. *167 ഇമാമും

കാണുക.

167. ദാറുഖുത്നി.1842, അൽബാനി-അഹ്കാമുൽജനാഇസ്.1/128

പിന്നിലുള്ളവരും പതുക്കെ സലാം വീട്ടുന്നതാണ് സുന്നത്ത്.*168

ഠ മയ്യിത്തു മുമ്പിൽവെച്ച് മയ്യിത്തിന്റെ അപദാനങ്ങൾ വാഴ്ത്തി നീണ്ട ഉച്ചഭാഷിണി പ്രസംഗം നടത്തുന്നതിന് നബിചര്യയിൽ തെളിവു കാണുന്നില്ല.

# മയ്യിത്തു നമസ്കാരത്തിലെ പ്രാർത്ഥനകൾ.

1) ഔഫുബ്ൻമാലികിൽനിന്ന് നിവേദനം:

നബി(ﷺ) ഒരു ജനാസനമസ്കാരം നിർവഹിച്ചപ്പോൾ പ്രാർത്ഥിച്ചത് ഞാൻ മനപാഠമാക്കി. അതിപ്രകാരമാണ്:

اللَّهُـمَّ اغْفِـرْ لَـهُ وَارْحَمْـهُ وَعَافِـهِ وَاعْـفُ عَنْـهُ

168. ബൈഹഖി-സുനനുൽകുബ്റാ.6959,അൽബാനി -അഹ്കാമുൽജനാഇസ്.1/130

وَأَكْـرِمْ نُزُلَـهُ وَوَسِّـعْ مُدْخَلَـهُ وَاغْسِـلْهُ بِالْمَـاءِ وَالثَّلْـجِ وَالْـبَرَدِ وَنَقِّـهِ مِـنَ الْخَطَـايَا كَمَـا نَقَّيْـتَ الثَّـوْبَ الأَبْيَـضَ مِـنَ الـدَّنَسِ وَأَبْدِلْـهُ دَارًا خَيْرًا مِنْ دَارِهِ وَأَهْلاً خَيْرًا مِنْ أَهْلِهِ وَزَوْجًا خَيْرًا مِنْ زَوْجِهِ وَأَدْخِلْهُ الْجَنَّةَ وَأَعِذْهُ مِنْ عَذَابِ الْـقَبْرِ.

*“അല്ലാഹുവേ അദ്ദേഹത്തിന് നീ പൊറുത്തുകൊടുക്കേണമേ. നീ അദ്ദേഹത്തോട് കരുണ കാണിക്കേണമേ. നീ അദ്ദേഹത്തിന് സുഖവും മാപ്പും നൽകേണമേ. അദ്ദേഹത്തിന് നീ ആതിഥ്യം നൽകേണമേ. അദ്ദേഹത്തിന്റെ പ്രവേശന സ്ഥലം വിശാലമാക്കുകയും വെള്ളംകൊണ്ടും മഞ്ഞുകൊണ്ടും ആലിപ്പഴം കൊണ്ടും അദ്ദേഹത്തെ കുളിപ്പിക്കുകയും പാപങ്ങളിൽനിന്ന് ശുദ്ധമാക്കുകയും ചെയ്യേണമേ. അഴുക്കിൽ നിന്ന് വെള്ളവസ്ത്രം ശുദ്ധമാക്കിയതുപോ*

*ലെ. അദ്ദേഹത്തിന്റെ (ദുൻയാവിലെ)വീടിനെക്കാൾ ഉത്തമമായൊരു വീടും, ദുൻയാവിലെ കുടുംബത്തെക്കാൾ ഉത്തമമായയൊരു കുടുംബവും, ദുൻയാവിലെ ഇണയെക്കാൾ ഉത്തമമായൊരിണയും നീ പകരംനൽകേണമേ. അദ്ദേഹത്തെ നീ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും നരകശിക്ഷയിൽനിന്ന് രക്ഷപ്പെടുത്തുകയും ചെയ്യേണമേ.''**169

2 അബൂഹുറയ്റ(رضي الله عنه)യിൽനിന്ന് നിവേദനം:

നബി(ﷺ) ഒരു ജനാസ നമസ്കാരം നിർവഹിച്ചുകൊണ്ട് ഇങ്ങനെ പ്രാർത്ഥിച്ചു:

اللَّهُـــمَّ اغْفِـــرْ لِحَيِّنَـــا وَمَيِّتِنَـــا ، وَشَـــاهِدِنَا
وَغَائِبِنَـــا ، وَصَـــغِيرِنَا وَكَبِـــيرِنَا ، وَذَكَـــرِنَا

---

169.സ്വഹീഹുമുസ്ലിം.85-(963)

وَأُنْثَانَا ، اللَّهُمَّ مَنْ أَحْيَيْتَهُ مِنَّا فَأَحْيِهِ عَلَى الإِسْلاَمِ ، وَمَنْ تَوَفَّيْتَهُ مِنَّا فَتَوَفَّهُ عَلَى الإِيمَانِ ، اللَّهُمَّ لاَ تَحْرِمْنَا أَجْرَهُ ، وَلاَ تُضِلَّنَا بَعْدَهُ.

*"അല്ലാഹുവേ, ഞങ്ങളിൽ ജീവിച്ചിരിക്കുന്നവർക്കും മരിച്ചുപോയവർക്കും സന്നിഹിതരായവർക്കും സന്നിഹിതരല്ലാത്തവർക്കും ചെറിയവർക്കും വലിയവർക്കും, സ്ത്രീകൾക്കും പുരുഷന്മാർക്കും, നീ പൊറുത്തുതരേണമേ. അല്ലാഹുവേ, ഞങ്ങളിൽ നിന്ന് ജീവിച്ചിരിക്കുന്നവരെ നീ ഇസ്‌ലാമിൽ ജീവിപ്പിക്കേണമേ, മരിപ്പിക്കുന്നവരെ ഈമാനോടുകൂടി മരിപ്പിക്കേണമേ. അല്ലാഹുവേ, അദ്ദേഹത്തിന്റെ പ്രതിഫലത്തെ ഞങ്ങൾക്ക് നീ തടയരുതേ. അദ്ദേഹത്തിനു ശേഷം ഞങ്ങളെ നീ വഴികേടിലാക്കരുതേ."* *170

>>

 «Back to Index

3) നബി(ﷺ) മയ്യിത്തുനമസ്കാരത്തിൽ ചൊല്ലാറുണ്ടായിരുന്നതായി യസീദുബ്ൻ റുകാനയിൽനിന്ന് നിവേദനം:

**اللهُـمَّ عَبْـدُكَ وَابْـنُ أَمَتِـكَ احْتَـاجَ إِلَى رَحْمَتِـكَ، وَأَنْـتَ غَـنِيٌّ عَـنْ عَذَابِـهِ، فَـإِنْ كَـانَ مُحْسِـنًا فَـزِدْ فِي إِحْسَـانِهِ، وَإِنْ كَـانَ مُسِـيئًا فَتَجَـاوَزْ عَنْـهُ.**

*"അല്ലാഹുവേ,നിന്റെ ദാസനും ദാസിയുടെ മകനുമാണിത്. അവന് നിന്റെ റഹ്മത്തിലേക്ക് ആവശ്യമായിരിക്കുന്നു.അവനെ ശിക്ഷിക്കാതിരിക്കാൻ കഴിവുള്ളവനാണ് നീ. അവൻ നന്മയുള്ളവനാണെങ്കിൽ നീ അവന്റെ നന്മയിൽ വർധനവുവരുത്തേണമേ, അതല്ല, അവൻ തെറ്റുകാരനാണെങ്കിൽ നീ*

170. സുനൻഇബ്നുമാജ.1498, അബൂദാവൂദ്.3201, അൽബാനി-അഹ്കാമുൽജനാഇസ്.1/124

*അവന് വിട്ടുവീഴ്ച നൽകേണമേ.”**171

# ശിശുവിന്റെ മയ്യിത്ത് നമസ്കാരത്തിൽ

1) ഒരു തെറ്റും ചെയ്യാത്ത കുട്ടിയുടെ മയ്യിത്തുനമസ്കാരത്തിൽ അബൂഹുറയ്റ رضي الله عنه ഇപ്രകാരം ദുആചെയ്യാറുണ്ടായിരുന്നു:

اللهُمَّ اجْعَلْهُ لَنَا سَلَفًا وَفَرَطًا وَذُخْرًا.

*“അല്ലാഹുവേ, അതിനെ ഞങ്ങൾക്ക് സ്വർഗത്തിലേക്ക് മുമ്പെയെത്തുന്നവനും ഞങ്ങൾക്കുവേണ്ടി മുൻകൂട്ടി അയച്ച പ്രതിഫലവുമാക്കേണമേ.”* *172

---

171. ത്വബറാനി-അൽമുഅ്ജമുൽകബീർ.647, അൽബാനി-അഹ്കാമുൽജനാഇസ്.1/125

172. ബൈഹഖി-സുനനുൽകുബ്റാ.6794, അൽബാനി- മുഖ്തസ്വറുൽബുഖാരി.1/390 നോക്കുക.

2) സഈദുബ്ൻ മുസയ്യബിൽനിന്ന് നിവേദനം:

തീരെ പാപങ്ങളൊന്നും ചെയ്തിട്ടില്ലാത്ത ചെറിയ കുട്ടിയുടെ ജനാസയിൽ അബൂഹുറയ്റ(رضي الله عنه)യുടെ പിന്നിൽനിന്ന് ഞാൻ നമസ്കരിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ പ്രാർത്ഥിക്കുന്നത് ഞാൻ കേട്ടു:

اللَّهُـمَّ أَعِـذْهُ مِـنْ عَـذَابِ الْـقَبْرِ

"*അല്ലാഹുവേ ഖബ്ർശിക്ഷയിൽനിന്ന് നീ അതിനെ കാത്തുരക്ഷിക്കേണമേ.*" *173

## തഅ്സിയത്ത്

'ആശ്വസിപ്പിക്കുക' എന്നാണ് വാക്കർ

173. ഇമാം മാലിക്-മുവത്വ.1017, ബഗവി-ശറഹുസ്സുന്ന.1495, ബൈഹഖി-സുനനുൽകുബ്റാ.6793,മുസ്വന്നഫ് അബ്ദുർറസാഖ്.6610 അൽബാനി തഹ്ഖീഖ് ചെയ്ത മിശ്കാത്ത്.1689

ത്ഥം. ഒരു മുസ്‌ലിം സഹോദരന് മരണമോ മറ്റെന്തെങ്കിലും വിഷമമോ വന്നുപെട്ടാൽ മറ്റുള്ളവർ അവനെ ആശ്വസിപ്പിക്കണം. ഇതൊരു ഇസ്‌ലാമിക ബാധ്യതയാണ്.

ഇവിടെ, മയ്യിത്തിന്റെ വീട്ടുകാരെ ആശ്വസിപ്പിക്കുകയും അവർക്കും മയ്യിത്തിനും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നതിനെപ്പറ്റിയാണ് *തഅ്സിയത്* എന്ന് പറഞ്ഞിരിക്കുന്നത്. മയ്യിത്തിന്റെ വീട്ടുകാരെ സമാധാനിപ്പിക്കാനും അവരുടെ ദു:ഖമടക്കാനും പര്യാപ്തമായ, ഇസ്‌ലാമിക ചട്ടങ്ങൾക്കെതിരാവാത്ത, നല്ല കാര്യങ്ങളാണവിടെ ചെയ്യേണ്ടതും പറയേണ്ടതും.

*തഅ്സിയത്ത്* മൂന്ന് ദിവസത്തിൽ കൂടാൻ പാടില്ലെന്ന ധാരണ ശരിയല്ല. മയ്യിത്തിന്റെ വീട്ടുകാരെ ആശ്വസിപ്പിക്കേണ്ടതാവശ്യമായി വരുന്ന ഏതുഘട്ടത്തിലും അതാവാം.

ഉസാമതുബ്ൻ സൈദി(رضي الله عنه)ൽനിന്ന് നിവേദനം:

“നബി(ﷺ)യുടെ ഒരു മകളുടെ കുട്ടി മരിച്ചപ്പോൾ വീട്ടിലേക്ക് വരാനായി നബി(ﷺ) യുടെ അടുത്തേക്ക് ആളെ പറഞ്ഞയച്ചപ്പോൾ അവിടുന്ന് പറഞ്ഞു:

“അവൾക്ക് എന്റെ സലാം പറയുക. ശേഷം അവിടുന്ന് പറഞ്ഞു:

**إِنَّ لِلَّهِ مَا أَخَذَ وَلَهُ مَا أَعْطَى وَكُلُّ شَيْءٍ عِنْدَهُ بِأَجَلٍ مُسَمًّى فَلْتَصْبِرْ وَلْتَحْتَسِبْ.**

*“ നിശ്ചയം, അല്ലാഹു എടുത്തത് അവന്നുള്ളതാണ്. അവൻ നൽകിയത് അവന്നുള്ളതാണ്. എല്ലാറ്റിനും അവന്റെ പക്കൽ ഒരു നിശ്ചിത അവധിയുണ്ട്. അതിനാൽ, നീ ക്ഷമിക്കുകയും പ്രതിഫലം കാംക്ഷിക്കുകയും ചെയ്യുക.”**174 ≫

# മയ്യിത്ത് ഖബ്റിൽ വെക്കുമ്പോൾ.

ഇബ്നുഉമറി(رضي الله عنه)ൽനിന്ന് നിവേദനം:

"നബി(ﷺ) മയ്യിത്ത് ഖബ്റിൽവെക്കുമ്പോൾ ഇങ്ങനെ പറയാറുണ്ടായിരുന്നു:

بِسْمِ اللَّهِ وَعَلَى سُنَّةِ رَسُولِ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ.

*"അല്ലാഹുവിന്റെ നാമങ്ങളിൽ, അല്ലാഹുവിന്റെ ദൂതന്റെ ചര്യയിൽ..."**175

# മയ്യിത്ത് മറമാടിയ ശേഷം.

മയ്യിത്ത് മറമാടിക്കഴിഞ്ഞാൽ നബി(ﷺ) അവിടെ നിന്നുകൊണ്ട് ഇങ്ങനെ പറയുമാ

< 174. സ്വഹീഹുൽബുഖാരി.6655, അൽബാനി-അഹ്കാമുൽജനാഇസ്.206,207

175. സുനനുഅബീദാവൂദ്.3213, അൽബാനി-അഹ്കാമുൽജനാഇസ്.192

യിരുന്നു:

*'നിങ്ങൾ നിങ്ങളുടെ സഹോദരന്നുവേണ്ടി പാപമോചനം തേടുക. സ്ഥൈര്യം ലഭിക്കാൻ വേണ്ടി പ്രാർത്ഥിക്കുക. അദ്ദേഹമിപ്പോൾ ചോദ്യം ചെയ്യപ്പെടുകയാണ്.'**176

## ഖബ്ർ സന്ദർശിക്കുമ്പോൾ.

ബുറൈദ(رضي الله عنه)വിൽനിന്ന് നിവേദനം: "മഖ്ബറയിലേക്ക് പോവുന്നവർക്ക് ചൊല്ലാനായി നബി(ﷺ) ഇപ്രകാരം പഠിപ്പിക്കാറുണ്ടായിരുന്നു:

السَّلَامُ عَلَيْكُمْ أَهْلَ الدِّيَارِ مِنْ الْمُؤْمِنِينَ وَالْمُسْلِمِينَ، وَإِنَّا إِنْ شَاءَ اللَّهُ بِكُمْ لَاحِقُونَ،نَسْأَلُ اللَّهَ لَنَا وَلَكُمْ الْعَافِيَةَ.

---

176.സുനനുഅബീദാവൂദ്.3221, അൽബാനി-അഹ്കാമുൽജനാഇസ്.1/156

*"മുഅ്മിനീങ്ങളും മുസ്‌ലിമീങ്ങളുമായ ഖബ്ർവാസികൾക്ക് അല്ലാഹുവിന്റെ രക്ഷ യുണ്ടാകട്ടെ. അല്ലാഹു ഉദ്ദേശിച്ചാൽ(ഉദ്ദേ ശിക്കുമ്പോൾ) ഞങ്ങളും നിങ്ങളോട് ചേ രുന്നതാണ്, തീർച്ച. അല്ലാഹുവിനോട് ഞ ങ്ങൾക്കും നിങ്ങൾക്കുംവേണ്ടി സൗഖ്യം* ചോദിക്കുന്നു."*177

2) ബുറൈദ(رضي الله عنه)യിൽനിന്നുള്ള മറ്റൊരു രിവായത്ത് ഇങ്ങനെയാണ്:

السَّلَامُ عَلَيْكُمْ أَهْلَ الدِّيَارِ مِنَ الْمُؤْمِنِينَ وَالْمُسْلِمِينَ، وَإِنَّا إِنْ شَاءَ اللهُ بِكُمْ لَلَاحِقُونَ. أَنْتُمْ لَنَا فَرَطٌ، وَنَحْنُ لَكُمْ تَبَعٌ، فَنَسْأَلُ اللهَ لَنَا وَلَكُمُ الْعَافِيَةَ.

*"മുഅ്മിനീങ്ങളും മുസ്‌ലിമീങ്ങളുമായ ഖ*

---

177. (സുനൻഇബ്നിമാജ.1547–അൽബാനി–അഹ്കാമുൽജനാഇസ്.1/190)

*ബ്ർവാസികൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാകട്ടെ. അല്ലാഹു (ഉദ്ദേശിക്കുമ്പോൾ)ഞങ്ങളും നിങ്ങളോട് ചേരുന്നതാണ് തീർച്ച. നിങ്ങൾ ഞങ്ങളുടെ മുമ്പെ പോയവർ. ഞങ്ങൾ നിങ്ങളുടെ പിന്നാലെ വരുന്നവരും. അല്ലാഹുവിനോട് ഞങ്ങൾക്കും നിങ്ങൾക്കും വേണ്ടി സൗഖ്യം ചോദിക്കുന്നു.''* *178

3) ആയിശ(رضي الله عنها)വിൽനിന്ന് നിവേദനം:

السَّلَامُ عَلَى أَهْلِ الدِّيَارِ مِنَ الْمُؤْمِنِينَ وَالْمُسْلِمِينَ، وَيَرْحَمُ اللهُ الْمُسْتَقْدِمِينَ مِنَّا وَالْمُسْتَأْخِرِينَ، وَإِنَّا إِنْ شَاءَ اللهُ بِكُمْ لَلَاحِقُونَ.

*''മുഅ്മിനീങ്ങളും മുസ്ലിമീങ്ങളുമായ ഖബ്ർവാസികൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാകട്ടെ. നമ്മിൽനിന്ന് ആദ്യംപോയവ*

178. മുസ്നദ് അഹ്മദ്.23039 അൽബാനി-അഹ്കാമുൽജനാഇസ്.240

*ർക്കും പിന്നീട് പോവുന്നവർക്കും അല്ലാഹു കരുണചെയ്യട്ടെ. അല്ലാഹു ഉദ്ദേശിച്ചാൽ (ഉദ്ദേശിക്കുമ്പോൾ) ഞങ്ങളും നിങ്ങളോട് ചേരുന്നതാണ് തീർച്ച.''* *179

ഠ ഇവിടെ രണ്ടു വിഭാഗങ്ങളാണുള്ളത്. ഒന്ന് മുമ്പെ പോയവർ, മറ്റൊന്ന് അടുത്ത് പോകാനിരിക്കുന്നവർ. ഇവിടെ, ഈ ഭൂമിയിൽ ആർക്കും 'പെർമനെന്റ് വിസ'യില്ല. ഈ ഓർമയാണ് ഒരു മുഅ്മിനിന്റെ ഐഹിക ജീവിതത്തിന്റെ 'സ്റ്റിയറിംഗ്.'

ഠ ഖബ്ർ സിയാറത്തു ചെയ്യുമ്പോൾ ഖബ്ർവാസികളായ മുസ്‌ലിംകൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ എന്ന പ്രാർത്ഥനയായ സലാം പറയലും സന്ദർശനത്തിലൂടെ സന്ദർശകന്ന് പരലോകത്തെക്കുറിച്ച ഓർമ്മയുണ്ടാക്കലുമാണ് ശറഅ് ആക്കപ്പെ

179. സ്വഹീഹ് മുസ്‌ലിം.103(974)

ട്ടത്. സലഫുസ്സ്വാലിഹുകളുടെ നടപടികളും അതാണ്.

وَكُلُّ شَرٍّ فِي ابتِدَاعِ مَن خَلَف     وَكُلُّ خَيرٍ فِي اتِّبَاعِ مَن سَلَف

*(പിൽക്കാലക്കാരുണ്ടാക്കിയ ബിദ്അത്തിലാണ് شر മുഴുവൻ. خير മുഴുവൻ, സലഫുകളെ ഇത്തിബാഅ് ചെയ്യുന്നതിലും.)*

## കാറ്റിനെ പഴിക്കരുത്.

റസൂൽ(ﷺ) പറയുന്നത് കേട്ടതായി അബൂഹുറയ്റ(رضي الله عنه)വിൽനിന്ന് നിവേദനം:

الرِّيحُ مِنْ رَوْحِ اللهِ، تَأْتِي بِالرَّحْمَةِ وَتَأْتِي بِالْعَذَابِ، فَلَا تَسُبُّوهَا وَسَلُوا اللهَ مِنْ خَيْرِهَا، وَعُوذُوا بِهِ مِنْ شَرِّهَا.

*“കാറ്റ് അല്ലാഹുവിന്റെ റഹ്മത്തിൽപെട്ടതാണ്. അത് റഹ്മത്ത് കൊണ്ടുവരും, ശിക്ഷയും കൊണ്ടുവരും. അതിനാൽ നിങ്ങൾ അതിനെ*

*ആക്ഷേപിക്കരുത്.നിങ്ങൾ അല്ലാഹുവിനോട് അതിന്റെ നന്മ ചോദിക്കുക, അതിന്റെ നാശ ത്തിൽനിന്ന് കാവൽതേടുകയും ചെയ്യുക."*
*180

2) ആയിശ(رضي الله عنها)യിൽനിന്ന് നിവേദനം:

കാറ്റടിക്കുമ്പോൾ റസൂൽ(ﷺ) ഇപ്രകാരം ചൊല്ലാറുണ്ടായിരുന്നു:

**اللَّهُمَّ إِنِّ أَسْأَلُكَ خَيْرَهَا وَخَيْرَ مَا فِيهَا وَخَيْرَ مَا أُرْسِلَتْ بِهِ وَأَعُوذُ بِكَ مِنْ شَرِّهَا وَشَرِّ مَا فِيهَا وَشَرِّ مَا أُرْسِلَتْ بِهِ.**

*"അല്ലാഹുവേ, അതിന്റെ(കാറ്റിന്റെ)ഗുണ വും അതിലുള്ളതിന്റെ ഗുണവും ഏതൊന്നു മായാണോ അതയക്കപ്പെട്ടിരിക്കുന്നത് അതി ന്റെ ഗുണവും ഞാൻ നിന്നോട് ചോദിക്കുന്നു.*

---

180.നസാഈ–സുനനുൽകുബ്റാ.10701, അൽബാനി–സ്വഹീഹുഅദബിൽമുഫ്റദ്.700/906

*അതിന്റെ ദോഷത്തിൽ നിന്നും അതിലുള്ള തിന്റെ ദോഷത്തിൽനിന്നും ഏതൊന്നുമാ യാണോ അതയക്കപ്പെട്ടിരിക്കുന്നത് അതിന്റെ ദോഷത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു.''**181

## ഇടിവെട്ടുമ്പോൾ.

ഇടിവെട്ടുന്നത് കേട്ടാൽ അബ്ദുല്ലാഹി ബ്നുസുബൈർ(رضي الله عنه) സംസാരം നിർത്തി ഇങ്ങനെ പറയുമായിരുന്നു:

سُبْحَانَ الَّذِي يُسَبِّحُ الرَّعْدُ بِحَمْدِهِ وَالْمَلاَئِكَةُ مِنْ خِيفَتِهِ.

''*മലക്കുകൾ ഭയംമൂലവും,* رعد *സ്തുതി കീർത്തനത്തോട് കൂടിയും, ഏതൊരുവനെ പ്രകീർത്തിക്കുന്നുവോ അവനെത്ര പരിശുദ്ധ*

181.സ്വഹീഹുമുസ്ലിം.(899)-15)

*ൻ!''** 182

*(رعد എന്നത് അല്ലാഹുവിന് തസ്ബീഹ് ചൊല്ലിക്കൊണ്ടിരിക്കുന്ന ഒരു* ملك *ന്റെ പേരാണെന്ന് സ്വഹീഹായ രിവായത്തിലുണ്ട്.* *183

# മഴക്കുവേണ്ടിയുള്ള പ്രാർത്ഥന.

മഴയില്ലാതെ ക്ഷാമം പിടിപെട്ടതായി നബി (ﷺ)യുടെ അടുത്ത് ചില സ്ത്രീകൾ വന്ന് ആവലാതിപ്പെട്ടപ്പോൾ അവിടുന്ന് ഇങ്ങനെ പ്രാർത്ഥിച്ചു:

اللَّهُمَّ اسْقِنَا غَيْثًا مُغِيثًا، مَرِيئًا مَرِيعًا نَافِعًا غَيْرَ ضَارٍّ، عَاجِلًا غَيْرَ آجِلٍ.

''*അല്ലാഹുവേ, ദോഷകരമല്ലാത്ത, ഉപകാര*

---

182. മുവത്വ.2094, അൽബാനി-സ്വഹീഹുഅദബിൽ മുഫ്റദ്.1/268)

183. ബുഖാരി-അദബുൽമുഫ്റദ്.722 അൽബാനി- സ്വഹീഹുൽജാമിഇസ്വഗീർ.3553

*പ്രദമായ വിധത്തിൽ, രക്ഷയും സന്തോഷവും ക്ഷേമവും നൽകുന്ന മഴ താമസംവിനാ ഞങ്ങൾക്ക് വർഷിപ്പിച്ചു തരേണമേ.''* * 184

## മഴ കൂടിപ്പോയപ്പോൾ.

അനസ്(رضي الله عنه)വിൽനിന്ന് നിവേദനം:

''നബി(ﷺ) ജുമുഅ ഖുതുബ നിർവഹിച്ചു കൊണ്ടിരിക്കെ ഒരാൾ വന്ന്, മഴമൂലം സ്വത്ത് നശിച്ചതായും ജീവിതം വഴിമുട്ടിയതായും പരാതിപ്പെട്ടപ്പോൾ അവിടുന്ന് കൈകളുയർത്തി ഇങ്ങനെ പ്രാർത്ഥിച്ചു:

اللَّهُـمَّ حَوَالَيْنَـا، وَلاَ عَلَيْنَـا، اللَّهُـمَّ عَلَـى الآكَـامِ وَالجِبَـالِ وَالآجَـامِ وَالظِّـرَابِ وَالأَوْدِيَـةِ وَمَنَابِـتِ الشَّـجَرِ.

---

184. സുനനു അബീദാവൂദ്.1169 അൽബാനി-സ്വഹീഹ് അബീദാവൂദ്.1060

*“അല്ലാഹുവേ, ഞങ്ങളിൽ നിന്ന് നീ മഴയെ അയൽ പ്രദേശങ്ങളിലേക്ക് തിരിച്ചുവിടേണമേ. കുന്നുകളും മലകളും ഉള്ളേടത്തേക്ക്. താഴ്‌വരകളിലും കുന്നുകളിലും വനാന്തരങ്ങളിലും മേച്ചിൽസ്ഥലങ്ങളിലുമായി നീ മ* ഴയെ ഒതുക്കിനിർത്തേണമേ...”* 185

## മാസം കാണുമ്പോൾ.

ഇബ്നുഉമറി(رضي الله عنه)ൽനിന്ന് നിവേദനം:

മാസംകണ്ടാൽ അതുനോക്കി നബി(ﷺ) ഇപ്രകാരം പറയാറുണ്ടായിരുന്നു:

**اللَّهُمَّ أَهِلَّهُ عَلَيْنَا بِالأَمْنِ وَالإِيمَانِ وَالسَّلامَةِ وَالإِسْلامِ , وَالتَّوْفِيقِ لِمَا تُحِبُّ وَتَرْضَى رَبُّنَا وَرَبُّكَ اللَّهُ.**

*“അല്ലാഹുവേ, ഈമാനും നിർഭയത്വവും*

185. സ്വഹീഹുൽബുഖാരി. 1013

*ഇസ്‌ലാമും രക്ഷയും നീ തൃപ്തിപ്പെട്ടത് പ്രവർത്തിക്കാനുള്ള ഉതവിയുംകൊണ്ട് ഈ മാസത്തെ ഞങ്ങളിൽ നീ ഉദിപ്പിക്കേണമേ. (മാസം നോക്കിക്കൊണ്ട് പറയുന്നു.)' ഞങ്ങളുടെയും നിന്റെയും റബ്ബ് അല്ലാഹുവാകുന്നു."* *186

## കാലത്തെ പഴിക്കരുത്.

നബി(ﷺ) പ്രസ്താവിച്ചതായി അബൂഹുറയ്റ(رضي الله عنه)യിൽനിന്ന് നിവേദനം:

لَا تَسُبُّوا الدَّهْرَ، فَإِنَّ اللهَ هُوَ الدَّهْرُ.

"*നിങ്ങൾ കാലത്തെ പഴിക്കരുത്. നിശ്ചയം, അല്ലാഹുവാകുന്നു കാലം.*" *187

O ഭൂതകാലം, വർത്തമാന കാലം, ഭാവികാ

---

186.ത്വബറാനി–അൽമുഅ്ജമുൽകബീർ.13330, അൽബാനി–അത്തഅ്ലീഖാതുൽഹിസാൻ.885)
187.സ്വഹീഹുമുസ്‌ലിം.2246

ലം എന്നു പറയുന്നതുപോലെയല്ല, കഷ്ടകാലം എന്ന പ്രയോഗം. അങ്ങനെ പറയരുത്. അതുപോലെ, 'കാലത്തിന്റെ പേക്കോലം'മെന്നും വിധിയുടെ ക്രൂരമുഖമെന്നും പ്രകൃതിയുടെ വികൃതിയെന്നും മറ്റുമുള്ള പത്രമാധ്യമങ്ങളുടെ വികൃത പ്രയോഗങ്ങൾ സെൻസർ ചെയ്യപ്പെടാതെ മുസ്‌ലിംകളുടെ മിമ്പറുകളിലേക്കു വരെ ഇന്ന് എത്തിപ്പെട്ടിട്ടുണ്ട്. نَعُـوذُ بِاللَّهِ അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ.

അല്ലാഹുവിലും അവന്റെ ഖദ്ർ-ഖദാഇലും വിശ്വസിക്കുന്ന മുസ്‌ലിംകൾ ഇത്തരം പ്രയോഗങ്ങൾ ഒഴിവാക്കി അല്ലാഹുവിനോട് പശ്ചാതപിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവന്റെ കോപത്തിനും കടുത്ത ശിക്ഷയ്ക്കും വിധേയമാവാനിടയുണ്ട്.

## അത്ഭുത കാര്യമുണ്ടാവുമ്പോൾ.

سُبْحَانَ اللَّهِ എന്നും اللَّهُ أَكْـــــبَرُ എന്നുമാണ്

പറയേണ്ടത്. *188

## വല്ല കുറ്റവും ചെയ്തുപോയാൽ.

റസൂൽ(ﷺ)പറഞ്ഞതായി അബൂബകർ (رضي الله عنه)വിൽനിന്ന് നിവേദനം:

*“വല്ല പാപവും ചെയ്തുപോയ മുസ്ലിമായ അടിമ നന്നായി വുദൂചെയ്ത് എഴുന്നേറ്റുനിന്ന് രണ്ടു റക്അത്ത് നമസ്കരിച്ച ശേഷം, ചെയ്ത പാപത്തെപ്പറ്റി ഇസ്തിഗ്ഫാർ നടത്തിയാൽ അത് പൊറുക്കപ്പെടാതിരിക്കില്ല.”* *189

## കോപം വരുമ്പോൾ.

أَعُوذُ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ എന്ന് പറയുക.

---

188. സ്വഹീഹുൽബുഖാരി.314,5191 എന്നിവയിൽ ഇത് കാണാം.

189. മുസ്നദ് അഹ്മദ്.56 അൽബാനി- സ്വഹീഹുൽ ജാമിഅ്.5738

*"ശപിക്കപ്പെട്ട പിശാചിൽനിന്നും ഞാൻ അല്ലാഹുവിനോട് കാവൽതേടുന്നു."* *190

## നോമ്പ് തുറക്കുമ്പോൾ.

ذَهَبَ الظَّمَأُ وَابْتَلَّتِ الْعُرُوقُ وَثَبَتَ الأَجْرُ إِنْ شَاءَ اللَّهُ.

എന്ന് പറയുക.

*"ദാഹം തീർന്നു. നാഡിഞരമ്പുകൾ ആർദ്രമായി. അല്ലാഹു ഉദ്ദേശിച്ചാൽ പ്രതിഫലം ഉറപ്പായി."* * 191

## ഭക്ഷണം കഴിക്കുന്നതിനു മുമ്പ്.

*"നിങ്ങളിലാരെങ്കിലും ഭക്ഷണം കഴിക്കുകയാണെങ്കിൽ* بِسْمِ اللهِ *എന്ന് പറഞ്ഞുകൊ*

190 സ്വഹീഹുൽബുഖാരി.6115, മുസ്ലിം.110-2610

191. അബൂദാവൂദ്. 2357,അൽബാനി ഹസൻ എന്ന ഇനത്തിൽപെടുത്തിയത്.(സ്വഹീഹുൽജാമിഅ്.4678)

*ളളട്ടെ. തുടക്കത്തിൽ അത് ചൊല്ലാൻ മറന്നുപോയാൽ പിന്നീട് ഓർമ്മവരുമ്പോൾ* بِسْمِ اللهِ فِي أَوَّلِهِ وَآخِرِهِ *എന്ന് പറഞ്ഞുകൊള്ളട്ടെ.*"*192

## ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ.

ഇങ്ങനെ പറയുക:

الْحَمْدُ لِلَّهِ الَّذِي أَطْعَمَنِي هَذَا وَرَزَقَنِيهِ مِنْ غَيْرِ حَوْلٍ مِنِّي وَلَا قُوَّةٍ.

*"എന്റെ കഴിവും ശേഷിയുമില്ലാതെ എനിക്കിതു ഭക്ഷിപ്പിച്ച അല്ലാഹുവിന്നാണ് സർവ്വസ്തുതിയും."* *193

192. ഇബ്നുമാജ.3264. അൽബാനി-സ്വഹീഹുൽജാമിഅ്.1323

193.സുനനുത്തിർമിദി.3458,അൽബാനി-സ്വഹീഹുൽജാമിഅ്.6086

# അതിഥിയുടെ പ്രാർത്ഥന.

അബ്ദുല്ലാഹിബ്ൻ ബുസ്റി(رضي الله عنه)ൽ നിന്ന് നിവേദനം:

“നബി(ﷺ) എന്റെ പിതാവിന്റെ അടുത്ത് അതിഥിയായി വന്നപ്പോൾ ഞങ്ങൾ ഭക്ഷണം നൽകി. അവിടുന്ന് അത് കഴിച്ചു........... ശേഷം എന്റെ പിതാവ് നബി(ﷺ)യോട് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നാവശ്യപ്പെട്ടു. അപ്പോൾ അവിടുന്ന് ഇങ്ങനെ പ്രാർത്ഥിച്ചു:

اللَّهُمَّ بَارِكْ لَهُمْ فِيمَا رَزَقْتَهُمْ، وَاغْفِرْ لَهُمْ وَارْحَمْهُمْ.

*“അല്ലാഹുവേ, അവർക്ക് നൽകിയതിൽ നീ അനുഗ്രഹം ചൊരിയേണമേ. അവർക്ക് നീ പൊറുത്തു കൊടുക്കുകയും അവരോട് കരുണ കാണിക്കുകയും ചെയ്യേണമേ.”* *194 >>

നബി(ﷺ)യുടെ മറ്റൊരു പ്രാർത്ഥന:

اللَّهُمَّ أَطْعِمْ مَنْ أَطْعَمَنِي وَاسْقِ مَنْ سَقَانِي

*“അല്ലാഹുവേ എന്നെ ഭക്ഷിപ്പിച്ചവരെ നീ ഭക്ഷിപ്പിക്കേണമേ, എന്നെ കുടിപ്പിച്ചവരെ നീ കുടിപ്പിക്കേണമേ..”* *195

## നോമ്പുകാരൻ ആക്ഷേപിക്കപ്പെട്ടാൽ.

അവൻ ഇങ്ങനെ പറഞ്ഞുകൊള്ളട്ടെ:

إِنِي صَائِمٌ، إِنِي صَائِمٌ

*“ഞാൻ നോമ്പുകാരനാണ്, ഞാൻ നോമ്പുകാരനാണ്.”* *196

---

194.തിർമിദി.3576,സുനൻഅബീദാവൂദ്.3729, അൽബാനി-തഖ്‌രീജുൽകലിമിത്വയ്യിബ്.1/152)

195. സ്വഹീഹ് മുസ്‌ലിം.174-2055, മുസ്നദ് അഹ്മദ്. 23863 ത്വബറാനി-അൽമുഅ്ജമുൽകബീർ.16962.

196.സ്വഹീഹുമുസ്‌ലിം.1151-160

# വധൂവരന്മാർക്കുവേണ്ടി.

വിവാഹിതരായ സ്ത്രീപുരുഷന്മാർക്കു വേണ്ടി ഇങ്ങനെ പ്രാർത്ഥിക്കുക:

بَارَكَ اللَّهُ لَكَ، وَبَارَكَ عَلَيْكَ، وَجَمَعَ بَيْنَكُمَا فِي الخَيْرِ.

*"അല്ലാഹു നിനക്ക് ബറകത്ത് ചൊരിയട്ടെ. നിന്റെ മേൽ അല്ലാഹുവിന്റെ ബറകതുണ്ടാവട്ടെ. നിങ്ങളെ രണ്ടുപേരെയും അല്ലാഹു* خَير *(ഖൈറി)ൽ ഒരുമിച്ചു ചേർക്കട്ടെ."**197

# മണവാളൻ പ്രാർത്ഥിക്കേണ്ടത്.

ഒരാൾ വിവാഹം കഴിക്കുകയോ ഭൃത്യനെ സ്വീകരിക്കുകയോ ചെയ്താൽ ഇങ്ങനെ പ്രാർത്ഥിക്കേണ്ടതാണ്:

---

197.സുനനുത്തിർമിദി.1091

اللَّهُمَّ إِنِّ أَسْأَلُكَ خَيْرَهَا وَخَيْرَ مَا جَبَلْتَهَا عَلَيْهِ وَأَعُوذُ بِكَ مِنْ شَرِّهَا وَمِنْ شَرِّ مَا جَبَلْتَهَا عَلَيْهِ.

*"അല്ലാഹുവേ, അവളുടെ നന്മയും അവളെ ഏതൊരു പ്രകൃതിയിലാണോ നീ സൃഷ്ടിച്ചത് അതിലെ നന്മയും ഞാൻ നിന്നോട് ചോദിക്കുന്നു. അവളുടെ ദോഷത്തിൽനിന്നും അവളെ ഏതൊരു പ്രകൃതിയിലാണോ നീ സൃഷ്ടിച്ചിട്ടുള്ളത് അതിലെ ദോഷത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു."*

ഒരൊട്ടകം (വാഹനം) വാങ്ങിയാൽ അതിന്റെ പൂഞ്ഞക്കു മീതെ കൈവെച്ചുകൊണ്ടും ഇതേ പ്രാർത്ഥന നിർവ്വഹിക്കേണ്ടതാണ്." 198

198. സുനനുഅബീദാവൂദ്.2160,സുനൻ ഇബ്നിമാജ. 2252, നസാഈ–സുനനുൽകുബ്റാ–10021, അൽബാനി–സ്വഹീഹ് അബീദാവൂദ്.1876

# സംയോഗത്തിന് മുമ്പ്

ഇങ്ങനെ പ്രാർത്ഥിക്കുക:

بِسْــمِ اللهِ اللَّهُــمَّ جَنِّبْنَــا الشَّــيْطَانَ وَجَنِّــبِ الشَّــيْطَانَ مَـا رَزَقْتَنَـا.

*"അല്ലാഹുവിന്റെ നാമങ്ങളിൽ ഞാൻ ആരംഭിക്കുന്നു. അല്ലാഹുവേ, പിശാചിനെ ഞങ്ങളിൽ നിന്ന് നീ അകറ്റേണമേ. ഞങ്ങൾക്ക് നൽകുന്നതി(സന്താനങ്ങളി)ൽ നിന്നും നീ പിശാചിനെ അകറ്റേണമേ."* *199

# രോഗംകൊണ്ടോ മറ്റോ കഷ്ടപ്പെടുന്നവരെ കണ്ടാൽ.

الْحَمْــدُ لِلَّهِ الَّــذِي عَافَــانِي مِمَّــا ابْتَــلَاكَ بِــهِ

199. സ്വഹീഹുൽബുഖാരി(ഫത്ഹ്) 3271, സ്വഹീഹുമുസ്ലിം.3606, സുനനുഅബീദാവൂദ്.2161, അൽബാനി -സ്വഹീഹ് അബീദാവൂദ്.1877

وَفَضَّلَنِي عَلَى كَثِيرٍ مِمَّنْ خَلَقَ تَفْضِيلًا.

എന്ന് പറയുക.

*"താങ്കളെ ബാധിച്ച ഈ കഷ്ടപ്പാടിൽ നിന്ന് എനിക്ക് സുരക്ഷ നൽകുകയും നിരവധി സൃഷ്ടികളെക്കാൾ എന്നെ ശ്രേഷ്ഠനാക്കുകയും ചെയ്ത അല്ലാഹുവിന്നാണ്* സർവ്വസ്തുതിയും അർഹതപ്പെട്ടത്." *200

# സന്തോഷകരമായ കാര്യമുണ്ടായാൽ.

1. "നബി(ﷺ)ക്ക് സന്തോഷകരമായ വല്ല കാര്യവുമുണ്ടായാൽ അവിടുന്ന് സുജൂദിൽവീണ് അല്ലാഹുവിന്ന് നന്ദി ചെയ്യുമായിരുന്നു." *201 >>

200.ഇബ്നുമാജ.3892, അൽബാനി-സ്വഹീഹുൽജാമിഇസ്സ്വഗീർ.555

2. സന്തോഷകരമായ വല്ല കാര്യവുമുണ്ടായാൽ അവിടുന്ന് ഇങ്ങനെ പറയുമായിരുന്നു:

الْحَمْــدُ لِلَّهِ الَّــذِي بِنِعْمَتِــهِ تَتِــمُّ الصَّــالِحَاتُ .

*“അല്ലാഹുവിന്നാണ് സർവ്വ സ്തുതിയും. അവന്റെ അനുഗ്രഹം കൊണ്ടാണ് സൽക്കാര്യങ്ങളെല്ലാം പൂർത്തിയാകുന്നത്.”**

വെറുക്കുന്ന കാര്യമുണ്ടായാൽ അവിടുന്ന് ഇപ്രകാരം പറയുമായിരുന്നു:

الْحَمْـدُ لِلَّهِ عَلَـى كُـلِّ حَـالٍ.

<

201. സുനനുഅബീദാവൂദ്.2774, ഇബ്നുമാജ.1394, അൽബാനി-സ്വഹീഹുൽജാമിഅ്.4701

* സന്തോഷകരമായ കാര്യമുണ്ടായാൽ അങ്ങാടികളിൽ ഫ്ളക്സ് വെക്കാനല്ല, അല്ലാഹുവിന്ന് ശുക്ർ ചെയ്യാനാണ് നബി(ﷺ) പഠിപ്പിച്ചത്.

*"എപ്പോഴും അല്ലാഹുവിനാണ് സർവ്വ സ്തുതിയും അർഹതപ്പെട്ടത്."* *202

## തുമ്മിയാലുള്ള പ്രാർത്ഥന.

നബി(ﷺ) പറഞ്ഞതായി അബൂഹുറയ്റ (رضي الله عنه)യിൽ നിന്ന് നിവേദനം:

*"നിങ്ങളിൽ ആരെങ്കിലും തുമ്മിയാൽ അവൻ الحَمْـــدُ لِلَّهِ എന്ന് പറഞ്ഞുകൊള്ളട്ടെ. അതുകേട്ടവൻ يَرْحَمُـــكَ اللَّهُ എന്നും തുമ്മിയവൻ ശേഷം, يَهْـدِيكُمُ اللَّهُ وَيُصْـلِحُ بَالَكُـمْ എന്നും പറഞ്ഞുകൊള്ളട്ടെ."* *203

## ഒരിടത്ത് താമസമാക്കുമ്പോൾ.

أَعُوذُ بِكَلِمَاتِ اللَّهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ

---

202. ഇബ്നുമാജ.3803, അൽബാനി-സ്വഹീഹുൽജാമിഇസ്സ്വഗീർ.4640

203. സ്വഹീഹുൽബുഖാരി.6224

*"അല്ലാഹുവിന്റെ പൂർണ്ണവചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചതിന്റെ ദോഷത്തിൽ നിന്ന് ഞാൻ രക്ഷതേടുന്നു."*204

## യാത്ര ചോദിക്കുന്നവൻ പ്രാർത്ഥിക്കേണ്ടത്.

أَسْـتَوْدِعُكَ اللَّهَ الَّـذِي لَا تَضِـيعُ وَدَائِعُـهُ

*"നിങ്ങളെ ഞാൻ അല്ലാഹുവിൽ വിശ്വസിച്ചേൽപിക്കുന്നു. അവനിൽ വിശ്വസിച്ചേൽപിക്കുന്നതൊന്നും നഷ്ടപ്പെടുകയില്ല.*205

## യാത്രക്കാരനുവേണ്ടിയുള്ള പ്രാർത്ഥന.

أَسْتَوْدِعُ اللَّهَ دِينَكَ وَأَمَانَتَكَ وَخَوَاتِيمَ عَمَلِكَ.

---

204. സ്വഹീഹുമുസ്‌ലിം..55-2708

205.ത്വബറാനി-അദ്ദുആ.820, നസാഇൗ-സുനനുൽ .>

*"നിന്റെ ദീനും വിശ്വസ്തതയും പ്രവർത്തനങ്ങളുടെ പരിണാമഫലവുമെല്ലാം ഞാൻ അല്ലാഹുവിൽ ഏൽപ്പിക്കുന്നു.."*206

## വാഹനം കയറുമ്പോൾ.

*ബിസ്മില്ലാഹ്, അൽഹംദുലില്ലാഹ്* എന്നു പറഞ്ഞശേഷം ഇങ്ങനെ ചൊല്ലുക:

سُبْحَانَ الَّذِى سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْـــرِنِينَ وَإِنَّا إِلَى رَبِّنَـــا لَمُنْقَلِبُـــونَ.207

*"ഈ വാഹനത്തെ എനിക്ക് സൗകര്യപ്പെടുത്തിത്തന്നവൻ എത്ര പരിശുദ്ധൻ! ഞങ്ങൾ സ്വയം അതിന് പ്രാപ്തരായിരുന്നി*

---

< കുബ്റാ.10269, അൽബാനി-സ്വഹീഹുൽജാമിഅ്.958 أستودعكم الله എന്ന് ബഹുവചനരൂപത്തിലും ഇത് വന്നിട്ടുണ്ട്.

206.സുനനുഅബീദാവൂദ്.2600, സുനനിത്തിർമിദി.3442

207.(സൂറതുസുഖ്റുഫ്.13,14)

*ല്ല. നിശ്ചയം ഞങ്ങൾ ഞങ്ങളുടെ റബ്ബിങ്കലേക്ക് മടങ്ങുന്നവരാണ്.''*

മൂന്നുവട്ടം *അൽഹംദുലില്ലാഹ്* എന്ന് പറയുക. മൂന്നുവട്ടം *അല്ലാഹുഅക്ബർ* എന്നുപറയുക. ശേഷം ഇങ്ങനെ ചൊല്ലുക:

سُبْحَانَكَ إِنِّي قَدْ ظَلَمْتُ نَفْسِي فَاغْفِرْ لِي، فَإِنَّهُ لاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ.

*''അല്ലാഹുവേ, തീർച്ചയായും ഞാൻ എന്നോട് അക്രമം പ്രവർത്തിച്ചുപോയിരിക്കുന്നു. നീ എനിക്കത് പൊറുത്തുതരേണമേ. നീയല്ലാതെ മറ്റാരും പാപങ്ങൾ പൊറുക്കുകയില്ല, തീർച്ച.''**208

## യാത്രയിലെ പ്രാർത്ഥന.

മൂന്നുവട്ടം الله اكبر എന്ന് ചൊല്ലിയശേഷം

208. സുനനുത്തിർമിദി.3446,ഇബ്നുഹിബ്ബാൻ.2698 അൽബാനി-അത്തഅ്ലീഖാതുൽഹിസാൻ.2687

ഇങ്ങനെ പറയുക:

**سُبْحَانَ الَّذِى سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ اللَّهُمَّ إِنَّا نَسْأَلُكَ فِى سَفَرِنَا هَذَا الْبِرَّ وَالتَّقْوَى وَمِنَ الْعَمَلِ مَا تَرْضَى اللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ اللَّهُمَّ أَنْتَ الصَّاحِبُ فِى السَّفَرِ وَالْخَلِيفَةُ فِى الأَهْلِ اللَّهُمَّ إِنِّى أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِى الْمَالِ وَالأَهْلِ.**

*"ഈ വാഹനത്തെ എനിക്ക് സൗകര്യപ്പെടുത്തിത്തന്നവൻ എത്ര പരിശുദ്ധൻ! ഞങ്ങൾ സ്വയം അതിന്ന് പ്രാപ്തരായിരുന്നില്ല. നിശ്ചയം ഞങ്ങൾ ഞങ്ങളുടെ റബ്ബിങ്കലേക്ക് മടങ്ങുന്നവരാണ്. അല്ലാഹുവേ, ഞങ്ങളുടെ ഈ യാത്രയിൽ പുണ്യവും തഖ്‌വയും നീ ഇഷ്ടപ്പെടുന്ന കർമ്മവും നിന്നോ*

*ട് ഞങ്ങൾ ചോദിക്കുന്നു. അല്ലാഹുവേ, ഈ യാത്ര ഞങ്ങൾക്ക് നീ എളുപ്പമാക്കിത്തരികയും ദൂരം ചുരുക്കിത്തരികയും ചെയ്യേണമേ. അല്ലാഹുവേ, യാത്രയിലെ കൂട്ടാളിയും കുടുംബത്തിലെ പകരക്കാരനും നീയാണ്. അല്ലാഹുവേ, യാത്രാക്ലേശത്തിൽ നിന്നും ദുഷിച്ച കാഴ്ചയിൽ നിന്നും കുടുംബത്തിലും സ്വത്തിലും ദോഷകരമായ പരിണതിയുണ്ടാവുന്നതിൽ നിന്നും നിന്നോട് ഞാൻ കാവൽ ചോദിക്കുന്നു.''**209

## കയറ്റം കയറുമ്പോഴും ഇറങ്ങുമ്പോഴും.

കയറ്റം കയറുമ്പോൾ തക്ബീർ ചൊല്ലുക, കയറ്റം ഇറങ്ങുമ്പോൾ തസ്ബീഹ് ചൊ

209.സ്വഹീഹുമുസ്ലിം.(1342) നസാഈ-സുനനുൽകുബ്റാ.5513

ല്ലുക. *210

## യാത്രകഴിഞ്ഞ് മടങ്ങുമ്പോൾ

ഇബ്നു ഉമർ(رضي الله عنه) പറയുന്നു:

'റസൂൽ(ﷺ) വല്ല യുദ്ധമോ ഹെജ്ജോ കഴിഞ്ഞുമടങ്ങുമ്പോൾഉയർന്ന സ്ഥലത്തു വെച്ച് മൂന്നുതവണ തക്ബീർ ചൊല്ലും. എന്നിട്ട് ഇങ്ങനെ പറയുമായിരുന്നു:

لاَ إِلَـهَ إِلَّا اللَّهُ وَحْـدَهُ لاَ شَـرِيكَ لَـهُ، لَـهُ الْمُلْـكُ وَلَـهُ الحَمْدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ، آيِبُونَ تَائِبُونَ عَابِـدُونَ سَاجِدُونَ لِرَبِّنَا حَامِـدُونَ، صَـدَقَ اللَّهُ وَعْدَهُ، وَنَصَرَ عَبْدَهُ، وَهَزَمَ الأَحْزَابَ وَحْدَهُ.

*“യഥാർത്ഥത്തിൽ ആരാധ്യനാവാൻ അർഹതയുള്ളവൻ അല്ലാഹുവല്ലാതെ മറ്റാരു*

210. സനനു അബീദാവൂദ്.2599, അൽബാനി-സ്വഹീഹ് അബീദാവൂദ്.2339

*മില്ല. അവൻ ഏകനാണ്. അവന് പങ്കുകാരി ല്ല. അവന്നാണ് രാജാധികാരം. അവന്നാണ് സർവ്വസ്തുതിയും.അവൻ എല്ലാ കാര്യങ്ങ ൾക്കും കഴിവുള്ളവനാണ്. ഞങ്ങൾ മട ങ്ങുന്നവരും പശ്ചാത്തപിക്കുന്നവരും ഞ ങ്ങളുടെ റബ്ബിനെ ആരാധിക്കുന്നവരും സ് തുതിക്കുന്നവരുമാകുന്നു.അല്ലാഹു അവ ന്റെ വാഗ്ദത്തം പൂർത്തിയാക്കുകയും ത ന്റെ ദാസനെ സഹായിക്കുകയും ശത്രുക ക്ഷികളെ അവൻ ഒറ്റക്ക് പരാജയപ്പെടു ത്തുകയും ചെയ്തിരിക്കുന്നു."* *211

# തൽബിയത്തിന്റെ രൂപം

ഖിബ്ലക്കുനേരെ തിരിഞ്ഞുനിന്നുകൊ ണ്ട് ഉംറക്ക് അല്ലെങ്കിൽ ഹെജ്ജിനും ഉംറ ക്കുംകൂടി തൽബിയത്ത് ചൊല്ലുക. എന്നിട്ട്

211.സ്വഹീഹുൽബുഖാരി.1797

ഇങ്ങനെ പറയുക:

اللَّهُـــمَّ حَجَّــةٌ لَا رِيَاءَ فِيهَـــا، وَلَا سُمْعَــةَ

*"അല്ലാഹുവേ, ഇത്, രിയാഓ സുംഅത്തോ ഇല്ലാത്ത ഹജ്ജാക്കേണമേ."* *212

ഇബ്നുഉമറി(رضي الله عنه)ൽനിന്ന് നിവേദനം:

റസൂൽ(ﷺ) ഇപ്രകാരമായിരുന്നു തൽബിയത്ത് ചൊല്ലിയിരുന്നത്:

لَبَّيْــكَ اللَّهُـــمَّ لَبَّيْــكَ، لَبَّيْــكَ لَا شَــرِيكَ لَكَ لَبَّيْكَ، إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكُ، لَا شَرِيكَ لَكَ.

212. സുനൻഇബ്നിമാജ.2890, അൽബാനി-സ്വഹീഹുൽജാമിഇസ്സ്വഗീർ.1302

* ആളുകളെ കാണിക്കാൻ വേണ്ടി ചെയ്യുന്നതാണ് രിയാഅ്. ആളുകളെ കേൾപ്പിക്കാൻവേണ്ടി ചെയ്യുന്നതാണ് സുംഅത്ത്. നാം ചെയ്യുന്ന കർമങ്ങൾക്ക് പരലോകത്ത് പ്രതിഫലം നഷ്ടപ്പെടുത്തിക്കളയുന്ന കാര്യങ്ങളാണിത്.

*“അല്ലാഹുവേ, ഞാനിതാ നിന്റെ വിളിക്ക് ഉത്തരം ചെയ്തിരിക്കുന്നു,... നിനക്ക് യാതൊരുവിധ പങ്കുകാരുമില്ല. നിനക്ക് ഞാനിതാ ഉത്തരംചെയ്തിരിക്കുന്നു. നിശ്ചയം, സകല സ്തുതികളും അനുഗ്രഹങ്ങളും സകല രാജാധികാരവും നിനക്കാണ് അർഹതപ്പെട്ടത്. നിനക്ക് യാതൊരു പങ്കാളിയുമില്ല തന്നെ..”**213

## സംസം കുടിക്കുമ്പോൾ

നബി(ﷺ) പറഞ്ഞതായി ഇബ്നുഅബ്ബാസി(رضي الله عنه)ൽനിന്ന് നിവേദനം:

خَيْرُ مَاءٍ عَلَى وَجْهِ الْأَرْضِ مَاءُ زَمْزَمَ فِيهِ طَعَامٌ مِنَ الطُّعْمِ وَشِفَاءٌ مِنَ السُّقْمِ.

*“ഭൂമുഖത്തെ ഏറ്റവും നന്മയുള്ള വെള്ളം സംസമാകുന്നു. അതിൽ വിശപ്പടക്കാ*

213. സ്വഹീഹുൽബുഖാരി.1549

*നുള്ള ഭക്ഷണവും രോഗത്തിനുള്ള ശമന വുമുണ്ട്."* *214

നബി(ﷺ) പറഞ്ഞതായി ഇബ്നുഅബ്ബാസി(رضي الله عنه)ൽനിന്നുള്ള മറ്റൊരു റിപ്പോർട്ട്:

مَـاءُ زَمْـزَمَ لِمَـا شُـرِبَ لَـهُ

"*സംസം വെള്ളം എന്തൊരുദ്ദേശ്യത്തിനാണോ കുടിച്ചത് അത് ആ ഉദ്ദേശ്യത്തിന് പര്യാപ്തമാണ്.*" *215

## അറഫാ ദിനത്തിലെ പ്രാർത്ഥന

അറഫാദിനത്തിലെ വൈകുന്നേരം ഞാനും മുൻകഴിഞ്ഞ നബിമാരും ചൊല്ലിയതി

---

214. ത്വബറാനി-അൽമുഅ്ജമുൽഔസത്വ്.3912, അൽബാനി-സ്വഹീഹുൽജാമിഇസ്വഗീർ.3322

215. സുനൻഇബ്നിമാജ.3062 ബൈഹഖി-സുനനുസ്വഗീർ.1743 അൽബാനി-സ്വഹീഹുൽജാമിഇസ്വഗീർ.5502

ൽവെച്ചേറ്റവും ഉത്തമമായത് ഇതാണ്:

لَا إِلَـهَ إِلَّا اللَّهُ وَحْـدَهُ لَا شَـرِيكَ لَـهُ، لَـهُ الْمُلْـكُ وَلَـهُ الْحَمْـدُ وَهُـوَ عَلَـى كُـلِّ شَـيْءٍ قَـدِيرٌ. *216

## പെരുന്നാൾ ദിനത്തിലെ തക്ബീർ

ഇബ്നുഉമറി(رضي الله عنه)ൽനിന്ന് നിവേദനം:

റസൂൽ(ﷺ) തക്ബീറും തഹ്ലീലും ഉച്ചത്തിൽ ചൊല്ലിക്കൊണ്ടാണ് രണ്ടു പെരുന്നാൾ ദിനങ്ങളിൽ(മുസ്വല്ലയിലേക്ക്) പുറപ്പെട്ടിരുന്നത്.*217

o ഈ ലോകത്ത് മനുഷ്യവാസം ആരംഭിച്ചതുമുതൽ അല്ലാഹു നിയോഗിച്ച മുഴുവൻ നബിമാരുടെയും മുദ്രാവാക്യം* *ലാ ഇലാഹ ഇല്ല*

---

216. തിർമിദി.3585,ബൈഹഖി-സുനനുൽകുബ്റാ. 8391, അൽബാനി-സ്വഹീഹുൽജാമിഅ്.1102-513

217. അൽബാനി-സ്വഹീഹുൽജാമിഅ്.4934.

*മുദ്രാവാക്യമെന്നാൽ,അടയാളമോ പ്രമാണമോ ആയി സ്വീകരിച്ചിട്ടുള്ള വാക്യമെന്ന് ശബ്ദതാരാവലി.

ല്ലാഹ് എന്നതായിരുന്നു. ഈ മുദ്രാവാക്യം ഒഴിവാക്കി മറ്റൊരു മുദ്രാവാക്യം ഏറ്റെടുക്കാൻ ഒരു മുഅ്മിനിന്ന് കഴിയില്ല. അറഫാദിനത്തിലെ നിറശുദ്ധിയിലും പെരുന്നാളിന്റെ പൊൻപുലരിയിലും നാം ഈ പ്രഖ്യാപനം അതിന്റെ ആന്തരാർത്ഥം അറിഞ്ഞുകൊണ്ട് നിർവഹിക്കുന്നുവെങ്കിൽ നമ്മുടെ തുടർജീവിതവും ഈ തൗഹീദിന്റെ സാക്ഷാൽക്കാരത്തിന് തന്നെയായിരിക്കേണ്ടതുണ്ട്.

## ഈദ് ഗ്രീറ്റിംഗ്സ്

നബി(ﷺ)യുടെ സ്വഹാബിമാർ പെരുന്നാൾ ദിവസം പരസ്പരം കണ്ടുമുട്ടിയാൽ ഇപ്രകാരം പറയുമായിരുന്നു:

تَقَبَّــلَ اللهُ مِنَّــا وَمِنْــكَ

"*നമ്മിൽനിന്നും നിന്നിൽനിന്നും അല്ലാഹു സ്വീകരിക്കട്ടെ.*"*218

>>

# ഉദ്ഹിയ്യത്ത് അറുക്കുമ്പോൾ

ഉദ്ഹിയ്യത്ത് അറുക്കുമ്പോൾ ഇപ്രകാരം ചൊല്ലുക:

بِسْـــــمِ اللهِ وَاللَّهُ أَكْــــبَرُ

اللَّهُمَّ إِنَّ هَذَا مِنْكَ وَلَكَ اللهُـــمَّ تَقَبَّـــلْ مِـــنِّي

*"അല്ലാഹുവിന്റെ നാമങ്ങളിൽ. അല്ലാഹു വാകുന്നു ഏറ്റവും വലിയവൻ. അല്ലാഹുവേ, ഇത് നിന്നിൽനിന്നുള്ളതും നിനക്കുവേണ്ടി സമർപ്പിക്കപ്പെടുന്നതുമാണ്. അല്ലാഹുവേ എന്നിൽനിന്ന് നീ ഇത് സ്വീകരിക്കേണമേ.."* *219

218. അൽബാനി-തമാമുൽമിന്ന.354.
219. അൽബാനി-മനാസികുൽഹെജ്ജ്.34(100)

* بِسْـــمِ اللَّهِ اللَّهُ أَكْـبَرُ اللَّهُـــمَّ مِنْــكَ وَلَــكَ എന്ന ഭാഗം സ്വഹീഹ് ഇബ്നുഖുസൈമ 2899, മുസ്നദ് അബീയഅ്ലാ.4521 എന്നിവയിലുണ്ട്.

# വെള്ളിയാഴ്ചയുടെ മഹത്വം

മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം വളരെ പ്രധാനപ്പെട്ട ദിനമാണ് വെള്ളി യാഴ്ച. അന്നാണ് ഖിയാമത്തും.!

1) നബി(ﷺ) പറഞ്ഞതായി അബൂഹുറയ്റ (رضي الله عنه)യിൽനിന്ന് നിവേദനം: *220.

خَيْرُ يَوْمٍ طَلَعَتْ عَلَيْهِ الشَّمْسُ يَوْمُ الْجُمُعَةِ فِيهِ خُلِقَ آدَمُ، وَفِيهِ أُدْخِلَ الْجَنَّةَ، وَفِيهِ أُخْرِجَ مِنْهَا، وَلَا تَقُومُ السَّاعَةُ إِلَّا فِي يَوْمِ الْجُمُعَةِ

*"സൂര്യനുദിക്കുന്ന ദിവസങ്ങളുടെ കൂട്ടത്തിൽ ഉത്തമമായ ദിനമാണ് വെള്ളിയാഴ്ച. ആദംനബി സൃഷ്ടിക്കപ്പെട്ടതും ആദമിനെ സ്വർഗത്തിലാക്കിയതും സ്വർഗത്തി*

220. സ്വഹീഹ് മുസ്‌ലിം.(854), സുനനുഅബീദാവൂദ്.1046

*ൽനിന്ന് പുറത്താക്കിയതും അന്നാണ്. അ ന്നല്ലാതെ ഖിയാമത്ത് സംഭവിക്കുകയില്ല.''*

2) നബി(ﷺ) പറഞ്ഞതായി അബൂഹുറയ്റ (رضي الله عنه)യിൽനിന്ന് നിവേദനം:

خَيْرُ يَوْمٍ طَلَعَتْ فِيهِ الشَّمْسُ يَوْمُ الْجُمُعَةِ فِيهِ خُلِقَ آدَمُ وَفِيهِ أُهْبِطَ وَفِيهِ تِيبَ عَلَيْهِ وَفِيهِ مَاتَ وَفِيهِ تَقُومُ السَّاعَةُ وَمَا مِنْ دَابَّةٍ إِلاَّ وَهِيَ مُسِيخَةٌ يَوْمَ الْجُمُعَةِ مِنْ حِينَ تُصْبِحُ حَتَّى تَطْلُعَ الشَّمْسُ شَفَقًا مِنَ السَّاعَةِ إِلاَّ الْجِنَّ وَالإِنْسَ وَفِيهِ سَاعَةٌ لاَ يُصَادِفُهَا عَبْدٌ مُسْلِمٌ وَهُوَ يُصَلِّي يَسْأَلُ اللَّهَ حَاجَةً إِلاَّ أَعْطَاهُ إِيَّاهَا.

*''സൂര്യനുദിക്കുന്ന ദിവസങ്ങളുടെ കൂട്ട ത്തിൽ ഉത്തമമായ ദിനമാണ് വെള്ളിയാഴ് ച. ആദംനബി സൃഷ്ടിക്കപ്പെട്ടതും ആദം ഭൂമിയിലേക്കിറക്കപ്പെട്ടതും അദ്ദേഹത്തി ന്റെ പശ്ചാതാപം സ്വീകരിക്കപ്പെട്ടതും അ*

*ദ്ദേഹം മരിച്ചതും അന്നാണ്. അന്നാണ് ഖിയാമത്ത് സംഭവിക്കുക.വെള്ളിയാഴ്ച ദിവസം പ്രഭാതം മുതൽ സൂര്യോദയം വരെ ഖിയാമത്തുനാൾ സംഭവിച്ചേക്കുമോ എന്നു ഭയന്ന് (കാതുകൂർപ്പിച്ചിരിക്കാത്ത) ഒരു ജന്തുവുമില്ല, ജിന്നും മനുഷ്യരുമല്ലാതെ. അന്ന് ഒരു പ്രത്യേക സമയമുണ്ട്. ആ സമയത്ത് അല്ലാഹുവിനോട് വല്ലകാര്യവും ചോദിച്ചുകൊണ്ട് (നമസ്കരിച്ച്) ദുആ ചെയ്യുന്ന ഏതൊരു മുസ്‌ലിമിന്നും അവൻ ചോദിച്ചത് അല്ലാഹു നൽകാതിരിക്കില്ല.*"221

നബി(ﷺ) പറഞ്ഞതായി അനസ്(رضي الله عنه)വിൽനിന്ന് നിവേദനം:

"*വെള്ളിയാഴ്ച ദുആക്ക് ഉത്തരം പ്രതീക്ഷിക്കപ്പെടുന്ന സമയമായി അസ്ർ നമസ്*

221.സുനൻ അബീദാവൂദ്.1046 അൽബാനി-സ്വഹീഹ് അബീദാവൂദ്.961

*കാരത്തിനുശേഷം സൂര്യൻ മറയുന്നതുവരെയുള്ള സമയത്തെ നിങ്ങൾ അന്വേഷിച്ചു കൊള്ളുക.*”*222.

## സൂറതുൽ കഹ്ഫ് പാരായണം

നബി(ﷺ) പറഞ്ഞതായി അബൂസഈദി *ൽഖുദ്‌രി* (رضي الله عنه)യിൽനിന്ന് നിവേദനം:

مَنْ قَرَأَ سُورَةَ الْكَهْفِ يَوْمَ الْجُمُعَةِ أَضَاءَ لَهُ مِنَ النُّورِ مَا بَيْنَ الْجُمُعَتَيْنِ.

“*ആരെങ്കിലും വെള്ളിയാഴ്ച സൂറതുൽ കഹ്ഫ് പാരായണം ചെയ്താൽ അവന്നത് രണ്ട് ജുമുഅകൾക്കിടയിൽ പ്രകാശം ചൊരിയുന്നതാണ്.* ”*223

---

222. സുനനുത്തിർമിദി.489, അൽബാനി-സ്വഹീഹുൽജാമിഅ്.1237

223. ബൈഹഖി-സുനനുസ്വഗീർ.606, അൽബാനി-സ്വഹീഹുത്തർഗീബ്.736

# നബി(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലൽ.

1) നബി(ﷺ) പറഞ്ഞതായി അനസ്(رضي الله عنه) വിൽനിന്ന് നിവേദനം:

أَكْثِرُوا الصَّلَاةَ عَلَيَّ يَوْمَ الْجُمُعَةِ وَلَيْلَةَ الْجُمُعَةِ؛ فَمَنْ صَلَّى عَلَيَّ صَلَاةً صَلَّى اللهُ عَلَيْهِ عَشْرًا.

*"വെള്ളിയാഴ്ച രാവിലും പകലിലും നിങ്ങൾ എന്റെമേൽ സ്വലാത്ത് ചൊല്ലുന്നത് വർധിപ്പിക്കുക.ആരെങ്കിലും എന്റെമേൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന്റെമേൽ പത്ത് സ്വലാത്ത് നിർവഹിക്കും."* *224

2) നബി(ﷺ) പറഞ്ഞതായി ഔസുബ്ൻ ഔസിൽനിന്ന് നിവേദനം:

224. ബൈഹഖി–സുനനുൽകുബ്റാ.5994 അൽബാനി – സിൽസിലതുൽഅഹാദീഥിസ്സ്വഹീഹ.1407

فَـأَكْثِرُوا عَلَـيَّ مِـنَ الصَّـلاَةِ فِيـهِ فَـإِنَّ صَـلاَتَكُمْ مَعْرُوضَـةٌ عَلَـيَّ ، قَـالُوا : يَا رَسُـولَ اللهِ ، وَكَيْـفَ تُعْـرَضُ صَـلاَتُنَا عَلَيْـكَ وَقَـدْ أَرَمْـتَ أَيْ يَقُولُـونَ قَدْ بَلِيتَ ؟ قَالَ : إِنَّ اللَّهَ حَرَّمَ عَلَى الأَرْضِ أَنْ تَأْكُـلَ أَجْسَـادَ الأَنْبِيَـاءِ.

*"വെള്ളിയാഴ്ച നിങ്ങൾ എന്റെമേൽ സ്വലാത്ത് വർധിപ്പിക്കുക. നിങ്ങളുടെ സ്വലാത്ത് എന്റെ മേൽ പ്രദർശിപ്പിക്കപ്പെടും. (അ*പ്പോൾ സ്വഹാബികൾ) ചോദിച്ചു: *അങ്ങയുടെ ശരീരം ദ്രവിച്ചുകഴിഞ്ഞിരിക്കെ അങ്ങയുടെ മേൽ എങ്ങനെ പ്രദർശിപ്പിക്കപ്പെടാനാണ്.? അപ്പോൾ അവിടുന്ന് പറഞ്ഞു:*

*അല്ലാഹു അമ്പിയാക്കളുടെ ശരീരങ്ങളെ ഭക്ഷിക്കുന്നത് ഭൂമിക്ക് വിലക്കിയിരിക്കുന്നു."**225

225. സുനനു അബീദാവൂദ്.1531, അൽബാനി-സിൽസിലതുസ്വഹീഹ.1527

o വെള്ളിയാഴ്ചയെന്നല്ല നാം സദാ നബി (ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലാൻ ബാധ്യസ്ഥരാണ്. വെള്ളിയാഴ്ച അത് പ്രത്യേകമായി എടുത്തുപറയപ്പെട്ടിട്ടുണ്ട്.

മറ്റുചില ഹദീഥുകൾ കൂടി കാണുക:

3) നബി(ﷺ) പ്രസ്താവിച്ചതായി ഹുസൈൻ(رضي الله عنه)വിൽനിന്ന് നിവേദനം:*226

إِنَّ الْبَخِيلَ مَنْ ذُكِرْتُ عِنْدَهُ فَلَمْ يُصَلِّ عَلَيَّ.

*"എന്റെ പേര് കേട്ടിട്ടും എന്റെ പേരിൽ സ്വലാത്ത് ചൊല്ലാത്തവനാണ് ലുബ്ധൻ."*

4) റസൂൽ(ﷺ) പറഞ്ഞതായി സഈദുബ്ൻ ഉമൈറുൽഅൻസ്വാരി(رضي الله عنه)യിൽനിന്ന് നിവേദനം:

مَنْ صَلَّى عَلَيَّ مِنْ أُمَّتِي صَلَاةً مُخْلِصًا مِنْ قَلْبِهِ

226. സുനനുത്തിർമിദി.3546 അൽബാനി-സ്വഹീഹുൽജാമിഅ്.2878


«Back to Index

صَـلَّى اللهُ عَلَيْـهِ بِهَـا عَشْـرَ صَـلَوَاتٍ، وَرَفَعَـهُ بِهَـا عَشْرَ دَرَجَاتٍ، وَكَتَبَ لَهُ بِهَا عَشْرَ حَسَنَاتٍ، وَمَحَا عَنْـهُ عَشْـرَ سَـيِّئَاتٍ.

*"ആരെങ്കിലും എന്റെ പേരിൽ നിഷ്കളങ്കമായ ഹൃദയത്തോടെ ഒരു സ്വലാത് ചൊല്ലിയാൽ അവന്റെ പേരിൽ അല്ലാഹു പത്ത് സ്വലാത്ത് നിർവഹിക്കും. അവന്ന് പത്ത് പദവികൾ ഉയർത്തും. അവന്ന് പത്ത് നന്മകൾ എഴുതുകയും അവനിൽനിന്ന് പത്ത് തിന്മകൾ മായ്ചുകളയുകയുംചെയ്യും."* 227

○ നബി(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലാൻ നിർദേശിക്കുന്ന വേറെയും നബിവചനങ്ങളുണ്ട്. മുസ്‌ലിംകളുടെ ബാധ്യതയും ചുമതലയുമാണത്. ഹെദീഥുകളിൽ പഠിപ്പിക്കപ്പെട്ട ഏതെങ്കിലുമൊരു രൂപത്തി

227. നസാഈ–സുനനുൽകുബ്റാ.9809, അൽബാനി–സിൽസിലതുസ്വഹീഹ.3360

ലായിരിക്കണം അത് ചൊല്ലേണ്ടത്. നേരത്തെ നമസ്കാരത്തിലെ സ്വലാത്തിനെപ്പറ്റി പറഞ്ഞേടത്ത് അതിനെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. ഇത് മുസ്‌ലിമായ ഓരോ വ്യക്തിയും തന്റെ ജീവിതത്തിൽ ക്രമീകരിച്ചെടുക്കേണ്ട കാര്യമാണ്. അല്ലാതെ അതിന് സാമൂഹികമായ രീതി രൂപീകരിക്കാനോ പുതിയ ചടങ്ങുകൾ ദീനിലേക്ക് കടത്തിക്കൂട്ടാനോ നമുക്ക് അനുമതിയില്ല.

o വെള്ളിയാഴ്ചയുടെ ഈദൃശ പ്രാധാന്യം നബി(ﷺ)യുടെ ഹെദീഥുകളിൽനിന്ന് വ്യക്തമായിരിക്കെ അതെങ്ങനെ നമ്മുടെ ജീവിതത്തിൽനിന്ന് *ഡിലീറ്റ്* ചെയ്യപ്പെട്ടുവെന്ന് നാം പരിശോധിച്ച് അതിന് പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

## സലാം പ്രചരിപ്പിക്കൽ.

റസൂൽ(ﷺ) പറയുന്നു:

لَا تَـدْخُلُونَ الْجَنَّـةَ حَـتَّى تُؤْمِنُـوا، وَلَا تُؤْمِنُـوا حَـتَّى تَحَـابُّوا، أَوَلَا أَدُلُّكُـمْ عَلَـى شَـيْءٍ إِذَا فَعَلْتُمُـــوهُ تَحَـــابَبْتُمْ؟ أَفْشُـــوا السَّـــلَامَ بَيْنَكُـــمْ

*"മുഅ്മിനുകളായിത്തീരുന്നതുവരെ നിങ്ങൾ സ്വർഗ്ഗത്തിൽ കടക്കുകയില്ല. പരസ്പരം സ്നേഹിക്കുവോളം നിങ്ങൾ മുഅ്മിനുകളായിത്തീരുകയില്ല. പരസ്പരം സ്നേഹിക്കാൻ കാരണമാകുന്ന ഒരു കാര്യം ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ? നിങ്ങൾക്കിടയിൽ പരസ്പരം സലാം പ്രചരിപ്പിക്കുക."**228

○ മുസ്ലിം ഉമ്മത്തിന്റെ വലിയൊരു മഹത്വമാണിത്. ഭാഷയുടെയോ ദേശത്തിന്റെയോ പണത്തിന്റെയോ പ്രതാപത്തിന്റെയോ മാപിനിവെച്ച് അളക്കാതെ, അറിയുന്നവർക്കും അറിയാത്തവർക്കുമൊക്കെ സലാംപറയാൻ, അത്

228. സ്വഹീഹുമുസ്ലിം.(54)

പ്രചരിപ്പിക്കാൻ, സർക്കുലേഷൻ നടത്താൻ, മുഴുവൻ അംഗത്തിനും സലാമിന്റെ'ഒരു കോപ്പി വരിചേർക്കാൻ' അല്ലാഹുവിങ്കൽനിന്ന് വഹ്‌യ് ലഭിക്കുന്ന നബി(ﷺ)യാണ് കൽപിച്ചത്. ആ നബിയെ സ്നേഹിക്കുന്നവർക്ക്, നബിയുടെ കൽപനക്ക് 'ബ്ലോക്കിടാൻ' ദുർന്യായങ്ങൾ ഒരുക്കിക്കൊടുക്കുന്ന പിശാചിന്റെ കെണിയിൽ അകപ്പെടാൻ പറ്റുമോ?

മുസ്‌ലിംകൾ പരസ്പരം സ്നേഹിക്കണമെന്നും അവർ പരസ്പരം സുഹൃത്തുക്കളാണെന്നും ഇസ്‌ലാം പഠിപ്പിച്ചു. പിശാച് നിങ്ങളുടെ ശത്രുവാണെന്നും അവനെ ശത്രുവായിത്തന്നെ നിങ്ങൾ കാണണമെന്നും അല്ലാഹു പറഞ്ഞു:

إِنَّ الشَّيْطَانَ لَكُمْ عَدُوٌّ فَاتَّخِذُوهُ عَدُوًّا.

*(സൂറതു ഫാത്വിർ.6)*

സലാം പ്രചരിപ്പിക്കാനുള്ള നബി(ﷺ)യുടെ കൽപന ഉൾക്കൊണ്ട അബ്ദുല്ലാഹിബ്

നിഉമർ(رضي الله عنه) സലാം പ്രചരിപ്പിക്കാൻ വേണ്ടി മാത്രം അങ്ങാടിയിലേക്ക് പോവാറുണ്ടായിരുന്നുവത്രെ!

ഒരു കച്ചവടാവശ്യവുമില്ലാത്ത താങ്കളെന്തിനാണ് അങ്ങാടിയിലേക്ക് പോവുന്നതെന്ന് ചോദിക്കപ്പെട്ടപ്പോൾ ഇബ്നുഉമറിന്റെ (رضي الله عنه) മറുപടി ഇപ്രകാരമായിരുന്നു:

إِنَّمَا نَغْدُو مِنْ أَجْلِ السَّلاَمِ، نُسَلِّمُ عَلَى مَنْ لَقِيَنَا

*"നാം പോകുന്നത് സലാം പറയാനാണ്. (അവിടെ)നമ്മെ കണ്ടുമുട്ടുന്നവർക്ക് സലാം പറയാൻ."**229

ഇതാണ് അഹ്ലുസ്സുന്നത്തിന് മാതൃക.

# ആരെങ്കിലും വല്ല നന്മയും ചെയ്തുതന്നാൽ.

ഇങ്ങനെ പ്രാർത്ഥിക്കുക

229. ഇമാംമാലിക്-മുവത്വ-2025(അബൂമിസ്അബ്.) ≫

جَزَاكَ اللهُ خَيْراً

*“അല്ലാഹു താങ്കൾക്ക് ഉത്തമമായ പ്രതിഫലം തരട്ടെ.”* *230

# ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിനെ പുകഴ്ത്തുകയാണെങ്കിൽ.

അബൂബകറ(رضي الله عنه)യിൽ നിന്ന് നിവേദനം:

“നബി(ﷺ)യുടെ അടുത്തുവെച്ച് ഒരാൾ മറ്റൊരാളെ പുകഴ്ത്തിപ്പറഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു:

وَيْلَكَ قَطَعْتَ عُنُقَ صَاحِبِكَ، قَطَعْتَ عُنُقَ صَاحِبِكَ

---

< അൽബാനി-സ്വഹീഹു അദബിൽമുഫ്റദ്.400

230. ഇബ്നുഹിബ്ബാൻ.3413, അൽബാനി-സ്വഹീഹു ത്തർഗീബ്.969

*“നാശം.! നീ നിന്റെ കൂട്ടുകാരന്റെ കഴുത്തുവെട്ടിയിരിക്കുന്നു. നീ നിന്റെ കൂട്ടുകാരന്റെ കഴുത്തുവെട്ടിയിരിക്കുന്നു.!”*

ശേഷം അവിടുന്ന് പറഞ്ഞു:

*“നിങ്ങളിലാര്‍ക്കെങ്കിലും മറ്റൊരാളെ പ്രശംസിച്ചേപറ്റൂ എന്നുണ്ടെങ്കില്‍ അവന്‍ ഇത്രമാത്രം പറഞ്ഞുകൊള്ളട്ടെ:*

أَحْسِــبُ فُــلاَنًا، وَاللَّهُ حَسِــيبُهُ، وَلاَ أُزَكِّــي عَلَــى اللَّهِ أَحَـدًا أَحْسِبُهُ كَـذَا وَكَـذَا. *231

*‘ഞാന്‍ അദ്ദേഹത്തെപ്പറ്റി വിചാരിക്കുന്നത് ഇങ്ങനെയാണ്. അല്ലാഹുവാണ് വിചാരണ നടത്തുന്നവന്‍. അല്ലാഹുവിന്ന് മുമ്പില്‍ ഞാന്‍ ഒരാളെയും വിശുദ്ധനായി ചിത്രീകരിക്കുന്നില്ല. പക്ഷെ, ഞാന്‍ അദ്ദേഹത്തെപ്പറ്റി മനസ്സിലാക്കുന്നത് ഇങ്ങനെയെ*

231. സ്വഹീഹുല്‍ബുഖാരി.2662

*ല്ലാമാണ്.''*

## വിശുദ്ധനായി ചിത്രീകരിക്കപ്പെടുമ്പോൾ ഒരു മുസ്‌ലിം പറയേണ്ടത്.

തന്നെ ആരെങ്കിലും വിശുദ്ധനായി ചിത്രീകരിക്കുന്നത് കേട്ടാൽ ഒരു മുസ്‌ലിം പറയേണ്ടത് ഇപ്രകാരമാണ്:

اللهُـــمَّ لَا تُؤَاخِـــذْنِي بِمَـــا يَقُولُـــونَ، وَاغْفِـــرْ لِي مَـــا لَا يَعْلَمُـــونَ، وَاجْعَـــلْنِي خَـــيْرًا مِمَّـــا يَظُنُّـــونَ.

*"അല്ലാഹുവേ, അവർ പറയുന്നതിന്റെ പേരിൽ നീ എന്നെ ശിക്ഷിക്കരുതേ. അവർക്കറിയാത്തതിന്റെ പേരിൽ നീ എനിക്ക് പൊറുത്തുതരേണമേ.അവർ ധരിച്ചുവെച്ചതിനെക്കാൾ ഉത്തമമായ ഒരവസ്ഥയിൽ നീ എന്നെ ആക്കേണമേ.''* *232

232. ബൈഹഖി-ശുഅബിൽഈമാൻ.4534, ബുഖാരി >

ം ദീർഘമായ ഒരു പുരുഷായുസ്സു മുഴുവൻ അല്ലാഹുവിന്റെ റസൂലിന്റെ സുന്നത്ത്-യഥാർത്ഥ ദീൻ-കൃത്യമായി പഠിച്ചെടുക്കാൻ വിനിയോഗിച്ച്, ജീവിതത്തിലുടനീളം അതാവാഹിക്കാൻ, അത് ദഅ്വത്തു നടത്താൻ പരിശ്രമിച്ച ഇക്കാലഘട്ടത്തിലെ മുഹെദ്ദിഥായ അല്ലാമാ അൽബാനി(رحمه الله)യെ ഒരു സദസ്സിൽ വെച്ച് അദ്ദേഹം പ്രതീക്ഷിക്കാതെ,ചിലർ പുകഴ്ത്തിപ്പറഞ്ഞപ്പോൾ അദ്ദേഹം കരഞ്ഞുകൊണ്ട് ഈ *ദുആ* നിർവഹിച്ചത് ഇവിടെ ഓർത്തുപോകുന്നു. അതേസമയം, ദീനിന്റെ അകക്കാമ്പ് മനസ്സിലായിട്ടില്ലാത്ത, പണ്ഡിതവേഷത്തിലുള്ള നമ്മുടെ നാട്ടിലെ ചിലർ, നോട്ടീസ് നൽകി ആളുക്കളൊരുക്കുന്ന ആദരിക്കൽ ചടങ്ങുകൾക്ക് ആവേശപൂർവ്വം ഇരുന്നുകൊടുക്കുന്നതും നാം കാണുന്നു! والله المستعان

< -അദബുൽമുഫ്റദ്.761, അൽബാനി-സ്വഹീഹ് അദബുൽമുഫ്റദ്.589

o ആളുകൾ നൽകുന്ന ആദരവുകൾ ആത്മാർത്ഥമായിരുന്നുവെങ്കിൽ അത് 'ദുനിയാവിനെ' കൂട്ടാതെ, വ്യക്തിയുടെ അഭാവത്തിലും നിർവഹിക്കാമല്ലോ.

# സഹോദരനുവേണ്ടി അഭാവത്തിലുള്ള പ്രാർത്ഥന.

നബി(ﷺ) ഇപ്രകാരം പറഞ്ഞത് അബുദ്ദർദാഅ്(رضي الله عنه) കേട്ടതായി ഉമ്മുദ്ദർദാഅ് ഉദ്ധരിക്കുന്നു:

إِذَا دَعَا الرَّجُلُ لِأَخِيهِ بِظَهْرِ الْغَيْبِ، قَالَتِ الْمَلَائِكَةُ: آمِينَ وَلَكَ بِمِثْلٍ.

*"ഒരാൾ തന്റെ സഹോദരനുവേണ്ടി അഭാവത്തിൽ ദുആ ചെയ്താൽ, മലക്കുകൾ പറയും: അല്ലാഹു നിന്റെ പ്രാർത്ഥന സ്വീകരിക്കട്ടെ. നിനക്കും അതുപോലെ ഉണ്ടാവട്ടെ."* *233 >>

# പാപമോചനവും തൗബയും.

1) നബി(ﷺ) പറയുന്നത് കേട്ടതായി ഇബ്നുഉമറി(رضي الله عنه)ൽനിന്ന് നിവേദനം:

يَا أَيُّهَا النَّاسُ، تُوبُوا إِلَى رَبِّكُمْ، فَإِنِّي أَتُوبُ إِلَيْهِ فِي الْيَوْمِ مِائَةَ مَرَّةٍ.

*"ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ റബ്ബിലേക്ക് ഖേദിച്ചുമടങ്ങുക. ഞാൻ ദിനേനെ നൂറു തവണ അവനിലേക്ക് ഖേദിച്ചുമടങ്ങാറുണ്ട്."**234

2) റസൂൽ(ﷺ) പറഞ്ഞതായി അബൂഹുറയ്റ(رضي الله عنه)യിൽനിന്ന് നിവേദനം:

*"അല്ലാഹു തന്റെ ദാസനോട് ഏറ്റവും*

233. സുനനുഅബീദാവൂദ്. 1534 അൽബാനി-സ്വഹീഹ് അബീദാവൂദ്.1373,

234. മുസ്നദ് അഹ്മദ്.17847,അൽബാനിയുടെ തഹ്ഖീഖ്(تحقيق) ഉള്ള-മിശ്കാത്ത്.2325

*അടുത്തുനില്‍ക്കുന്നത് രാത്രിയുടെ അന്ത്യ യാമങ്ങളിലാണ്. അതിനാല്‍, ആ സമയത്ത് അല്ലാഹുവിനെ സ്മരിക്കാന്‍ കഴിഞ്ഞാല്‍ നീ അത് ചെയ്തുകൊള്ളുക.”* *235

3) നബി(ﷺ) പ്രസ്താവിച്ചതായി അബൂഹുറയ്റ(رضي الله عنه)യില്‍നിന്ന് നിവേദനം:

أَقْرَبُ مَا يَكُونُ الْعَبْدُ مِنْ رَبِّهِ، وَهُوَ سَاجِدٌ فَأَكْثِرُوا الدُّعَاءَ.

*“ഒരാള്‍ തന്റെ റബ്ബുമായി ഏറ്റവും അടുത്തുനില്‍ക്കുന്നത് അവന്‍ സുജൂദിലായിരിക്കുമ്പോഴാണ്. അതിനാല്‍, സുജൂദില്‍ നിങ്ങള്‍ പ്രാര്‍ത്ഥന വര്‍ധിപ്പിക്കുക.”**236

---

235. തിര്‍മിദി.3579 അല്‍ബാനി–സ്വഹീഹുല്‍ജാമിഅ്. 1173

236. അബൂദാവൂദ്.875, അല്‍ബാനി–സ്വഹീഹ് അബീദാവൂദ്.819

# തസ്ബീഹ്, തക്ബീർ, തഹ്മീദ് എന്നിവയുടെ ശ്രേഷ്ഠത.

1) റസൂൽ(ﷺ) ഇപ്രകാരം പറഞ്ഞതായി അബൂഹുറയ്റ(رضي الله عنه)യിൽനിന്ന് നിവേദനം:

سبحان الله وبحمده *എന്ന് ആരെങ്കിലും ഒരു ദിവസം നൂറു തവണ ചൊല്ലിയാൽ അവന്റെ പാപങ്ങൾ-കടൽനുരയോളം ഉണ്ടായാലും- അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്.'* *237

2) നബി(ﷺ) പറഞ്ഞതായി അബൂഅയ്യൂബി ൽ(رضي الله عنه)നിന്ന് നിവേദനം:

لَا إِلَـهَ إِلَّا اللَّهُ وَحْـدَهُ لَا شَـرِيكَ لَـهُ، لَـهُ الْمُـلْكُ وَلَـهُ الْحَمْـدُ وَهُـوَ عَلَـى كُـلِّ شَـيْءٍ قَـدِيرٌ.

*എന്ന് ആരെങ്കിലും, പുലരുന്ന നേരത്ത്*

237. സ്വഹീഹുൽബുഖാരി.6405

*പത്തു തവണ ചൊല്ലിയാൽ അവന് ഇസ്മാഈൗൽ സന്തതികളിൽപെട്ട ഒരടിമയെ മോചിപ്പിച്ചതിന് തുല്യമായ പ്രതിഫലമുണ്ടായിരിക്കും. അവന്റെ 10 പാപങ്ങൾ പൊറുക്കപ്പെടുന്നതും 10 പദവികൾ ഉയർത്തപ്പെടുന്നതുമാണ്. വൈകുന്നേരം വരെ അവനത് പിശാചിൽനിന്നുള്ള സംരക്ഷണമായിത്തീരും. വൈകുന്നേരമാണ് (ചൊല്ലിയതെങ്കിൽ) പുലരുന്നതുവരെ അവന് പിശാചിൽനിന്ന് സംരക്ഷണം ലഭിക്കും.''** 238

3) 'റസൂൽ(ﷺ) പ്രസ്താവിച്ചതായി അബൂഹുറയ്റ(رضي الله عنه)യിൽനിന്ന് നിവേദനം:

سُبْحَانَ اللهِ وَبِحَمْدِهِ سُبْحَانَ اللهِ الْعَظِيم *എന്നത് നാവിന് പറയാൻ ഏറ്റവും ലളിതവും അന്ത്യനാളിൽ തുലാസിൽ ഏറെ ഭാരം തൂങ്ങു*

238 സുനനു അബീദാവൂദ്.5079 അൽബാനി-സ്വഹീഹ് ഇബ്നുമാജ.3867

*ന്നതും റഹ്മാനായ അല്ലാഹുവിന് ഏറെ ഇഷ്ടമുള്ളതുമായ രണ്ട് വചനങ്ങളാണ്.* *239

4) റസൂൽ(ﷺ) പറഞ്ഞതായി അബൂഹുറയ്റ (رضي الله عنه) പറയുന്നു:

سُـــبْحَانَ اللهِ، وَالْحَمْـــدُ لِلَّهِ، وَلَا إِلَـــهَ إِلَّا اللهُ وَاللهُ أَكْـــبَرُ.

എന്ന് പറയുന്നതാണ് സൂര്യന് താഴെയുള്ള എല്ലാ വസ്തുക്കളെക്കാളും എനിക്ക് പ്രിയങ്കരം.' *240

5) സഅദ് (رضي الله عنه) പറയുന്നു:

"*ഞങ്ങൾ റസൂൽ(ﷺ)യുടെ അടുത്തായിരിക്കെ അവിടുന്ന് ചോദിച്ചു: 'ദിനേനെ ആ*

239. സ്വഹീഹുൽബുഖാരി.6406

240. സ്വഹീഹ് ഇബ്നുഹിബ്ബാൻ.834, അൽബാനി-അത്തഅ്ലീഖാതുൽഹിസാൻ.2/213

*യിരം സുകൃതം പ്രവർത്തിക്കുന്നത് നിങ്ങളിലാർക്കെങ്കിലും കഴിയാതിരിക്കുമോ?'*

അപ്പോൾ ഒരാൾ ചോദിച്ചു:

*'നമുക്കെങ്ങനെ ദിനേനെ ആയിരം സുകൃതം ചെയ്യാൻ കഴിയും?'*

നബി(ﷺ) പറഞ്ഞു:

*'നൂറുതവണ سبحان الله എന്ന് ചൊല്ലുക. അതുമൂലം അവന് ആയിരം നന്മകൾ എഴുതപ്പെടുകയോ ആയിരം തിന്മകൾ മാപ്പാക്കപ്പെടുകയോ ചെയ്യുന്നതാണ്."**241

6) നബി(ﷺ) പറഞ്ഞതായി ജാബിർ(رضي الله عنه) ഇപ്രകാരം ഉദ്ധരിക്കുന്നു: *242 >

*"ആരെങ്കിലും سُبْحَانَ اللَّهِ العَظِيمِ وَبِحَمْدِهِ എന്ന് പറഞ്ഞാൽ അവനുവേണ്ടി സ്വർഗ്ഗത്തിൽ ഒരീത്തപ്പന നട്ടുപിടിപ്പിക്കപ്പെടുന്നതാണ്."*

---

241. ത്വബറാനി–അദ്ദുആ.1705, അൽബാനി–തഖ്‌രീജുൽകലിമിത്വയ്യിബ്.1/63

7) റസൂൽ (ﷺ) പറഞ്ഞതായി അബ്ദുല്ലാഹിബ്നി ഖൈസ്(رضي الله عنه) ഉദ്ധരിക്കുന്നു:

*'അബ്ദുല്ലാഹിബ്നി ഖൈസേ, സ്വർഗ്ഗത്തിലെ നിധികളിലൊന്നിനെപ്പറ്റി ഞാൻ പറഞ്ഞു തരട്ടെയോ?'*

*'അതെ'* – ഞാൻ പറഞ്ഞു.

*അവിടുന്ന് പറഞ്ഞു: താങ്കൾ*

لَا حَـوْلَ وَلَا قُـوَّةَ إِلَّا بِاللَّهِ എന്ന് ചൊല്ലുക.'' 243

8) മറ്റൊരു നബിവചനം:

سبحان الله، والحمد لله، ولا إله إلا الله، والله أكبر *എന്നിങ്ങനെ നാലെണ്ണമാണ് അല്ലാഹുവിന്ന് ഏറെ ഇഷ്ടപ്പെട്ട വചനങ്ങൾ. ഇവയിൽ ഏതുകൊണ്ട് തുടങ്ങിയാലും പ്രശ്നമില്ല.''* *244

9) ജാബിർ ബ്ൻ അബ്ദില്ലാഹ് (رضي الله عنه) പറ

< 242.തിർമിദി.3464, സ്വഹീഹുൽജാമിഅ്.6429

243. സ്വഹീഹുൽബുഖാരി.6610

244. സ്വഹീഹ് മുസ്ലിം.12(2137)

യുന്നു:

"നബി(ﷺ) ഇപ്രകാരം പറയുകയുണ്ടായി:

أَفْضَـلُ الـذِّكْرِ لَا إِلَـهَ إِلَّا اللَّهُ وَأَفْضَـلُ الـدُّعَاءِ الْحَمْـــدُ لِلَّهِ.

لا إله الا الله *എന്നതാണ് ഏറ്റവും ശ്രേഷ്ഠ മായ ദിക്ർ, 'الحمد لله' എന്നതാണ് ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥന.*" *245**

---

245. സുനനു ഇബ്നിമാജ.3800, അൽബാനി– സ്വഹീ ഹുൽജാമിഅ്.1104

** ഇതിന്റെ വിശദീകരണത്തിൽ, ശൈഖ്മുബാറക്പൂ രി, തുഹ്ഫതുൽഅഹ്വദിയിൽ രേഖപ്പെടുത്തുന്നത് നോക്കൂ:

لا إله الا الله എന്നതാണ് ഏറ്റവും ശ്രേഷ്ഠമായ ദിക്ർ എന്നുപറഞ്ഞതിന്റെ കാരണം, അതാണ് കലി മതുത്തൗഹീദ്. തൗഹീദിനോട് മറ്റു യാതൊന്നുംത ന്നെ സമമാവുകയില്ല. ഈമാനിന്നും കുഫ്റിന്നുമിട ക്കുള്ള 'ഡിവൈഡറാ'ണത്. അല്ലാഹുവിനോപ്പം ഖ >>

< ൽബിനെ ഒരുമിച്ചുനിർത്തുന്നതും മറ്റുള്ളവയെ മുഴുവൻ പുറംതള്ളുന്നതും അതാണ്.നഫ്സിനെ അതിന്റെ മ്ലേച്ഛതകളിൽനിന്ന് ശുദ്ധീകരിക്കുന്നതും അന്തരാളത്തെ വിമലീകരിക്കുന്നതും...പിശാചിനെ ഏറ്റവും വിരട്ടിയോടിക്കുന്നതും അതാണ്.

الْحَمْـــدُ لِلَّهِ എന്നതാണ് ഏറ്റവും ശ്രേഷ്ഠമായ ദുആ (دُعَاء) എന്നുപറഞ്ഞതിന്റെ കാരണം ഇതാണ്:

അല്ലാഹുവിനെ സ്മരിക്കുന്നതിനെ(ذِكْــرِ اللَّهِ)യും അവനോട് തന്റെ ആവശ്യം നിവർത്തിക്കുന്നതിനെയും പറ്റിയാണ് ദുആ എന്നുപറയുന്നത്. الْحَمْــدُ എന്നതിൽ ഈ രണ്ടുകാര്യങ്ങളുമടങ്ങിയിട്ടുണ്ട്. കാരണം, അല്ലാഹുവിനെ സ്തുതിച്ചവൻ അവന്റെ നിഅ്മത്തുകളുടെ പേരിലാണ് അവനെ സ്തുതിക്കുന്നത്. നിഅ്മത്തുകളുടെ പേരിൽ സ്തുതിക്കുകയെന്നാൽ അതിനർത്ഥം, കൂടുതൽ നിഅ്മത്ത് ആവശ്യപ്പെടുക എന്നാണ്. അതാകട്ടെ ശുക്റിന്റെ ശിരസ്സാണ്. അല്ലാഹു പറയുന്നു:

لَئِــنْ شَــكَرْتُمْ لَأَزِيــدَنَّكُمْ

“*നിങ്ങൾ ശുക്ർ ചെയ്യുന്നപക്ഷം, തീർച്ചയായും*

>>

10) لَا إِلَـهَ إِلَّا اللّٰهُ وَحْـدَهُ لَا شَـرِيكَ لَـهُ، لَـهُ الْمُلْـكُ وَلَـهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ *എന്ന് ആരെങ്കിലും ഒരു ദിവസം 100 തവണ ചൊല്ലിയാൽ അത് പത്ത് അടിമകളെ സ്വതന്ത്രരാക്കി വിട്ടതിന്ന് തുല്യമാണ്. അവന്ന് 100 പാപങ്ങൾ മായ്ക്കപ്പെടുന്നതും 100 നന്മകൾ രേഖപ്പെടുത്തപ്പെടുന്നതും വൈകുന്നേരം വരെ അത് പിശാചിൽ നിന്നുള്ള സംരക്ഷണമായിത്തീരുന്നതുമാണ്. അതിനേക്കാൾ കൂടുതൽ കൊണ്ടുവന്നവനല്ലാതെ അവനെക്കാൾ ശ്രേഷ്ഠനായി ആരുമു*

---

< *ഞാൻ നിങ്ങൾക്ക് (നിഅ്മത്ത്) വർധിപ്പിച്ചുതരുന്നതാണ്.''*

**اَلْحَمْـــــدُ لِلّٰهِ** എന്നത്, اهْـدِنَا الصِّـرَاطَ المستقيم എന്നതിലേക്കുള്ള വ്യംഗ്യമായ സൂചനയാവാനും സാധ്യതയുണ്ട്. അതിനെക്കാൾ ശ്രേഷ്ഠവും സമ്പൂർണവും സമഗ്രവുമായ വേറെ ഏതു *ദുആ* ആണുള്ളത്? മുല്ലാ അലി ഖാരിയുടെ മിർഖാതിലും മന്നാവിയുടെ ശർഹു ജാമിഇസ്വഗീറിലും ഇതുണ്ട്..

(തുഹ്ഫതുൽഅഹ്വദി.9/229)

*ണ്ടാവില്ല. ആരെങ്കിലും ഒരു ദിവസം 100 തവണ* سُبْحَانَ اللَّهِ وَبِحَمْدِهِ *എന്ന് ചൊല്ലിയാൽ അവന്റെ പാപങ്ങൾ കടൽനുരയോളമുണ്ടെങ്കിലും അത് പൊറുക്കപ്പെടുന്നതാണ്.''*

നബി(ﷺ) പ്രസ്താവിച്ചതായി സ്വഹീഹുമു *സ്ലിമിലെ രിവായത്താണിത്.* *246.

## خُطْبَةُ الْحَاجَةِ

നികാഹിന്റെയോ ജുമുഅയുടെയോ ഖുതുബയുടെ മാത്രമല്ല, ഏതൊരു ഖുത്വുബയുടെയും (പ്രസംഗത്തിന്റെയും) ആമുഖമായി ഉണ്ടായിരിക്കേണ്ടതാണ് *ഖുത്ബതുൽ ഹാജ.* വിശിഷ്യാ-ജുമുഅ ഖുതുബയിൽ. **നബി**(ﷺ) പറഞ്ഞതായി അബൂഹുറയ്റ (رضي الله عنه)യിൽനിന്നുദ്ധരിക്കപ്പെടുന്ന ഒരു ഹെദീഥിൽനിന്ന് ഇതിന്റെ പ്രാധാന്യം മനസ്സിലാക്കാം. നബി(ﷺ) പറയുന്നു:

246. സ്വഹീഹു മുസ്ലിം.28 (2691)

كُلُّ خُطْبَةٍ لَيْسَ فِيهَا تَشَهُّدٌ فَهِيَ كَالْيَدِ الجَذْمَاءِ.

*"തശഹ്ഹുദ് ഇല്ലാത്ത എല്ലാ ഖുത്വുബകളും മുറിക്കപ്പെട്ട കൈപോലെയാണ്.* *247

ഇവിടെ പഞ്ഞ തശഹ്ഹുദ് കൊണ്ടുള്ള ഉദ്ദേശ്യം, നബി(ﷺ) അനുചരന്മാരെ പഠിപ്പിക്കാറുണ്ടായിരുന്ന خُطْبَةُ الْحَاجَة *(ഖുത്വുബതുൽഹാജ)*യാണെന്നാണ് അല്ലാമാ അൽബാനി(رحمه الله) വിശദീകരിക്കുന്നത്.

ശേഷം അദ്ദേഹം പറയുന്നു:

"ഞാൻ നേരത്തെ സൂചിപ്പിച്ച പോലെ നബി(ﷺ) തന്റെ അനുയായികളെ പഠിപ്പിക്കാൻ ഏറെ ജിജ്ഞാസ കാണിച്ചിരുന്ന പ്രസ്തുത തശഹ്ഹുദ് കൊണ്ട് ആരംഭിക്കാത്തതായിരിക്കാം (ഇന്ന്)വിദ്യാർത്ഥികൾക്ക് ന

247.സുനനുഅബീദാവൂദ്.4841, സുനനുത്തിർമിദി.1106, അൽബാനി-സ്വഹീഹുൽജാമിഅ്.4520

ൽകപ്പെടുന്ന മിക്ക ക്ലാസുകളും പ്രഭാഷണങ്ങളും അവർക്ക് പ്രയോജനപ്പെടാതെ പോകാൻ കാരണം, അല്ലെങ്കിൽ ചുരുങ്ങിയപക്ഷം, അതിന്റെ കാരണങ്ങളിലൊന്ന്.”*248

خُطْبَةُ الْحَاجَة

إِنَّ الْحَمْـــــدَ لِلَّهِ نَحْمَــــدُهُ وَنَسْـــتَعِينُهُ وَنَسْـــتَغْفِرُهُ
وَنَعُـوذُ بِاللَّهِ مِـنْ شُـرُورِ أَنْفُسِـنَا
وَمِنْ سَيِّئَاتِ أَعْمَالِنَا ، مَنْ يَهْدِهِ اللَّهُ فَلاَ مُضِلَّ لَـهُ
وَمَنْ يُضْلِلْ فَلاَ هَادِيَ لَهُ ، وَأَشْهَدُ أَنْ لاَ إِلَهَ إِلاَّ اللَّهُ
وَحْدَهُ لاَ شَرِيكَ لَهُ ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ.
يَا أَيُّهَا الَّـذِينَ آمَنُـوا اتَّقُـوا اللَّهَ حَـقَّ تُقَاتِـهِ وَلاَ
تَمُـوتُنَّ إِلاَّ وَأَنْتُـمْ مُسْـلِمُونَ.
يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ
وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيرًا
وَنِسَاء وَاتَّقُواْ اللَّهَ الَّـذِي تَسَاءلُونَ بِـهِ وَالأَرْحَامَ إِنَّ

248. അൽബാനി-സിൽസിലതുസ്വഹീഹ.169

اللَّهَ كَـــانَ عَلَيْكُـــمْ رَقِيبًـــا.
يَا أَيُّهَـا الَّـذِينَ آمَنُـوا اتَّقُـوا اللَّهَ وَقُولُـوا قَـوْلاً سَـدِيدًا
يُصْلِحْ لَكُـمْ أَعْمَـالَكُمْ وَيَغْفِـرْ لَكُـمْ ذُنُـوبَكُمْ وَمَـنْ يُطِـعِ
اللَّهَ وَرَسُـــولَهُ فَقَـــدْ فَـــازَ فَـــوْزًا عَظِيمًـــا.
أما بعد فَإِنَّ خَيْرَ الْحَدِيثِ كِتَابُ اللَّهِ، وَخَيْرَ الْهَدْيِ
هَدْيُ مُحَمَّدٍ صَلَّى اللهُ عَلَيْهِ وَسَلَّمَ وَشَرَّ
الْأُمُورِ مُحْدَثَاتُهَا, وَكُلُّ مُحْدَثَةٍ بِدْعَةٌ وَكُلُّ بِدْعَةٍ
ضَلَالَةٌ وَكُلُّ ضَلَالَةٍ فِي النَّارِ.249

## സഭയുടെ പ്രായശ്ചിത്തം.

നബി(ﷺ) പറഞ്ഞതായി അബൂഹുറയ്റ യി(رضي الله عنه)ൽനിന്ന് നിവേദനം:

*“ആരെങ്കിലും ഒരു മജ്‌ലിസിലിരിക്കുകയും അങ്ങനെ അതിൽ പാപകരമായ വർത്തമാനങ്ങൾ അധികരിക്കുകയും ചെയ്താൽ അവിടെനിന്ന് എഴുന്നേൽക്കുന്നതി*

249. സുനനു ഇബ്നിമാജ.1892,അൽബാനി–خطبة الحاجة

ന്നു മുമ്പ് ഇപ്രകാരം ചൊല്ലിയാൽ ആ സദസ്സിൽനിന്ന് സംഭവിച്ച(പാപങ്ങൾ) പൊറുക്കപ്പെടാതിരിക്കില്ല.”

سُبْحَانَكَ اللهُمَّ وَبِحَمْدِكَ، أَشْهَدُ أَنْ لَا إِلَهَ إِلَّا أَنْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ.

“അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം ഞാൻ നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ ആരാധ്യനായിരിക്കാൻ അർഹനായി നീയല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ഞാൻ നിന്നോട് പാപമോചനംതേടുകയും നിന്നിലേക്ക് ഖേദിച്ചു മടങ്ങുകയുംചെയ്യുന്നു.” *250

وصلّى الله وسلّم وبارك على نبيّنا محمَّدٍ وعلى آله وأصحابه أجمعين

250. സുനനുത്തിർമിദി.3433, അൽബാനി–തഖ്രീജുൽകലിമിത്വയ്യിബ്.223

# പ്രാമാണികമായ പ്രാർത്ഥനകൾ

Hosted online
with the permission
from the author by:

ISLAMBOOKS.IN

For more books and articles visit
www.islambooks.in

«Back to Index